Date of publication: 9 ജൂലൈ 2017
വോള്യം 1 / ലക്കം 7 / വില 20₹
ISSN 2319 – 9741

# സംഘടിത

അന്വേഷി പ്രസിദ്ധീകരണം



## എഴുത്തവൾതുരുത്ത്

# സംഘടിത

സംഘടിത|ജൂലൈ 2017 |വോള്യം 1 |ലക്കം 7


കവർ ചിത്രം കടപ്പാട്: **ശാന്തിജയയുടെ**

***ലെമൺ ട്രീസ് ഇൻ എ ബേർണിംഗ് ഫോറസ്റ്റ്***



# എഴുത്തവൾതുരുത്ത്


6 ഭാഷയുടെ കടലിൽച്ചാടിയവരുടെ മാനിഫെസ്റ്റോ
**കവിത ബാലകൃഷ്ണൻ**

15 മന്ത്രവാദിനി
**ധന്യ എം.ഡി** (കവിത)

16 പെൺകവിത: വിത്തും പൂവും
**ജി.ഉഷാകുമാരി**

28 ഒരുവൾ പൈങ്കിളിപ്പെടുന്ന വിധം
**രമ്യ സഞ്ജീവ്** (കവിത)

29 അമ്മത്തരം
**ഗാർഗി** (കവിത )

30 കവിതയിലെ പെണ്ണൊച്ചകൾ
**വിജില ചിറപ്പാട്**

37 കവിത വരയ്ക്കുന്ന വിരലുകൾ
**വിജില ചിറപ്പാട്** (കവിത)

38 മൂന്നു കവിതകൾ
**ലിവിംഗ് സ്മൈൽ വിദ്യ**

42 മഴക്കൂരാപ്പ്
**കവിത ബാലകൃഷ്ണൻ**

43 രാഷ്ട്ര-തന്ത്ര-കവിതകൾ
**സംപ്രീത കെ**

44 നീട്ടിയെഴുത്തുകൾ: പെൺവൈകാരി കതയുടെ പരിണാമചരിത്രം
**സൗമ്യ പി.ആർ.**

51 തലയോട് കാണാൻ പോയ കുട്ടി
**പ്രഭാ സക്കറിയാസ്** (കവിത)

54 എഴുത്തവൾതുരുത്ത് - കവിതാസംവാദ ശകലങ്ങൾ
**ആശാലത**

60 നില
**സംപ്രീത** (കവിത)

**ഫോട്ടോ ഫീച്ചർ : എഴുത്തവൾതുരുത്തിലെ ചിത്രകാരികൾ**

59 വാസ്തവം
ഡോ.ജാൻസി ജോസ്

54 വഴിത്താരകൾ
ജാനകി

58 **പെൺപക്ഷം**
**കെ. അജിത**

61 ശാസ്ത്രം
സീമ ശ്രീലയം



**എഡിറ്റർ**:ഡോ. ഷീബ കെ.എം. **മാനേജിംഗ് എഡിറ്റർ**:കെ.അജിത **എക്സി. എഡിറ്റർ**:ഡോ. ജാൻസി ജോസ്, **ഗസ്റ്റ് എഡിറ്റർ** :ധന്യ എം.ഡി. **പത്രാധിപ സമിതി**: രാജലക്ഷ്മി കെ.എം., ജ്യോതി നാരായണൻ, ഡോ. മിനി പ്രസാദ്, ഡോ. പി. ഗീത, ഡോ.ഖദീജ മുംതാസ്, ഡോ. സുനീത ടി.വി., അഡ്വ.കെ.കെ. പ്രീത, ഷീബാ ദിവാകരൻ, ഡോ. ഷംഷാദ് ഹുസൈൻ, സുൽഫത്ത്, ചാരുലത എ.എസ്., അമീറ വി.യു, ഡോ.ഷർമ്മിള.ആർ, സോണിയ ജോർജ്, മിനി സുകുമാർ **ഉപദേശകസമിതി** : സുഗതകുമാരി, പ്രൊഫ. എം. ലീലാവതി, ഡോ. ശാരദാമണി, ഡോ. മല്ലികാസാരാഭായ്, ഡോ. ബീനാപോൾ **ലേഔട്ട് & കവർ** :സുവിജ കെ., **വെബ്സൈറ്റ്** : വസന്ത പി. **പ്രിന്റിംഗ്** : ഏ-വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370

sanghadithacalicut@gmail.com, anweshicalicut@gmail.com www.anweshi.org www.sanghaditha.com

# മുഖപ്രസംഗം



ഷീബ കെ.എം.

ജുനൈദ് എന്ന പതിനാറുവയസ്സുകാരൻ ഹിന്ദുത്വത്തിന്റെ ഹിംസയാൽ നിഷ്ഠുരമായി കൊല്ലപ്പെട്ടതിന്റെ ഞെട്ടൽ നമ്മെ വിട്ടുമാറാതെ പിന്തുടരുന്നു. എവിടെ ചെറുക്കണം, എങ്ങനെ തോൽപിക്കണമെന്നറിയാതെ വേരുറച്ചുകൊണ്ടിരിക്കുന്ന ഫാഷിസത്തെ നേരിടാൻ സിവിൽസമൂഹം പാടുപെടുന്നു.സാമാന്യയുക്തികളേയും വാദഗതികളേയും നിസ്സാരവൽക്കരിക്കുന്ന തരത്തിൽ ലളിതവും എന്നാൽ അങ്ങേയറ്റം കഠിനവുമായാണ് ഹിന്ദുത്വം പ്രയോഗത്തിലാവുന്നത്. ബീഫ് കൈവശം വെച്ചെന്നാരോപിച്ചും പശുവിനെ തള്ളിമാറ്റിയെന്നാക്രോശിച്ചുമൊക്കെ ആക്രമണങ്ങൾ ക്കാഹ്വാനമുണ്ടാവുമ്പോൾ ജൂതഹത്യാ സന്ദർഭങ്ങളെ ഭയത്തോടെ ഓർമ്മിക്കേണ്ടി വരുന്നു. എവിടെയാണ് ഈ കഠിന കാലത്ത് നാം പോംവഴികൾ തേടേണ്ടത് എന്ന് സഗൗരവം ആലോചിക്കേണ്ടതുണ്ട്.

ഇടവപ്പാതിമഴയിൽ പനിച്ചുതുള്ളി എത്രയോ ജീവിതങ്ങൾ പെയ്തൊഴിയുന്നു.സർക്കാർ ഇടപെടുകയും ആരോഗ്യസംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ടെന്ന് അവകാശപ്പെടുമ്പോഴും സ്വന്തം ജീവിതസാഹചര്യങ്ങൾക്ക് മാറ്റമില്ലാതെ ഭേദപ്പെട്ട ആരോഗ്യാവസ്ഥകളിലേക്ക് ഉയരാനാവാതെ തളരുകയാണ് വലിയൊരു ജനവിഭാഗം. ഇടുങ്ങിയ പുരയിടങ്ങളിൽ വലിയ കുടുംബങ്ങൾ തിങ്ങി ജീവിക്കുകയും കുടിവെള്ളലഭ്യതയും ശരിയായ അഴുക്കുചാൽ പദ്ധതികളും ഇല്ലാതിരിക്കുകയും ചെയ്യുന്നിടത്തോളം കാലം സാംക്രമികരോഗങ്ങളിൽ നിന്നും ജനങ്ങൾക്ക് മുക്തിയില്ലതന്നെ.നാഗരികജീവിതത്തിന്റെ അടിസ്ഥാന ജീവിതപ്രശ്നങ്ങൾ 'മെട്രോ'കേരളത്തിൽ അനുദിനം ദയനീയമായി വെളിപ്പെട്ടുകൊണ്ടിരിക്കയാണ്.

വൈപ്പിൻ പ്രദേശം വീണ്ടും വാർത്തകളിൽ ഇടം പിടിക്കുകയാണ്. വർഷങ്ങൾക്ക് മുൻപ് നടന്ന മദ്യദുരന്തത്തിനും കൂടെക്കൂടെ ഉയർത്തപ്പെടുന്ന കുടിവെള്ളപ്രശ്നത്തിനും അപ്പുറം ഇന്ന് ഈ പ്രദേശം ജീവിതസമരങ്ങളുടെ ശക്തമായ ഭൂസ്ഥാനമായി മാറിയിരിക്കുകയാണ്.ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഇവിടെ സ്ഥാപിക്കാൻ ഒരുങ്ങുന്ന പ്ലാന്റ് ജനജീവിതത്തിന് മേലുള്ള തികഞ്ഞ കടന്നുകയറ്റമാണ്. 'വികസന'ത്തിന്റെ വില കൊടുക്കേണ്ടിവരുന്നത് അതിന്റെ ഗുണഭോക്താക്കളാവാൻ സാധ്യതയില്ലാത്ത ജനവിഭാഗങ്ങളാവുന്നതിലെ പ്രതിഷേധം എറണാകുളം കണ്ടെയ്നർ ടെർമിനൽ റോഡിനു വേണ്ടി നടന്ന കുടിയൊഴിപ്പിക്കലിനെതിരെ ഉയർന്ന മൂലംപള്ളിസമരത്തിലും നാം കണ്ടതാണ്. വൈപ്പിനിൽ സ്ത്രീകളും കുട്ടികളും തെരുവിലിറങ്ങി സധൈര്യം പൊരുതിനിൽക്കുന്ന ചിത്രം വർഗ്ഗസമരവക്താക്കളെ ലജ്ജിപ്പിക്കേണ്ടതാണ്. എന്നാൽ പകരം അധികാരോപകരണമായ പോലീസിനെ ഉപയോഗിച്ച് പ്രക്ഷോഭകരെ തല്ലിചതച്ച് സ്ത്രീകളെയും കുട്ടികളെയും തെരുവിലൂടെ വലിച്ചിഴച്ച് ജനവിരുദ്ധതയ്ക്ക് ആക്കം കൂട്ടുകയാണ് ഭരണകൂടം.മുതലാളിത്തവികസനത്തിന്റെ പേരിൽ നടത്തുന്ന ഇത്തരം കൈയേറ്റങ്ങളുടെ 'കൂടെയുണ്ട് സർക്കാർ ' എന്നത് അത്യന്തം പ്രതിഷേധാർഹമാണ്.

നടി ആക്രമിക്കപ്പെട്ട സംഭവം 'അമ്മ' എന്ന സിനിമാസംഘടനയുടെ മാതൃസംരക്ഷണമാതൃകയുടെ പൊള്ളത്തരങ്ങൾ തുറന്നു കാട്ടുന്നു. ഒരു സംഘടനയ്ക്ക് എല്ലാ അംഗങ്ങളും ഒരുപോലെയാണെന്നും ഒരാൾക്കെതിരെ മറ്റെയാളെ നിർത്താനാവില്ലെന്നുമൊക്കെ പറയുന്നത് നിലനിൽക്കുന്ന അധികാര ബന്ധങ്ങളെ (status quo) അതേപടി നിലനിർത്തിക്കൊണ്ട് ജനാധിപത്യവൽക്കരണനിലപാടുകളോട് പുറം തിരിഞ്ഞു നിൽക്കുക തന്നെയാവുന്നു. ചലച്ചിത്രനിർമ്മാണരംഗത്തെ കടുത്ത സ്ത്രീവിരുദ്ധതകളെയും ലൈംഗികാതിക്രമങ്ങളെയും ചെറുക്കാൻ പുതുതായി രൂപം കൊണ്ട 'വിമൻ ഇൻ സിനിമ കലക്ടീവി 'ന്റെ ഇടപെടലുകൾ ശക്തമാവുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

സ്വന്തമായൊരു ഇടത്തെ സങ്കല്പിച്ച വർജീനിയ വൂൾഫിൽ നിന്നുമൊക്കെ പ്രചോദനം ഉൾക്കൊണ്ട് സ്ത്രീകൾ അനവധിയായ വെല്ലുവിളികളെ നേരിട്ട് സ്വന്തം എഴുത്തിടങ്ങൾ സൃഷ്ടിക്കാൻ പരിശ്രമിച്ചിട്ടുണ്ട്. ഗുണമേൻമാവാദവും സർഗ്ഗശേഷിയുടെ ആൺമാനകങ്ങളും പെണ്ണെഴുത്തുകളെ നിരന്തരം പ്രാന്തവൽക്കരിക്കുമ്പോഴും പുത്തൻ അതിജീവനമാർഗ്ഗങ്ങൾ ഊർജസ്വലതയോടെ രൂപം കൊള്ളുന്നു. തിരുവല്ലയിൽ കൂടിച്ചേർന്ന 'എഴുത്തവൾ തുരുത്ത് ' എന്ന കൂട്ടായ്മയുടെ പൊരുളും ഭാവവും ഈ തുടർച്ചകളുടെ അടയാളപ്പെടുത്തലുകളാണ്. കവിതാ ക്യാമ്പ് എന്ന കേവല കൂടിച്ചേരലിൽ നിന്ന് വ്യത്യസ്തമായി സർഗ്ഗാത്മകതയുടേയും ആത്മബന്ധങ്ങളുടേയും നൂതനനിർവചനങ്ങൾ തീർക്കുന്ന അനുഭവമായിരുന്നു 'എഴുത്തവൾതുരുത്ത്' എന്ന് അതിന്റെ സംഘാടകയും കവിയുമായ ധന്യ എം.ഡി. അതിഥിപത്രാധിപയായ ജൂലൈ മാസം സംഘടിത സാക്ഷ്യപ്പെടുത്തുന്നു. വായനക്കാർക്കിത് സ്നേഹത്തോടെ സമർപ്പിക്കട്ടെ.

# അതിഥിപത്രാധിപക്കുറിപ്പ്



ധന്യ എം.ഡി.

എല്ലാക്കാലത്തും എല്ലായിടത്തും അൽഭുതത്തോടെയും തെല്ല് സംശയത്തോടെയും മാത്രം സമീപിക്കപ്പെട്ടിട്ടുള്ള ഒന്നാണ് പെണ്ണിന്റെ സർഗ്ഗാത്മകത. നിലവിലെ പുരുഷാധിപത്യ വ്യവസ്ഥകളെ കോരിത്തരിപ്പിക്കുന്നവയാണെങ്കിൽ മാത്രം അവ നീണ്ട കയ്യടികളോടെയും ആരവങ്ങളോടെയും സ്വീകരിക്കപ്പെട്ടു.

അല്ലാത്തവയൊക്കെ ഭ്രാന്തെന്നോ നില തെറ്റിയവളുടെ കെട്ടഴിഞ്ഞ വികാരങ്ങളെന്നോ അസംബന്ധങ്ങളെന്നോ വ്യാഖ്യാനിക്കപ്പെട്ടു. പെണ്ണെന്നാൽ ഉടൽ മാത്രമല്ലെന്നും ഉയിരും വിചാരങ്ങളുമുള്ള ,അന്തസ്സും ആത്മാഭിമാനവുമുള്ള ഒരു വ്യത്യസ്ത ജൈവലോകമാണെന്ന് വിളിച്ചു പറയാനുള്ള ശ്രമങ്ങളായിരുന്നു അവയെല്ലാം.

ആണിന്റെ സർഗ്ഗാത്മക വ്യവഹാരങ്ങളെല്ലാം ആഘോഷങ്ങളാകുകയും പെണ്ണിന്റേത് കുറ്റവിചാരണകൾക്ക് പാത്രമാവുകയും ചെയ്തു കൊണ്ടേയിരിക്കുന്നു. ഇതിനൊക്കെ ബദലായി പലകാലങ്ങളിൽ പലയിടത്തും പെൺസർഗ്ഗാത്മകതയും സമരവീര്യവും ചേർന്ന് സാഹോദര്യ സമൂഹങ്ങൾ ഉണ്ടാകാൻ ശ്രമങ്ങൾ നടന്നിട്ടുണ്ട്. അവയുടെയൊക്കെ തുടർച്ച തന്നെയാണ് എഴുത്തവൾത്തുരുത്ത് .

മലയാളത്തിൽ സർഗ്ഗാത്മക രചനകൾ നടത്തുന്ന സ്ത്രീകളുടെ സ്വതന്ത്രമായ ഒരു കൂട്ടായ്മയായാണ് തുടക്കത്തിൽ ആലോചിച്ചിരുന്നതെങ്കിലും സാധ്യമായ എല്ലാത്തരം പ്രതിനിധാനങ്ങളും ഉൾപ്പെടുത്തി പെൺപക്ഷം എന്ന കേവലാർത്ഥത്തിനുപരിയായി സർഗ്ഗാത്മകതയുടെ 'ലിംഗപലമ ' എന്നതാണ് എഴുത്തവൾത്തുരുത്തിന്റെ പ്രാഥമിക ലക്ഷ്യങ്ങളിലൊന്ന്. സമകാലിക സാമൂഹ്യ രാഷ്ട്രീയ മാറ്റങ്ങളെ പ്രതി പൊതുവായ കാഴ്ച്ചപ്പാടുകൾ പങ്കു വെയ്ക്കുന്ന ഒരു കൂട്ടമാണിത്.

കഴിഞ്ഞ ഒരു വർഷത്തിനു മേലായി ഗാർഗിയുമായി പലപ്പോഴായി നടത്തിയ ഫോൺ സംഭാഷണങ്ങളിൽ കവിത തന്നെയായിരുന്നു പ്രധാന വിഷയം. കവിത എന്ന മൂല്യമേറിയ സാംസ്കാരിക ഇടത്തിലെ പെണ്ണിന്റെ ഇടപെടലുകൾ. കവിതയുടെ ആണാഘോഷ ഇടങ്ങളിലെല്ലാം പെണ്ണ് വാലറ്റക്കാരിയാകുന്നതും സമകാലിക മലയാള കവിതാ നിരൂപണ പഠനക്കുറിപ്പുകളിലടക്കം എന്നു 'തുടങ്ങിയവർ'എന്ന പേരിലേക്ക് ചുരുക്കപ്പെടുന്നതും ഒക്കെ ഞങ്ങൾക്കിടയിൽ ചർച്ചയായി. ഞങ്ങളോടൊപ്പം കവിത എഴുതുന്ന പലരെയും പേരിനോ അവരുടെ രചനകൾക്കോ അപ്പുറം കാര്യമായി അറിയില്ലെന്നതും കാര്യമായ ഒരു അടുപ്പം പലർക്കുമിടയിൽ ഇല്ല എന്നതും ഒരു പുതിയ അറിവായിരുന്നു. കൂടിയിരിക്കാനും ആശയങ്ങൾ പങ്കു വെയ്ക്കാനും സ്വതന്ത്രമായി ഇട പെടാനും സ്ത്രീകൾക്കു മാത്രമായി ഒരിടം ഇല്ലാത്തതിന്റെ ഫലമാണിതെന്ന തിരിച്ചറിവും അത്തരം സാധ്യതകളെപ്പറ്റിയുള്ള ആലോചനകളുമാണ് എഴുത്തവൾ ത്തുരുത്തിലേക്ക് നയിച്ചത്.

തിരുവല്ല കൊമ്പാടി യൂഹാനോൻ മർത്തോമ സ്റ്റഡി സെന്ററിൽ വെച്ച് മെയ് 19 മുതൽ 21 വരെ നടന്ന എഴുത്തവൾതുരുത്ത് എല്ലാ അർത്ഥത്തിലും ഗംഭീരവിജയമായിരുന്നു. പെൺ എന്ന നിലയിൽ സ്വന്തം സർഗ്ഗാത്മക ജീവിതത്തെപ്പറ്റി പറയാനും അതിന്റെ ആനന്ദങ്ങളിൽ അഭിരമിക്കാനും കിട്ടിയ ദിവസങ്ങൾ. പലപ്പൊഴും ഔപചാരികതയിൽ നിന്ന് തെന്നിമാറിയ ചർച്ചകൾ. പെൺ സർഗ്ഗാത്മകതയുടെ സാമൂഹ്യരാഷ്ട്രീയ മാനങ്ങളെ പറ്റിയുള്ള ഗൗരവമാർന്ന ചർച്ചകൾ തന്നെയായിരുന്നു അവ. മറ്റിടങ്ങളിൽ കാണും പോലെ ഞാൻഭാവമോ വാക്കുപോരുകളോ ഇല്ലാതെ പരസ്പരം കേൾക്കാനുള്ള കൊതിയോടെയും ക്ഷമയോടെയും പരസ്പരം അംഗീകരിക്കാനുള്ള മനോഭാവത്തോടെയുമുള്ള ക്യാമ്പ് അംഗങ്ങളുടെ സമീപനം പെണ്ണിടങ്ങളുടെ മാത്രം അടയാളമായി.

ജി. ഉഷാകുമാരി, വിജില ചിറപ്പാട്, ആശാലത, കവിത ബാലകൃഷ്ണൻ എന്നിവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. ലിവിംഗ് സ്മൈൽ വിദ്യ സ്വന്തം കവിതകളും ജീവിതവും അവതരിപ്പിച്ചത് വിസ്മയകരമായ അനുഭവമായിരുന്നു. അതൊക്കെയും സംഘടിതയുടെ ഈ സ്പെഷൽ പതിപ്പിൽ ഉൾപ്പെടുത്താൻ കഴിഞ്ഞതിൽ അതിയായ ചാരിതാർത്ഥ്യമുണ്ട്. ക്യാമ്പിൽ പങ്കെടുത്ത എല്ലാവരും വ്യക്തമായ സാമൂഹ്യ രാഷ്ട്രീയ നിരീക്ഷണങ്ങളും അഭിപ്രായങ്ങളുമുള്ള കരുത്തുറ്റ സ്ത്രീകളായിരിക്കെ ക്യാമ്പിനെപ്പറ്റിയുള്ള അവരുടെ അനുഭവക്കുറിപ്പുകളും രചനകളും ചിത്രങ്ങളും ഈ പതിപ്പിനെ സമ്പന്നമാക്കുന്നു. ക്യാമ്പ് അംഗങ്ങളുടെ കവിത ചൊല്ലൽ വീഡിയോയിൽ റെക്കോർഡ് ചെയ്യാൻ കഴിഞ്ഞത് എഴുത്തവൾത്തുരുത്തിന്റെ തുടർപ്രവർത്തനങ്ങളുടെ സാർത്ഥകമായ തുടക്കമായി. എല്ലാത്തിനും സഹായിച്ച ഡൈനാമിക് ആക്ഷൻ സംഘത്തിന് ഹൃദയം നിറഞ്ഞ നന്ദി.

എല്ലാത്തരം ആനന്ദങ്ങളെയും എല്ലാ ന്യൂനപക്ഷങ്ങളെയും പതുക്കെപ്പതുക്കെ മായ്ച്ചു കളയാനും വൈവിദ്ധ്യങ്ങളെ അപ്പാടെ പിഴുതെറിയാനുമുള്ള ശ്രമങ്ങൾക്കിടയിൽ ലിംഗപലമയുടെയും സാമൂഹ്യ വൈവിധ്യത്തിന്റെയും മഴവിൽക്കൂട്ടമായി മാറാൻ എഴുത്തവൾത്തുരുത്തിന് കഴിയുമെന്ന പ്രത്യാശയോടെ .....

ലിംഗപലമ എന്ന വാക്കിന് കവിത ബാലകൃഷ്ണനോട് കടപ്പാട്:



കവിത ബാലകൃഷ്ണൻ

# ഭാഷയുടെ കടലിൽച്ചാടിയവരുടെ മാനിഫെസ്റ്റോ

സംഘടിത മുൻകൈ എടുക്കുന്ന 'എഴുത്തവൾ തുരുത്ത്' ആണ് ഈ ലേഖനത്തിന്റെ സന്ദർഭം. ജീവിതത്തിന്റെ സമസ്തതുറകളിലും സ്ത്രീകൾ ധാരാളമായിട്ടും സമ്മിശ്രമായ ലൈംഗികപൗരത്വങ്ങളുള്ളവർ പ്രത്യേകിച്ചും തങ്ങളുടെ സാന്നിദ്ധ്യം തെളിയിക്കുന്നതായി വകയിരുത്തപ്പെടുന്ന കാലമാണ്. കലയുടെയും സാഹിത്യത്തിന്റെയും ഭാഗമായിട്ടുകൂടി വ്യവഹരിക്കപ്പെടുന്ന 'സർഗ്ഗാത്മകത'യിലും ഇവരുടെ പങ്കാളിത്തം ശക്തിപ്പെടുന്നു. ഈ മണ്ഡലത്തിൽ ഇവിടെയിനി ലിംഗവിവേചനം അനുഭവത്തിലുണ്ടോ എന്നൊരു ചോദ്യം തന്നെ ഈയിടെ ധാരാളമായി ഉയരുന്നുണ്ട്. മലയാള ഭാഷയിൽ രാഷ്ട്രീയ ശരികളുടെ പുതിയ പദങ്ങളും അങ്ങിങ്ങ് ഇപ്പോഴും ഉയരുന്നു. 'എഴുത്തുകാരൻ / എഴുത്തുകാരി എന്നല്ല, 'എഴുത്താൾ' എന്നുപയോഗിക്കുന്നവരുണ്ട്.

ലൈംഗികാധികാരത്തിന്റെ ഒരു മുഖ്യ ഘടകമാണ് ഭാഷ. സർഗ്ഗാത്മകതയെക്കുറിച്ച് ചിന്തിക്കുമ്പോൾ ഭാഷയിലെ പങ്കാളിത്തം നിർമ്മിക്കുക, പങ്കുവയ്ക്കുക അനുവദിക്കുക, തടയുക തുടങ്ങിയവയാണ് ആധിപത്യശീലങ്ങളുടെ ഒരു



മുഖമുദ്ര. വിനിമയങ്ങൾ നിർമ്മിച്ചവർ വിവേചനപൂർവ്വം ഏർപ്പെടുത്തിയ ക്രമമാണ് ഭാഷ. സർഗ്ഗാത്മകത എന്നത് വിവേചനരഹിതമായ ഒന്നാണെന്നുതന്നെ വയ്ക്കുക. എങ്കിൽ അത് പ്രവർത്തിക്കുന്നത് പലതരം അനുഭൂതികളുടെയും ഭാഷകളുടെയും ഒരു വൻകടലിലായിരിക്കും. അതിൽ എഴുത്താൾ ചാടിയാലും സഹൃദയരുടെ സമൂഹം ചാടുന്നുണ്ടോ? സർഗ്ഗാത്മകമെന്ന് മനസ്സിലാകുന്നുണ്ടോ കണ്ണെത്താത്തതും കാണുന്നതുമായ ഓരോരോ ഭാഷകളെ ? അരികുകളിൽ തങ്ങി, മൂക്കറ്റം മണക്കുന്നവയെ? മാറുന്ന ആശയങ്ങൾ കൊണ്ട് നൃത്തം വയ്ക്കുന്ന വാക്കുകളും കാഴ്ചയും ഉടലുകളും? വീരാൻകുട്ടിയുടെ കവിതയിൽ പറയുമ്പോലെ ഭാഷയുടെ ഗർഭായശയത്തിലെ വെറും തുള്ളികൾ, അതിൽ നമ്മൾ വർണ്ണമത്സ്യമായ് നീന്തുന്നുണ്ടോ?

അനുഭവങ്ങളെ രൂപപ്പെടുത്തുന്നതിൽ ഒരാളുടെ ആന്തരികശേഷിക്ക് വലിയ സ്ഥാനമുണ്ട്. പക്ഷേ ആ ആന്തരികതയെ നിർമ്മിച്ച് നിയന്ത്രിക്കുന്ന വ്യവസ്ഥകൾക്ക് അതിലേറെ വലിയ പങ്കുണ്ട്. സ്വന്തം ശീലം /അഭിരുചി വച്ചുകൊണ്ടാണ് നമ്മൾ സ്ഥാപനങ്ങളും അതനുസരിച്ചുള്ള അഭിരുചികളുടെ ചരിത്രജീവിതവും കലയെ കാണാനിഷ്ടപ്പെടുന്നത്, തങ്ങളുണ്ടാക്കി നിലവിൽ വരുത്തിയ സമ്പ്രദായങ്ങളുടെ തുടർച്ചയാണ് അതെന്ന നിലയിൽ മാത്രമാണ്. ആ സമ്പ്രദായങ്ങളിൽ അനിഷേധ്യമായ പ്രതിഭയിലേക്കുള്ള സ്വാഭാവികമായ അർഹത കൂടുതലായും ഉന്നതലിംഗപദവിയുള്ളവനും ഉന്നതജാതിക്കാർക്കും  ലഭിച്ചതാണ്.

ഇന്നിപ്പോൾ ഏതുതരം ലൈംഗികതയിൽ തങ്ങളുടെ പൗരാനുഭവവും ശരീരവും കേന്ദ്രീകരിച്ചവർക്കായാലും, അവരുടെ അനുഭൂതികളോട് സത്യസന്ധമാകുംവിധമൊരു ജീവിതം കണ്ടെത്തേണ്ടത് ഇത്തരമൊരു ചരിത്രത്തിലാണ് എന്ന് പ്രാഥമികമായി കാണേണ്ടതുണ്ട്. അതുകൊണ്ടുതന്നെ, 'താൻ എന്തല്ല', 'താൻ എന്തല്ല' എന്ന് വ്യവസ്ഥയിൽ തർക്കങ്ങൾ ഉയർത്തിക്കൊണ്ടാണ് 'ഇത് ഞാനാണ്' 'ഇത് ഞാനാണ്' എന്ന് ആർക്കും  ലോകത്തെ അനുഭവിക്കാൻ കഴിയുന്നത്. അതിനാൽ സർഗ്ഗാത്മകത തർക്കോത്സുകമായ ഒരു



ഒരു കലാസൃഷ്ടി കാണുന്നതും, മറ്റൊന്ന് നോക്കാൻ പോലും മെനക്കെടാതെ ഇരിക്കുന്നതും. അതായത് ഇപ്പറഞ്ഞ എല്ലാ പരീക്ഷണങ്ങളും ചിന്തകളും നടക്കുന്നത് / നടക്കാൻ സാധ്യതയെങ്കിലും ഉള്ളത് ലിംഗവിവേചിതമായ അനുഭവങ്ങൾ സൃഷ്ടിച്ച ഭാഷയ്ക്കും ശീലങ്ങൾക്കും  ഒരു കുറവുമില്ലാത്ത ഒരു സമൂഹത്തിലാണ്. പട വെട്ടുന്ന 'ലിംഗപലമ'യുടെ (diversity of sexualities) ആവിഷ്കാരങ്ങൾ, പുതിയ ഭാഷകൾ, അവയുടെ വഴിക്ക് ഒരു രാഷ്ട്രീയമായി ഇന്ന് ഒട്ടൊക്കെ മനസ്സിലാക്കപ്പെടുന്നുണ്ടെങ്കിലും, ഇപ്പോഴും തികച്ചും പ്രാബല്യത്തിലിരിക്കുന്ന ആധിപത്യവാസനകളുടെ ലൈംഗികാധികാരവും പരീക്ഷണശാലയാണ്. 'ഇത് ഞാനാണ്' എന്ന്, ആത്മാവിഷ്കാരമായി ഒരാൾ ലോകത്തെ അനുഭവിക്കുന്നതാണ് കല എന്ന് ആ അർത്ഥത്തിലാണ് മനസ്സിലാക്കാൻ കഴിയുക. ഒരുതരം യുദ്ധമായതുകൊണ്ടുതന്നെ ആത്യന്തിക നിഷ്ഫലതയിലാണ് ആധുനികാർത്ഥത്തിൽ കല പ്രവർത്തിക്കുന്നതും.

**സുൻസിയുടെ നിയമപുസ്തകം പറയുന്നത്**

ബിസി അഞ്ചാം നൂറ്റാണ്ടിലെ ചൈനീസ് മിലിട്ടറി നിയമപുസ്തകമായിരുന്നു 'യുദ്ധത്തിന്റെ കല'. അതെഴുതിയ ആൾ സുൻസി എന്നറിയപ്പെടുന്നു. യുദ്ധത്തിന്റെ സർഗ്ഗാത്മകതയെക്കുറിച്ച് സുൻസി (Sun Tzu)

ഇങ്ങനെ എഴുതുന്നു.

"അന്ന് നമ്മളെല്ലാവരും കടലിൽ ആയിരുന്നു. എല്ലാം ഇന്നലെ കഴിഞ്ഞപോലെ തോന്നുന്നു. ജീവി വംശങ്ങൾ, ലൈംഗികത, വർഗ്ഗങ്ങൾ: അന്ന് ഇപ്പറയുന്നവ ഒന്നുംതന്നെ എന്തെങ്കിലും അർത്ഥമുള്ള കാര്യങ്ങൾ ആയിരുന്നില്ല. രക്ഷിതാക്കളില്ല , കുട്ടികളില്ല, വെറുതെ, നമ്മൾ മാത്രം. വിഭജിക്കാനാകാത്ത സാഹോദര്യം, ഉന്മേഷമുള്ളത്, നനവുള്ളത്, ഒന്ന് മറ്റൊന്നിൽ നിന്നും വേർതിരിക്കാനാകാത്തത്, അത്യുദാത്തമാം വിധം ഒരു വിവേചിക്കാനാകായ്മ, നാനാവിധമായ ഒരു സങ്കരം. തലമുറകൾ ഇല്ല, ഭാവിയും ഭൂതവുമില്ല. ഉള്ളത് അനന്തമായ ഒരു ഭൂഭാഗമാണ്. സൂക്ഷ്മമായ കണികകളിൽ മിടിക്കുന്ന പരിമാണങ്ങളാണ്, പരസ്പരം ഇടപെടുന്ന ചേർപ്പുകളാണ്, തൂവിപ്പോകലുകളാണ്, യോജിപ്പുകളാണ്. അവ നമ്മിലൂടെ നെയ്തുപോകുന്നവയാണ്. വിധേയപ്പെടാതെ, അനാവശ്യമായി, അശ്രദ്ധമായി, അലക്ഷ്യമായി, ശ്രമകരമായി ഓരോരുത്തരും പരസ്പരം വട്ടമിടുവിച്ചു കൊണ്ട് നമ്മുടെ മടക്കുകൾ, മടങ്ങലുകൾ, പെരുകലുകൾ, പെരുക്കലുകൾ, ആവർത്തിക്കൽ, പുനരാവർത്തിക്കൽ നടക്കുന്നു. നമുക്ക് നിർവചനങ്ങൾ ഉണ്ടായിരുന്നില്ല. അർത്ഥകല്പനയും. ഓരോ മുഹൂർത്തത്തിലും നമ്മൾ ആയിരിക്കുന്നത് എന്താണോ അതുതന്നെയാണ് നമ്മൾ. സ്വതന്ത്ര വ്യാപാരങ്ങൾ, ഭംഗിയായി ട്യൂൺ ചെയ്ത സൂക്ഷ്മവിശകലനങ്ങൾ. അതിർത്തികളും വരമ്പുകളുമൊന്നും ആലോചിക്കേണ്ടതില്ലാത്ത ബഹുരൂപിയായ കൈമാറ്റങ്ങൾ. ആശ്രയിക്കാൻ ഒന്നുമില്ലായിരുന്നു. ഒന്നും ഗ്രഹിക്കാനുമില്ലായിരുന്നു. ഒന്നിനെയും സംരക്ഷിക്കാനില്ല, ഒന്നും നമ്മെ സംരക്ഷിക്കാനുമില്ല. അന്തർ ഭാഗവും ബഹിർഭാഗവും എന്നൊന്നും ഇല്ല. അത്തരം കാര്യങ്ങളൊന്നും നമ്മൾ ചിന്തിച്ചില്ല. നമുക്ക് ചിന്ത തന്നെയില്ല. എല്ലാം എടുക്കാവുന്ന വിധം അവിടെയുണ്ടായിരുന്നു. പിന്നീട് നമ്മൾ 'വർഷം' എന്ന് വിളിച്ച ദശലക്ഷക്കണക്കിനു കാലങ്ങൾ ഇങ്ങനെയായിരുന്നു. അതൊന്ന് ഓർത്താൽ നമ്മൾ പറഞ്ഞേനെ, കാര്യങ്ങളെല്ലാം അങ്ങനെയങ്ങ് പോയാൽ മതിയായിരുന്നുവെന്നു.

അങ്ങനെയിരിക്കെ നമുക്കിടയിലെന്തോ സംഭവിച്ചു. കാലാവസ്ഥ മാറി. നമുക്ക് ശ്വസിക്കാൻ കഴിഞ്ഞില്ല. ആകെ മരവിച്ചുപോയി. നമ്മൾ തൊട്ടതെല്ലാം വിഷമായി. നമ്മുടെ കടൽമേഖലകൾ നിറയെ കൊടും വിഷവാതകങ്ങൾ പരന്നു. ചിലർ പറഞ്ഞു, നമ്മൾ തന്നെയാണ് ഇതൊക്കെ കൊണ്ടുവന്നതും. നമ്മൾ ചെയ്തതൊക്കെ തിരിച്ചടിക്കുന്നു. നമ്മൾ പ്രകോപിപ്പിച്ച് വരുത്തിയ ഒരു അപകടം നമ്മുടെ പരിസ്ഥിതിയെ അലങ്കോലമാക്കി. അതോടെ ചതിയെപ്പറ്റിയും അട്ടിമറികളെപ്പറ്റിയും ഊഹങ്ങൾ പരന്നു. അന്യഗ്രഹജീവികളുടെ മന്ത്രണങ്ങളെപ്പറ്റിയും.

ഈ വിച്ഛേദത്തെ കുറച്ചുപേരേ അതിജീവിച്ചുള്ളൂ. ഒരുവിധം കടന്നുകൂടുന്നവർ പോലും ഒന്ന് മരിച്ചുകിട്ടിയെങ്കിൽ എന്നാഗ്രഹിച്ചു. മുമ്പൊന്നും ചിന്തിക്കാൻ പറ്റാതിരുന്നവിധം, നമ്മൾ പരസ്പരം തിരിച്ചറിയാനാകാത്ത വിധം ഉൾപ്പരിവർത്തനം നടത്തപ്പെട്ടവരായി. നമുക്ക് ഗ്രഹിക്കാൻ ആകാത്തവിധം സങ്കീർണ്ണമായ ഏതൊക്കെയോ ക്രമങ്ങളുടെ ഉള്ളിൽ ഇരിക്കുന്ന ഘടകങ്ങൾ മാത്രമായി നമ്മൾ. നമ്മൾ ആ ക്രമങ്ങളുടെ പരാദങ്ങളായിരുന്നോ? അതോ ക്രമങ്ങൾ നമ്മുടെയോ? രണ്ടുവിധത്തിലും, നമ്മൾ നമ്മുടെ തന്നെ തടവുകളുടെ ഭാഗമായിരിക്കുന്നു. എല്ലാ അർത്ഥത്തിലും നമ്മൾ അപ്രത്യക്ഷരായി.

സൂക്ഷ്മമായി, സൂക്ഷ്മമായി, അവർ

**വിധേയപ്പെടാതെ, അനാവശ്യമായി, അശ്രദ്ധമായി, അലക്ഷ്യമായി, ശ്രമകരമായി ഓരോരുത്തരും പരസ്പരം വട്ടമിടുവിച്ചു കൊണ്ട് നമ്മുടെ മടക്കുകൾ മടങ്ങലുകൾ പെരുകലുകൾ പെരുക്കലുകൾ ആവർത്തിക്കൽ പുനരാവർത്തി ക്കൽ നടക്കുന്നു. നമുക്ക് നിർവചനങ്ങൾ ഉണ്ടായിരുന്നില്ല. അർത്ഥകൽപ്പനയും. ഓരോ മുഹൂർത്തത്തിലും നമ്മൾ ആയിരിക്കുന്നത് എന്താണോ അതുതന്നെയാണ് നമ്മൾ.**

അദൃശ്യരായിരിക്കുന്നു

അദ്ഭുതകരം, അദ്ഭുതകരം, അവർ നിശബ്ദരായിരിക്കുന്നു, അങ്ങനെ അവർ അവരുടെ ശത്രുക്കളുടെ 'വിധി' ആയിരിക്കുന്നു.

രണ്ടായിരത്തി അഞ്ഞൂറ് വർഷം മുമ്പത്തെ യുദ്ധതന്ത്ര പുസ്തകത്തിലെ അക്കാല വിവരണം എത്രമേൽ ഇന്നത്തെ ഒരു അനുഭവമാണ് എന്ന് നോക്കുക. നിർവചനങ്ങളും അർത്ഥകല്പനകളുമാവശ്യമായപ്പോൾ തന്നെ വിവേചനവും ചിന്തയും തുടങ്ങി. ഭാഷ തുടങ്ങി. ഭാഷയ്ക്കു മുമ്പുള്ള നിഷ്പക്ഷത

വിവേചനരഹിതമായ ഒന്നാണ്. പക്ഷേ ഭാഷയുണ്ടായതിനു ശേഷം, 'നമ്മൾ നമ്മുടെ തന്നെ തടവുകളുടെ ഭാഗമായിരിക്കുന്ന'തിനാൽ ഭാഷ കൊണ്ടെന്നത്തേക്കാൾ അതിന്റെ ക്രമങ്ങളിലുള്ള നിയന്ത്രണാതീതത്വം കൊണ്ടേ എന്തെങ്കിലും ലിംഗവിവേചനരഹിതമായ ഒന്നിലെയ്ക്ക് എത്താനാകൂ.

ആണധികാരവ്യവസ്ഥയിൽ ഭാഷ ഒരു സുനിശ്ചിത ക്രമം ആണ്. ഏകതാനമായി അനുസരിക്കേണ്ടത്. എന്നാൽ ഇന്ന് ഭാഷയിൽ പ്രയോഗസംബന്ധിയായ പലതരം 'അതി-ക്രമങ്ങൾ' കാണാം. യുണീക്കോഡിൽ വരുന്ന തെറിച്ച ചില്ലക്ഷരം, ഒരാൾ വരുത്തുന്ന ഒരു 'ടൈപ്പിംഗ് തെറ്റ്', ഭാഷാ പണ്ഡിതരൊന്നുമല്ലാത്ത ആരൊക്കെയോ എളുപ്പത്തിനുവേണ്ടി കണ്ടെത്തുന്ന ചുരുക്കെഴുത്ത് പിന്നെ ഒരു ശീലമാകുന്നത്, തുടങ്ങി പലതും. വായിക്കുന്നവരുടെ കണ്ണ് തങ്ങൾ ശീലിച്ച ഏതോ സംശോധന ക്രമം വച്ച് തെറ്റിനെ ശരിപ്പെടുത്തി വായിക്കുന്നതും , തെറ്റുകളെ ക്ഷമിച്ചു വായിക്കുന്നതും എല്ലാം ഇന്നത്തെ വിനിമയങ്ങളുടെ പൊതുവായ അനുഭവമാണ്. ഇതുവരെ നമ്മൾ പരിചയിച്ച ലിപി-ഭാഷാരീതികൾക്കെല്ലാം മുകളിലൂടെ മനുഷ്യർ പല സാഹചര്യങ്ങളിൽ വരയ്ക്കുന്ന കരകുര ആകുന്നു ഡിജിറ്റൽ ലോകം. ഈ സംസ്കാരം ക്രമാതീതമായ ക്രമങ്ങളുടെതാണ്. ഇവിടെ മനുഷ്യർ ഭാഷയുടെ കടലിൽച്ചാടുകയാണ്. ഇവിടെ ആണധികാരവ്യവസ്ഥയോട് മാത്രമായിട്ടല്ല കലാപം. അതുകൊണ്ടുതന്നെ അതിന്റെ തുടർച്ചയിൽ വരുത്തുന്ന രാഷ്ട്രീയ ശരിപ്പദം തീരെച്ചെറിയ ഒരു സംവാദമേ ആകുന്നുള്ളൂ. അത് അപ്രസക്തമെന്നല്ല.പക്ഷേ അനുഭവം കൊണ്ട് ജീവിതത്തിന്റെ വ്യവസ്ഥകളെ മനസ്സിലാക്കി, പുതിയതൊന്ന് സൃഷ്ടിച്ച് മുറിച്ചുകടക്കാവുന്ന ക്രമാതീതഭാഷയുടെ ഒരു വലിയ സങ്കേതലോകം തുറക്കുകയാണ് വേണ്ടത്. യാഥാർത്ഥ്യത്തിനു പകരംവയ്ക്കുകയാണെന്ന അവകാശവാദമില്ലാത്ത, എന്നാലത് പലവിധത്തിൽ വിനിമയം ചെയ്യാനാകുന്ന, അതിലളിതമായ കോഡുകളാണ് ഉണ്ടാകുന്നത്. ഒരൊറ്റ ഇമോട്ടിക്കോൺ കൊണ്ട് ഏറെ വാക്കുകളെയും, അതിലേറെ പ്രവൃത്തികളെയും മുറിച്ചുകടക്കുന്ന ഒരു ഫാന്റസി സൗകര്യം ഇന്നുണ്ട്. പക്ഷേ പ്രൗഢമായ ഉപന്യാസങ്ങളും, വിശദീകരണങ്ങളും പോലെ കേന്ദ്രസ്ഥായിയുള്ളതല്ല, ഇമോട്ടിക്കോൺ ഒരു നിസ്സാരവസ്തുവാണ്. ചാറ്റിംഗ് ആവേശിക്കുന്ന ഒരു തലമുറയുടെ കുറച്ചുകാലത്തിന്റെ ആവേശമാണിതെന്ന് ഒരുപക്ഷേ ശുദ്ധപ്രയോഗങ്ങളിൽ തൽപ്പരരായ അക്ഷര-വാക്-ക്രമങ്ങളുടെ വക്താക്കൾ പറയുമായിരിക്കും. പക്ഷേ യഥാർത്ഥ്യം കാഴ്ചവച്ച് ഫാന്റസി നിർമ്മിക്കുന്നതിന്റെ ഏകാന്തതയെക്കാൾ നല്ലത്, എല്ലാം ഒരുമിച്ച് തലങ്ങും വിലങ്ങും വിനിമയം ചെയ്യാൻ കഴിയുന്ന ലളിതമായ കോഡുകൾ നിർമ്മിക്കലാണെന്ന് 'ലിംഗപലമർക്ക്' അവരുടെ ജീവിതസമരങ്ങളിൽ നിന്ന് അറിയാം.

അപ്പോൾ ലിംഗപലമയുടെ പരീക്ഷണശാലയിൽ, എന്താണ് കലയെന്നാൽ, യഥാർത്ഥത്തിൽ ചോദിക്കുന്നത്, എന്താണ് ഒരു വിനിമയം വഴി അനുഭവത്തിലാകുന്ന ഹൈപ്പർലിങ്ക് എന്നാണ്.

**കല എന്ന ഹൈപ്പർ ലിങ്ക്**

നോർവേക്കാരിയായ ഒരു കലാകാരിയുണ്ട്. ഗിറ്റെ സാർത്ര്. അവർ കുറച്ചു വർഷങ്ങളായി ചെയ്തുകൊണ്ടിരിക്കുന്ന ഒരു പ്രകടനകലയുണ്ട്. Woman Cleaning എന്നാണ് പല സന്ദർഭങ്ങളിൽ അവർ ചെയ്ത ആ പ്രകടനത്തിന്റെ പേര്. Woman Cleaning Shame, (Oslo 2014), Woman Cleaning Growth 2017, Woman Cleaning National



Identity (Hardanger 2014), Woman Cleaning Law & Order, Woman Cleaning Tanks Military Base in Israel, Woman Cleaning the Land of Israel എന്നിങ്ങനെ. തൂത്തുതുടയ്ക്കൽ, ലളിതമായ ഒരു കോഡ് ആണ്. നൂറ്റാണ്ടുകൾ നീണ്ട ഗൃഹാന്തരവല്ക്കരണത്തിന്റെ നിത്യാവർത്തനം, ഓരോരോ ഇടങ്ങളിൽ ചെയ്യുന്ന തീരാത്ത ക്രമപ്പെടുത്തൽ, താൻ ആമഗ്നമാകുന്ന ഒരു പ്രവൃത്തിയുടെ ചെറുമാത്ര നീണ്ടുനില്ക്കുന്ന ഫലം. വൃത്തിയാക്കൽ എന്നത് ഏതൊരു സന്ദർഭ ത്തിലും അതിന്റെ അപരമായിട്ടും മുന്നോടിയായിട്ടും സൂചിപ്പിക്കുന്നത് പൊടി / ചളിയുടെ സാന്നിദ്ധ്യമാണ്. ആ അർത്ഥത്തിൽ ഗെറ്റെയുടെ Woman Cleaning എന്ന ഒരു പദ്ധതി

എന്തൊക്കെയോ പൊടി / ചളിയുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നു. ഗെറ്റെയുടെ പെർഫോർമൻസിന്റെ വീഡിയോ സിരീസ് കാണിക്കുന്നത് നിരന്തരം ഒരേ ശ്രദ്ധയോടെ എന്തും വൃത്തിയാക്കുന്ന ഒരാളെയാണ്. സ്ത്രീയെയാണ്. നിരന്തരം വീട് വൃത്തിയാക്കുന്ന വീട്ടമ്മയുടെ ബോധം ഉള്ളിൽ വഹിക്കുന്ന ഗെറ്റെയെന്നും പറയാം. ഗൃഹാന്തർഭാഗം വൃത്തിയാക്കുന്ന തന്റെ ശ്രദ്ധയെ, കൈ ചലനത്തെ, ഗെറ്റെ വീട്ടിനു പുറത്തെ പലയിടത്തേക്കും വ്യാപിപ്പിക്കുന്നു. നോർവേയുടെ ദേശീയപതാക ചുരുട്ടിപ്പിടിച്ചുകൊണ്ട് അർദ്ധചന്ദ്രാകൃതിയിൽ ചലിക്കുന്ന ഒരു കൈ. അതിനെ ഒരു ചിഹ്നം ആക്കി വികസിപ്പിക്കുകയാണ് ഗെറ്റെ. പതാകത്തുണി പിടിച്ച അവരുടെ കൈയും 'വൃത്തിയാക്കപ്പെടുന്ന' പലവിധ രാഷ്ട്രീയ വസ്തുക്കളുമായി ഒരു പ്രത്യേക വിധത്തിൽ സഹജമായ ഒരു ബന്ധം കിട്ടും വിധം ഏകാഗ്രമായി ക്യാമറ കേന്ദ്രീകരിക്കുന്നു. പക്ഷേ വീഡിയോയിൽ ഗെറ്റെയും അവർ വൃത്തിയാക്കുന്ന രാഷ്ട്രീയ പ്രതീകവസ്തുവുമായി (ദേശീയത വഹിക്കുന്ന കെട്ടിടങ്ങൾ, മണ്ണ്, യുദ്ധടാങ്ക് തുടങ്ങി എന്തും) ചിലപ്പോഴെല്ലാം വലിയ അകലമുണ്ടെന്നു കാണാം. അപ്പോൾ അവർ ഒരു നർത്ത കിയെപ്പോലെയാകുന്നു.

ഇവിടെ തന്റെ ജീവിതത്തിന്റെ ആന്തരിക ക്രമം അറിഞ്ഞ ഒരുവൾ, തന്റെ ആ ഭാഷയിൽ എടുക്കപ്പെടുന്ന ഒരു വീഡിയോയിൽ, ഒരു ക്യാമറ അതിസൂക്ഷ്മമായി ഒരിടത്ത് വയ്ക്കുകയാണ്. ആ ക്യാമറ വയ്പ്പ്, ഭാഷയുടെ ഉൾക്രമം അറിയുന്നതിന്റെ സൂചനയാണ്. വൃത്തിയാക്കുന്ന സ്ത്രീയും ഭരണകൂട ഘടനയുമായി അടുപ്പമാണോ അകലമാണോ എന്ന് ഉറപ്പിക്കാനാകാത്ത ഒരു ബന്ധം. അത് കാണിയെയും ബാധിക്കുന്നു. സംശയാലുവായി അയാൾ ഒന്നുകൂടി സൂക്ഷിച്ചുനോക്കുമ്പോൾ കാണാം, ക്യാമറ ഇടം മാറിയിരിക്കുന്നു!. തുടയ്ക്കുന്ന കൈ ഇപ്പോൾ ഒരു രാഷ്ട്രീയമായ ഒരു ചത്വരത്തിൽ, അല്ലെങ്കിൽ ഒരു സ്മാരകമകുടത്തിൽ, ശരിക്കും തുണിയോടിച്ചുകൊണ്ടിരിക്കുന്നു എന്നും കാണും.

ഗൃഹസ്ഥകൾ വീടു വൃത്തിയാക്കലുകളുടെ 'തമ്പുരാട്ടിമാരും ഉത്തരവാദികളും' ആയിട്ടാണല്ലോ അറിയപ്പെടുന്നത്. വിവേചിത ലിംഗജീവിതത്തിന്റെ ഒന്നാന്തരം ഒരു ഇരയാണ് ഈ ഗൃഹസ്ഥ എന്ന് സ്ത്രീവാദലോകത്തിന്റെ എഴുത്തും കലഹവും ഉടൽ വ്യവഹാരങ്ങളും ഇതിനോടകം എത്രയോ തവണ സൂചിപ്പിച്ചിരിക്കുന്നു. അതേസമയം തന്നെ നിരന്തരമായ വിധേയത്വത്തിന്റെ, ശാരീരികവും അതിനാൽ ബൗദ്ധികവുമായ ബലഹീനതകളുടെ, പല പാഠങ്ങൾ തുടരേണ്ടവളാണ് സ്ത്രീയെന്നു ഫലിപ്പിക്കാനുള്ള (മത-ഭരണകൂട) ശക്തികളും വളരെ ഉത്സാഹത്തിൽ നിലവിലുണ്ട്. ഇതിനിടയിൽ,

**ഇവിടെ തന്റെ ജീവിതത്തിന്റെ ആന്തരിക ക്രമം അറിഞ്ഞ ഒരുവൾ, തന്റെ ആ ഭാഷയിൽ എടുക്കപ്പെടുന്ന ഒരു വീഡിയോയിൽ, ഒരു ക്യാമറ അതിസൂക്ഷ്മമായി ഒരിടത്ത് വയ്ക്കുകയാണ്. ആ ക്യാമറ വയ്പ്പ്, ഭാഷയുടെ ഉൾക്രമം അറിയുന്നതിന്റെ സൂചനയാണ്. വൃത്തിയാക്കുന്ന സ്ത്രീയും ഭരണകൂട ഘടനയുമായി അടുപ്പമാണോ അകലമാണോ എന്ന് ഉറപ്പിക്കാനാകാത്ത ഒരു ബന്ധം. അത് കാണിയെയും ബാധിക്കുന്നു.**

വിവേചനരഹിതമായ ഒരു പൗരജീവിതത്തിന്റെ ഇടമാണ് വീട് എന്ന ആ മനോഹരവും സർഗ്ഗാത്മകവുമായ ആദർശം ഉണ്ടായത് തീർച്ചയായും ഒരു പ്രതിരോധത്തിന്റെ ഉപകരണമായാണ്. കാരണം ലിംഗവിവേചനമില്ലാത്ത ഒരു പ്രവൃത്തിയായി ഒരാൾക്ക് സർഗ്ഗാത്മകതയിലേക്ക് വെറുതെയങ്ങു കടന്നിരിക്കാനാവില്ല, അത് സഹജബോധത്തോടെ ആകേണ്ടതുണ്ട്. യുദ്ധപുസ്തകത്തിൽ സാൻസു പറയുമ്പോലെ 'എല്ലാം നമ്മിലൂടെ നെയ്തുപോകണം. അതാണ് ഏറ്റവും ഉന്നതമായ പ്രതിരോധം.

ഞാൻ ഗെറ്റെയുടെ ഒരു കലാപ്രവർത്തനത്തെപ്പറ്റി ഇവിടെ പറഞ്ഞത്, അവരുടെ ഒരു കലാപദ്ധതിയുടെ പ്രത്യേകതയെന്ന നിലയ്ക്ക് മാത്രമല്ല, ഇന്നത്തെ ലോകകലാവ്യവഹാരത്തിലെ തന്നെ ചിഹ്നഭാഷയിലെ പ്രാഥമികവും ലളിതവുമായ നാനാതരം കണ്ടെത്തലിന്റെ മുഹൂർത്തങ്ങളിൽ ഒന്നിനെ സൂചിപ്പിക്കാനാണ്.

എങ്ങനെയാണ് ഈ ലോകത്ത് കാര്യങ്ങൾ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത് എന്നതിനെക്കുറിച്ച് എന്തെങ്കിലുമൊക്കെ മനസ്സിലാകും എന്ന പ്രതീക്ഷയുള്ളവളാണ് ഗെറ്റെയുടെ 'വികസനത്തെ വൃത്തിയാക്കുന്നവൾ'. ഏതെങ്കിലും വ്യവസ്ഥയുടെ ഇരയല്ല. ചരിത്രപരമായി ഓരോ മനുഷ്യനും തങ്ങളുടെ ലിംഗപദവികൊണ്ട് ആർജ്ജിക്കുന്ന ചില ശേഷികളുണ്ട്. കാരണം ആലോചിക്കും മുമ്പേ ഒരാൾ ചെയ്തുപോകുന്നതുമായതിനാൽ 'സഹജം' എന്നുപോലും തോന്നും വിധം പരിചിതമായ

പ്രവൃത്തികൾ. പക്ഷേ അവയിൽ ഈ ലോകത്തുള്ള അപരിചിതമായ എന്തിലേക്കും പായിക്കാവുന്ന ലിങ്കുകൾ ഉണ്ട്. ജീവിതത്തിലെ ആർജ്ജിതമായ ഈ ലളിതചിഹ്നങ്ങൾ കണ്ടെത്തുന്നതോടെ അവയുടെ പരീക്ഷണാത്മക കൂട്ടിചേർപ്പുകൾ കൊണ്ടും പെരുക്കം കൊണ്ടും ആശയസംവേദനത്തിന്റെ (ഭാഷയുടെയും) കടലിലേയ്ക്ക് ഒരാൾ ചാടുന്നു. അയാൾ ഏതൊരു സ്ഥിരവ്യവസ്ഥയുടെയും (ഗെറ്റയുടെ കാര്യത്തിൽ ഇവിടെ നോക്കിയാൽ 'കലാകാരി', ഗൃഹസ്ഥ, നോർവേക്കാരി, തുടങ്ങി ഒന്നിന്റെയും) ഇരയല്ലാതാകുന്നത് അപ്പോഴാണ്. കാരണം ആർജ്ജിത ജ്ഞാനത്തിന്റെ ചിഹ്നം, അതിന്റെ വീട്ടുക്രമങ്ങളിൽ ഒതുക്കി നിർത്താതെ, അതടക്കം പല തരം ആധിപത്യക്രമങ്ങളുടെ ചളികളിലേയ്ക്ക് കടത്തിവിടുക. അതുവരെ ഒരു ലിങ്കുമില്ലാതെ നിന്ന പലതിനെയും ഒരു അദൃശ്യലിങ്കിൽ ആക്കുക എന്ന പ്രവൃത്തിയാണ് അവർ ചെയ്യുന്നത്.

ഫലത്തിൽ അവർ വീടോ നാടോ വൃത്തിയാക്കിയില്ല. അവർ പുരുഷാധിപത്യ മാതൃകകളിൽ – രാഷ്ട്രനിർമ്മാണത്തിലോ യുദ്ധത്തിലോ ആയുധവ്യാപാരത്തിലോ മതവ്യാപാരത്തിലോ തന്റെ ഊർജ്ജം ഉപയോഗിച്ച് പണിഎടുത്തില്ല. മറിച്ച് അതിൽ പണിയെടുക്കുന്നത് പോലെ തോന്നിക്കുന്ന ചില പ്രവൃത്തികൾ സ്വരൂപിക്കുന്നു. ആ പ്രവൃത്തി ഒരു വിർചൽ ആക്റ്റ് ആകുന്നു. ഒരു ഹൈപ്പർ ലിങ്ക് ആകുന്നു. ഈ ലോകത്ത് പെണ്ണിന്റെ ആർജ്ജിതജ്ഞാനം, ഇങ്ങനെ, ഒരു കംപ്യൂട്ടർ പ്രോഗ്രാം പോലെ അദൃശ്യമാണ്. പക്ഷേ അവ ചലിപ്പിക്കുന്ന യന്ത്രങ്ങൾ അനവധിയാണ്.



പലപ്പോഴും പുരുഷാധിപത്യപരമായി വികസിച്ച ഒരു ലോകത്ത് 'വികസനം' എന്താണെന്ന് ചർച്ച ചെയ്യാനും അത് വാക്ക്-ഭാഷാരൂപത്തിൽ വിനിമയം ചെയ്യാനും സഹജമായി (ചരിത്രപരമായി ആവർത്തിച്ചതിനാൽ ശീലമായത് എന്നർത്ഥത്തിൽ) ശീലിച്ചതിന്റെ ചരിത്രം സ്ത്രീയ്ക്കില്ലായിരിക്കാം. അറിവുൽപ്പാദനത്തിന്റെ അതിരുകളിൽ സംഭവിക്കുന്നതെന്ത് എന്നു പക്ഷേ അറിയാം. അതിരുകളിൽ നിറയെ ഹൈപ്പർടെക്സ്റ്റുകളാണ്. ഭരണകൂട സഹായത്തോടെ ഡിജിറ്റൽ വിഭവശേഷിയിൽ കോർപ്പറേറ്റ് ഉടമസ്ഥാവകാശങ്ങൾ നിക്ഷേപിച്ച് ഡിജിറ്റൽ അറിവുൽപ്പാദനത്തെ ഇന്ന് പലരും കയ്യടക്കാൻ ശ്രമിക്കുന്നെങ്കിലും ഡിജിറ്റൽഭാഷ അടിസ്ഥാനപരമായി കേന്ദ്രസ്ഥായികൾ ഇല്ലാത്തവയാണ്. പ്രാധാന്യത്തിന്റെ അധികാരക്രമങ്ങൾ ഇല്ലാത്തവ.

ഡിജിറ്റൽ കാലഘട്ടത്തിന്റെ ഉപകരണങ്ങൾ നമുക്കിടയിൽ സംസ്കാരത്തിന്റെ ഭാഗമാകുന്നത് വിവേചനം കുറഞ്ഞ ഒരു സമൂഹമായി നമ്മൾ മാറിക്കഴിഞ്ഞെന്നു ഏറെക്കുറെ തോന്നുന്ന കഴിഞ്ഞ

ഒരു ദശകത്തിലാണ്. അപ്പോഴേക്കും സ്ത്രീ ശാക്തീകരണ പ്രസ്ഥാനങ്ങൾ ഭരണകൂട തലം മുതൽ താഴേത്തട്ടിൽ വരെ വ്യാപകമായിരിക്കുന്നു. ഡിജിറ്റൽ ലോകം ശക്തിപ്പെടും മുമ്പേ തന്നെ നമുക്കിടയിൽ സ്ത്രീവാദം ഒക്കെ വന്നുകഴിഞ്ഞിരിക്കുന്നു. (വ്യതിരിക്തമായ ഭാഷകൾ നിർമ്മിക്കുന്ന സ്ത്രീ ആകട്ടെ പ്രാചീന സംസ്കാരങ്ങളുടെ തുടക്കത്തിലെ ഉണ്ടായിരുന്നു.) പക്ഷേ ഡിജിറ്റൽ ലോകത്ത് സ്ത്രീകൾക്ക് പറയത്തക്ക വൈക്ലബ്യങ്ങൾ കൂടാതെ സ്വച്ഛന്ദമായി ഇന്ന് വിഹരിക്കാൻ കഴിയുന്നത് വിവേചന രഹിതമായ ഒരു ലോകം ഉള്ളതുകൊണ്ടല്ല. കാരണം ഈ സാങ്കേതികലോകമപ്പാടെ ഒരു 'കെണി'യാണ് എന്ന് ഏതുനേരവും അവളെ ഓർമ്മിപ്പിക്കുന്ന പുരുഷാധിപത്യം അതിന്റെ

വഴികൾ അതിശക്തമായി തുടരുന്നുമുണ്ടല്ലോ. എന്നിട്ടും പെണ്ണുങ്ങൾ മുമ്പത്തെപോലെ ഒതുങ്ങുന്നില്ലല്ലോ. പിന്നെന്താണ് ഇന്ന് ഡിജിറ്റൽ ഭാഷാലോകത്ത് സ്ത്രീകളുടെ വർദ്ധിതമായ ഈ ഇടപാടിനു കാരണം? അത് ഡിജിറ്റൽ ഭാഷയുടെ അടിസ്ഥാനപരമായ ക്രമാതീതത്വം മനുഷ്യന് മേൽ ഉള്ള സാമ്പ്രദായിക ക്രമങ്ങളുടെ നിയന്ത്രണം അസാധ്യമാക്കുന്ന ഒരു അസ്ഥിരലോകം ഉള്ളതുകൊണ്ടാണ്. ഓരോരോ അടവുകളിലും സർഗ്ഗാത്മകരായ സ്ത്രീകൾ ഇങ്ങനെയൊരു അസ്ഥിരലോകത്തെ ഉള്ളാലെ ആഗ്രഹിച്ചിരുന്നു. അതിന്റെ മേൽ നിഗൂഢതയുടെയും ഹിസ്റ്റീരിയയുടെയും ആവരണമിട്ടുതന്നെ നീങ്ങാൻ പുതിയ ലോകത്ത് ശ്രമങ്ങൾ ഉണ്ടെങ്കിലും വേണ്ടത്ര വിജയിക്കുന്നില്ല.

ആണധികാരം അതിന്റെ പിന്നാമ്പുറത്തും ചുറ്റുപുറത്തും നിർത്തിയ വംശം എന്ന നിലയിൽ സ്ത്രീകൾ ആർജ്ജിച്ച ജീവിതാനുഭവങ്ങൾ നിസ്സാരമായിരുന്നില്ല. ഇന്ന് നമ്മുടെ ഭാഷാബോധത്തെ തന്നെ കുഴച്ചുമറിച്ച് ഇട്ടിരിക്കുന്ന ഡിജിറ്റൽ ലോകത്തിന്റെ ഗണിതയുക്തിയിൽ തുടക്കം മുതലേ സ്ത്രീയുടെയും ജീവിതയുക്തി ഉണ്ടായിരുന്നു എന്നു കാണണം. അതായത് നെയ്ത്തറിയാവുന്നവളുടെ, തുണികളുടെ അരികുകളിൽ ചിത്രം തുന്നിനിറയ്ക്കുന്നവളുടെ, ക്രമപ്രവൃദ്ധമായി ചെയ്യുന്ന പലതരം കരവേലകളിലെ യാന്ത്രികത അറിയുന്നവളുടെ, 'അനലറ്റിക്കൽ എഞ്ചിൻ' നിർമ്മാണത്തിന്റെ ഫുട്ട്നോട്ടുകൾ തയ്യാറാക്കിയവളുടെ, ഒക്കെത്തന്നെ ഏതാണ്ട് ഹിസ്റ്റീരിയ നിറഞ്ഞ ലോകങ്ങൾ ! അവ ഒരു കേന്ദ്രഭാവമില്ലാതെ, വശങ്ങളിലേയ്ക്കും, അസമാനതകളിലെക്കും ലിങ്ക് തേടി പായുന്ന ഇന്നത്തെ ഡിജിറ്റൽ ലോകത്തിന്റെ അതേ യുക്തിയിൽ പ്രവർത്തിച്ച ലോകങ്ങൾ ആണ്.

അഡാ / ലവ് ലേസിലെ പ്രഭ്വി / ഒരു പ്രോഗ്രാമിംഗ് ഭാഷ / A.A.L

കമ്പ്യൂട്ടിങ്ങിൽ ഏതു വ്യവസ്ഥയെയും അതിന്റെ ഏറ്റവും കുറഞ്ഞ അടിസ്ഥാനഘടകങ്ങളുടെ നിരന്തരമായ ആവർത്തനവും അമൂർത്തതയുമായി ചുരുക്കിയെടുക്കുക എന്നുണ്ട്. അത് ഒരു അടയാളഭാഷയാണ്. പൂജ്യത്തിന്റേയും ഒന്നിന്റെയും പെരുക്കമായ കമ്പ്യൂട്ടർ ഗണിതത്തിന്റെ, ചരിത്രപരമായ വളർച്ചയിലും സ്വഭാവത്തിലും സ്ത്രീയുടെ സഹജമായ / ആർജ്ജിതചരിത്രത്തിലെ ജീവിതവുമായി സമാനതകൾ ഉണ്ടായിരുന്നു.

ഡിജിറ്റൽ ഭാഷ അദൃശ്യമായതും ഒളിഞ്ഞിരിക്കുന്നതുമായ ക്രമരഹസ്യങ്ങളുടെ ചിപ്പുകൾ കൊണ്ട് നടപ്പിൽ വരുന്നതാണ്. എന്നാൽ ഭൗതികമായി മെനഞ്ഞെടുക്കാവുന്ന പലതുകൾ ഒളിഞ്ഞിരിക്കുന്ന ആന്തരിക ക്രമമാണത്. അത് ഒന്നിൽ നിന്നും ഒന്നിലേക്ക് എന്ന് നേർ രേഖയിൽ ഒരു മുഖ്യധാരയായിരിക്കുന്നില്ല. കണ്ടാൽ ഒരുപോലിരിക്കുന്ന കാര്യങ്ങളെ സമാനകാരണങ്ങളോടു ബന്ധിപ്പിച്ച് പ്രതിനിധാനാത്മകമായി കാഴ്ച്ചപ്പകർപ്പിന്റെയും അതിൽ ഉള്ളടക്കം ചെയ്ത രൂപകാത്മക സംവേദനത്തിന്റെയും ഏകശിലയിൽ കൊത്തി വികസിച്ച ഒരു ഭാഷാരൂപമല്ല. അത്തരം ഭാഷാരൂപങ്ങളുടെ സാംസ്കാരിക മേല്ക്കോയ്മയുടെ കാലത്ത് (പാശ്ചാത്യ ചിത്രകലയിൽ നാച്ചുറലിസം പരിപക്വമാകുകയും ജനുസ്സുകളായി വിപുലപ്പെടുകയും ചെയ്ത കാലത്ത്. സാഹിത്യത്തിൽ പ്രതിനിധാന ഭാഷ ആധുനിക ഗദ്യരൂപങ്ങൾക്ക് വികാസം കൊടുത്ത കാലത്ത്) 1830കളിൽ, കമ്പ്യൂട്ടിംഗ് വികസിക്കുന്നത് സംസ്കാരവ്യവഹാരത്തിലെ ഭാഷയുമായി നേർ ബന്ധമില്ലാതെ ഒരു ശുദ്ധഗണിതരൂപമെന്ന നിലയ്ക്കാണ്. അതിന്റെത വികാസത്തിൽ പക്ഷേ, ആർജ്ജിതമായ ഒരു സ്ത്രീജ്ഞാനം വലിയ പങ്കുതന്നെ വഹിച്ചിട്ടുണ്ട്. ആ കഥ പറയാം.

1833ൽ ചാൾസ് ബാബേജ് എന്ന ഒരു എഞ്ചിനീയർ ഒരു Difference Engine' ഉണ്ടാക്കി. അത് ഒരു ചിന്തിക്കുന്ന മെഷീൻ പോലെ തോന്നിച്ചു. അതിനു സംഖ്യകളെ അവയുടെ രണ്ടും മൂന്നും വർഗ്ഗഗുണങ്ങളിലേക്ക് കയറ്റിക്കാണാൻ കഴിഞ്ഞുവെന്നു മാത്രമല്ല ഒരു ക്വാഡ്രാറ്റിക്ക് സമവാക്യത്തിന്റെ റൂട്ട് കാണാൻ കഴിഞ്ഞിരുന്നു. എകീകരിക്കാവുന്ന ഇടവേളകളിലെ ഒരേ പ്രവൃത്തി കൊണ്ട് തന്നെ, ഗുണനപ്പട്ടികയുടെ കംപ്യൂട്ടേഷൻ സാധ്യമാകുന്ന ഒരു പൊതു തത്വം ഈ എഞ്ചിനിൽ ഉണ്ടെന്ന് ബാബെജിനറിയാമായിരുന്നു. പക്ഷേ അത് പൊതുസമൂഹത്തിനു മുന്നിൽ പ്രദർശിപ്പിച്ച്

**ആണധികാരം അതിന്റെ പിന്നാമ്പുറത്തും ചുറ്റുപുറത്തും നിർത്തിയ വംശം എന്ന നിലയിൽ സ്ത്രീകൾ ആർജ്ജിച്ച ജീവിതാനുഭവങ്ങൾ നിസ്സാരമായിരുന്നില്ല. ഇന്ന് നമ്മുടെ ഭാഷാബോധത്തെ തന്നെ കുഴച്ചുമറിച്ച് ഇട്ടിരിക്കുന്ന ഡിജിറ്റൽ ലോകത്തിന്റെ ഗണിതയുക്തിയിൽ തുടക്കം മുതലേ സ്ത്രീയുടെയും ജീവിതയുക്തി ഉണ്ടായിരുന്നു എന്നു കാണണം.**

ഒരിടവേളയ്ക്കുള്ളിൽ തന്നെ ഇതിനെ ലാളിത്യത്തിലും ക്ഷമതയിലും കവച്ചുവയ്ക്കുന്ന മറ്റൊരു യന്ത്രവും തത്വവും ബാബജിനുള്ളിൽ ഉദിച്ചു. എന്നാൽ ആദ്യത്തെ എഞ്ചിന് ധനസഹായം നല്കിയവർ, അതിനെ പാതി വഴിയിൽ കളഞ്ഞ് മറ്റൊന്നിനു പിന്നാലെ പോകാൻ ബാബജിനു പിന്തുണ കൊടുത്തില്ല. 1842 ൽ Bibliotheque Universelle de Geneve. ൽ ഒരു ഇറ്റാലിയൻ മിലിട്ടറി എഞ്ചിനിയർ Sketch of the Analytical Engine Invented by Charles Babbage എന്ന തന്റെ ഒരു സബ്മിഷൻ നടത്തി. തൊട്ടുപിന്നാലെ ബാബജിന് പ്രഭി അഡാ (Countess of Lovelace - ADA LOVELACE) യുടെ കത്ത് കിട്ടി, താൻ ഈ സ്കെച്ച് മൊഴിമാറ്റം ചെയ്തിരിക്കുന്നു എന്നറിയിച്ച്. അതിൽ ആഴത്തിൽ തല്പ്പപരനായ ബാബജ് തന്റെ ഗവേഷണത്തിൽ സ്വതന്ത്രമായ പങ്കാളിത്തത്തിനായി അഡായെ ക്ഷണിച്ചു. പലപ്പോഴും ബാബജിന്റെ രീതികളെ യുക്തിയുക്തം വെല്ലുവിളിച്ചുകൊണ്ട്, ബാബജിന്റെ കേന്ദ്ര പ്രമേയത്തെ തന്നെ സ്വാധീനിച്ചു കൊണ്ട്, അഡാ ഈ പദ്ധതിയുടെ ചിത്രീകരണങ്ങളും ഫുട്ട് നോട്ടുകളും തയ്യാറാക്കി. എന്തുകൊണ്ട് ഇത്രയും ഗണിതയുക്തിവിശാരദയായ അഡാ സ്വന്തം നിലയിൽ മൌലികമായ ഒരു പേപ്പർ എഴുതുന്നില്ല എന്ന ചോദ്യത്തിന്, അതിന്റെ കാര്യമെന്ത്, എന്നാണ് അഡാ പറഞ്ഞത്. മാത്രമല്ല, പൊതുവേ അസാധാരണമായ ശേഷികളെന്നറിയപ്പെട്ട തന്റെ ആൾജിതബ്രായിക് ഫാൻസികളെ വ്യക്തിനിഷ്ഠമാക്കി അവകാശമുന്നായിക്കുന്നതെന്തിനു എന്നും അഡാ ചിന്തിച്ചു. ഈ പ്രക്രിയയിൽ മുഴുവനോടെ വ്യാപരിക്കുന്നതിന്റെ ആനന്ദം ആയിരുന്നു അവരുടെ ലക്ഷ്യം. എന്നാൽ അനലിറ്റിക്കൽ എഞ്ചിന്റെ പ്രസിധീകരണത്തിനായി അഡാ നല്കിയ ഇലസ്ട്രേഷനുകളും നോട്ടുകളും ബാബജിന്റെ കേന്ദ്രപ്രമേയത്തെ കവച്ചുവെക്കുന്ന കൃത്യതയും വിശദീകരണക്ഷമതയുമുള്ളതായിരുന്നു. അത്യഗാധമായ വിഷയജ്ഞാനമുള്ള ഒരാൾക്ക് മാത്രം ചെയ്യാവുന്നതായിരുന്നു ആ പണികൾ. എന്നാൽ തന്റെ മുഴുവൻ പേര് പോലും ഈ നോട്ടുകളുടെ കർതൃത്വം സൂചിപ്പിക്കുന്നതിനായി അവർ വച്ചില്ല. A.A.L എന്ന് മാത്രം കാണാം. കർത്തൃത്വത്തെ ചുരുക്കിയെഴുതാൻ പ്രേരിപ്പിക്കും വിധം, അറിവുല്പ്പാദനത്തിന്റെ അതിരുകളിലാണ് അഡാ പ്രവർത്തിച്ചത്. അവൾ ആണധികാരത്തിലെ കർതൃത്വപ്രതിസന്ധികൾ അല്ല നേരിട്ടത്. അവൾ അത് ശ്രദ്ധിക്കുന്നതെയില്ല. മറിച്ച് ഗണിതയുക്തികൾ ആവേശിച്ച ഒരു ഭാവികാല ഭാഷയുടെ തിരയിളക്കത്തിൽ അഡാ ആനന്ദത്തോടെ കൂസലില്ലാതെ നീന്തുകയായിരുന്നു. ബാബേജ് ആകട്ടെ പലപ്പോഴും തന്നെ വേണ്ടവിധം സഹായിക്കാത്ത, തനിക്കുള്ള ധനസഹായം തരാത്ത വ്യവസ്ഥയിൽ ഇടയ്ക്കിടെ സങ്കടപ്പെടുകയും..

ഒരു എഴുത്തുരൂപം അതിന്റെ തന്നെ മുഖ്യമായ നദിയൊഴുക്കാണ്. എന്നാൽ അതിന്റെ അരികുകളിൽ കാണുന്ന കുറിപ്പുകൾ കർതൃത്വം വെളിവാക്കാത്ത ആരൊക്കെയോ എഡിറ്റ് ചെയ്ത കായലുകലാണ്. പരസ്പരം ബന്ധിപ്പിക്കുന്ന ഗണിതക്രിയകളുടെ നൂലുകളിലും ലിങ്കുകളിലും ഡിജിറ്റൽ നെറ്റ്വർക്കുകൾ വിന്യസിച്ചപ്പോഴാണ്, മുൻപ് സുഘടിതമായിരുന്ന പാഠങ്ങളുടെ പാർശ്വഭാഗം മാത്രമായിരുന്ന ഫുട്ട് നോട്ടുകൾ സഞ്ചാരം തുടങ്ങിയത്. ഹൈപ്പർ ടെക്സ്റ്റ് പ്രോഗ്രാമുകൾ കേന്ദ്രഭാവമില്ലാത്ത ഫുട്ട് നോട്ടുകളുടെയും സംയോജന തത്വങ്ങളുടെയും ശ്രേണിബന്ധങ്ങളുടെയും ഒരു ജാലമാണ്. ലിങ്കുകളിൽ പ്രവർത്തിക്കാൻ കൂടുതൽ ശേഷിയുള്ള ഒന്നാണ് കമ്പ്യൂട്ടിംഗ് ഭാഷകൾ. കാഴ്ചയിൽ പരസ്പരബന്ധമില്ലാത്ത പലതുകളെ ബന്ധിപ്പിക്കാൻ കഴിയുമതിന്. കാഴ്ചയിലും വിശദാംശത്തിലുമുള്ള സാമ്യത കൊണ്ട് വസ്തുക്കളും ആശയങ്ങളും ഇരട്ടിപ്പിക്കാവുന്ന, നേർ കോപ്പിയെടുപ്പുകളുടെ സമാന്തര സമാനതകളുടെ (അനലോഗസ്) യുക്തിയല്ല ഇവിടെ. കേന്ദ്രപ്രമേയമില്ല. ഘടിപ്പിക്കുന്ന തത്വങ്ങളില്ല. സഞ്ചാരത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന ചെറുതും ലളിതവുമായ അനവധി നിർദ്ദേശങ്ങളുടെ പെരുക്കം ആണുള്ളത് (ഇവിടെ ലിംഗപലമർക്ക് തോന്നും, ആ ചലിക്കുന്നത് ഞാനാണ്). ഈ ജാലങ്ങൾ കൊണ്ട് സാധിക്കുന്ന പ്രായോഗികകാര്യങ്ങൾ വളരെ സങ്കീർണ്ണം അപരിമിതം. ഒഴുകുന്ന എണ്ണമറ്റ ചാനലുകൾ മുഴുകുന്ന ഈ മേഖല വരിവരിയായിട്ടുള്ള എഴുത്തിൽ തുടങ്ങുന്ന ഒന്നല്ല. എഴുത്തിൽ പ്രമേയമാണ്, ആശയമാണ് പ്രധാനം. അതിന്റെ കേന്ദ്രീകൃത പ്രദേശമാണ് പേജിൽ നടുവിൽ ഫോർമാറ്റ് ചെയ്യപ്പെടുക. ഡിജിറ്റൽ ലോകം പ്രവൃത്തിയുടെ തീരെച്ചെറിയ ഏകകത്തിൽ ഒരു നെയ്ത്തുയന്ത്രം പോലെ പ്രവർത്തിക്കുന്നു. പക്ഷേ തറി ഇവിടെ ഒരു രൂപകമല്ല. പണി തീരുമ്പോൾ വരുന്ന ഒരു മോട്ടിഫിനെ അതുമായി ബന്ധമില്ലാതെ തലങ്ങും വിലങ്ങും പായുന്ന വേറെ ഒരു പ്രവൃത്തി കൊണ്ട് ലിങ്ക് ചെയ്യുന്നതിന്റെ കാര്യമാണ്.

ബാബജ് ആദ്യകാല ഫാക്ടറികളെ 'ചിന്തിക്കുന്ന മെഷീൻ' ആയി കണ്ടു. കാരണം അവയും ആ മെഷീനെപ്പോലെ, വസ്തുക്കൾ സൂക്ഷിച്ച്ചുവക്കുകയും (Memory) പിന്നെ വരുമാനക്കണക്കു കൂട്ടാൻ ഉപയോഗപ്പെടുത്തുകയും ചെയ്തു. Difference

Engine അതിവേഗം കൂട്ടൽ ക്രിയ നടത്തിയെങ്കിൽ Analytical Engine പല ക്രിയകളുടെ തന്നെ ആന്തരികനിയമങ്ങൾ ഉൾച്ചേർത്തി. നമ്മുടെ സാഹിത്യത്തിൽ നോക്കിയാൽ പഴയ കവിതയിൽ അനുഭൂതികൾ പ്രവർത്തിച്ചെങ്കിൽ പുതിയ കവിതയിൽ അനുഭൂതികൾ ഉളവാക്കാൻ ഉപയോഗിച്ച ഭാഷയെ ഭാഷയായിത്തന്നെ പ്രവർത്തിപ്പിക്കുന്നു. Jacquard Loom നെയ്ത്തിന്റെ നിയന്ത്രണം മനുഷ്യക്കൈകളിൽ നിന്നും എടുത്തുമാറ്റുകയും അത് ഒരു യന്ത്രത്തിനെ എല്പ്പിക്കയും ചെയ്തപ്പോൾ നെയ്ത്തുതൊഴിലാളികളെ സംബന്ധിച്ചിടത്തോളം അത് അവരുടെ ശരീരത്തിന്റെ തന്നെ ഒരു ഭാഗം യന്ത്രത്തിന് കൊടുത്ത പോലെയാണ് അനുഭവപ്പെട്ടത്. 1812 ൽ വലിയ തൊഴിലാളി സമരങ്ങൾ നടന്നപ്പോൾ House of Lords ൽ നടത്തിയ പ്രസംഗത്തിൽ കവി കൂടിയായിരുന്ന ബൈറൺ പ്രഭു യന്ത്രം ഉപയോഗിക്കുമ്പോൾ ഗുണനിലവാരം കുറയുമെന്നും അതൊരു വെറും 'ചിലന്തിപ്പണി'യാണെന്നും അഭിപ്രായപ്പെട്ടു. പക്ഷേ വളരെപ്പെട്ടെന്നു തന്നെ യന്ത്രത്തറി കൊണ്ടുള്ള ഈ 'ചിലന്തിപ്പണി' കൊണ്ട് മികച്ച ഉല്പ്പാടദനം നടത്താവുന്നതാണെന്നു ബോധ്യപ്പെട്ടു. എന്നാൽ വിശകലന യന്ത്രത്തിന്റെ ശുദ്ധഗണിതത്തിൽ അന്ന് പണിയെടുക്കുകയായിരുന്ന അഡാ, തന്റെ അച്ഛനേക്കാൾ കാലത്തിന് മുന്നിൽ നടക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഒരു കവിയാണെന്ന പോലെയല്ല താൻ ഒരു അനലിസ്റ്റ് ആകുന്നതെന്ന് അഡാ അഭിപ്രായപ്പെട്ടു.

പക്ഷേ നമ്മുടെ സാംസ്കാരികപൗരത്വത്തിൽ ഇന്ന് സ്ത്രീകൾക്ക് അത്യാവശ്യം പ്രാധാന്യം കിട്ടുംവിധം ഒരു മാറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ അത് സാങ്കേതികവിദ്യ കൊണ്ടുവന്നതല്ലെന്ന് സാദീ പ്ലാന്റ വിസ്തരിക്കുന്നുണ്ട്. 'സ്ത്രീകളും ഡിജിറ്റൽ സാങ്കേതികസംസ്കാരവും' തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള 'പൂജ്യങ്ങളും ഒന്നുകളും' എന്ന പുസ്തകത്തിലാണത്. യന്ത്രാധിഷ്ഠിതവിദ്യകൾ ഡിജിറ്റൽ കാലത്തും മൂലധന- പുരുഷാധിപത്യ സ്റ്റാറ്റസ്കോ കഴിവതും അങ്ങനെത്തന്നെ നിലനിർത്താനാണ് ശ്രമിക്കുന്നത്. പലപ്പോഴും അത് പിന്തിരിപ്പൻ ആകും. അതിനെ നിഷ്ഫലമാക്കുന്ന മറ്റൊരു അതീതഭാഷയായി ഡിജിറ്റൽ യുക്തികൾ നില്ക്കുന്നു. ഉദാഹരണത്തിന് ഒരുപക്ഷേ യന്ത്രാധിഷ്ഠിത ലോകത്തേയ്ക്കുള്ള മാറ്റം അനിവാര്യമാണെന്ന് ബൈറൺ പ്രഭുവിന് തിരിച്ചറിയാനാകാഞ്ഞത് എന്തുകൊണ്ടെന്നു നോക്കിയാൽ മതി. മനുഷ്യനെ ഉദാത്തവല്ക്കരിക്കുന്നതും, മനുഷ്യവംശത്തിൽ അധികാരിയായിരിക്കുന്ന തന്റെ മഹിമ കുറയാതെ നോക്കുന്നതും സ്ത്രീകളെ വീട്ടിൽ ഇരുത്താവുന്നതും, ഉല്പ്പാദന-ലാഭാദികൾ കൂട്ടാൻ മറ്റൊരു വശത്ത് സഹായിച്ചതുമായ പുരുഷവ്യവഹാരങ്ങൾക്ക് പരിചയമില്ലാത്ത വിചിത്രമാർഗ്ഗങ്ങളിലാണ് ക്രമാതീത ക്രമങ്ങളുടെ ഡിജിറ്റൽ സാങ്കേതികത വികസിച്ചത്. ചലിക്കുന്ന എന്തിനെയും ഏറ്റവും കേവലവും ലളിതവുമായ ഒരു വസ്തുനിഷ്ഠതയിലേക്ക് ചുരുക്കുകയും നിയന്ത്രിക്കുകയും ക്രമപ്പെടുത്തുകയും ചെയ്യുമെങ്കിലും, നിരന്തരം മാറ്റങ്ങൾക്ക് വിധേയമാകുന്ന, ഫുട്ട്നോട്ടുകൾ തലങ്ങും വിലങ്ങും സഞ്ചരിക്കുന്ന ക്രമാതീതമായ ഒരു പ്രമേയമാണ് ഡിജിറ്റൽ സാങ്കേതികതയുടേത്.

**ഭാഷയുടെ വൻകടൽസാധ്യതകൾ**

ചരിത്രത്തിൽ 'കലാകാരികൾ' ഉണ്ടായത് പുരുഷാധിപത്യവ്യവസ്ഥകളോട് പലവിധത്തിൽ നേരെ കലഹിച്ചാണ്. ഇന്ന് വ്യവസ്ഥകളെയും അവയോടുള്ള കലഹങ്ങളുടെ മറുചട്ടക്കൂടുകളെയും കവിഞ്ഞുപോയിട്ട് ഭാഷയുടെ ക്രമാതീതമായ കടലിൽ നമ്മൾ ഓരോരുത്തരും ചാടേണ്ടിവരുന്നു. അവിടെ വ്യാഖ്യാനങ്ങൾ ഒന്നും സ്ഥിരമായ ഒന്നല്ല. അനുഭൂതികളുടെ ഈ അസ്ഥിരത യഥാർത്ഥത്തിൽ അവയുടെ ക്രമങ്ങൾ കൂടുതൽ ചിഹ്നപരം ആകുന്നതുകൊണ്ടുണ്ടാകുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, നമുക്ക് ശീലമുള്ള വ്യാഖ്യാനാത്മക സാഹിത്യ-കലാ വ്യവഹാരങ്ങലേക്കാൾ ഭാഷയുടെയും സംവേദനത്തിന്റെയും ഒരു ക്രമപ്രശ്നമായി സർഗ്ഗാത്മകത മാറുകയാണ്. അതുകൊണ്ടാണ്, ഇന്ന് ഭാഷയുടെ പ്രവർത്തനരഹസ്യങ്ങളിൽ, അഥവാ പെരുക്കത്തിൽ ചെന്നുചാടുന്ന ഒരു 'എഴുത്തവൾത്തുരുത്ത്' പോലും ഒരു പെൺകൂട്ടായ്മയായി കാണപ്പെടുമ്പോൾത്തന്നെ, അത് ജീവിക്കുന്നത് ഇതുവരെ പരിചിതമായ അധികാരക്രമങ്ങളിൽ ശീലമുള്ള 'സ്ത്രീജീവിത'മല്ലാതാകുന്നതും അതിൽ സമ്മിശ്രലിംഗപദവികൾ എളുപ്പത്തിൽ ഉൾചേർന്ന് വരാൻ സാധ്യത തുറക്കുന്നതും.

ചർച്ചാവിഷയം
കവിത

# മന്ത്രവാദിനി



ധന്യ എം.ഡി



അങ്ങനെയിരിക്കെ
എപ്പോഴെങ്കിലും
വിളർത്ത ആകാശത്തിന്റെ
ഒരു തുണ്ടു കിട്ടിയാലും മതി....

ഒഴിവുസമയം
നോക്കിയതിൽ
ആഴവും തുടുപ്പും
വരച്ചു ചേർക്കുമവൾ....

തരം പോലെ
രൂപം  മാറുന്ന
മേഘശകലങ്ങളെ
അതിലേക്ക്
പയ്യെപ്പയ്യെ എടുത്തു വയ്ക്കും.

സന്ധ്യമയക്കത്തിന്
വെട്ടം കാണാൻ
മങ്ങിയ ചെമ്പുനിറമുള്ള
ഒരു ചന്ദ്രനെയതിൽ
ഒട്ടിച്ചു വയ്ക്കും.

ചേക്ക പറക്കുന്ന പക്ഷികളെ
' ന.. ന ' എന്ന്
അക്ഷരങ്ങളാക്കി
'വേഗം വായോ... വേഗം വായോ...' എന്ന്
കയ്യാട്ടി വിളിക്കും മട്ടിൽ
പടരുന്ന ചുവപ്പിലൊരിടത്തായി
ഒന്നുമറിയാത്ത പോൽ നിരത്തും .

കരിയിലകൾക്ക് മീതെ
മൂളിപ്പറക്കുന്ന കാറ്റിനെ നോക്കി
'നീയവിടെ നിൽക്ക് '
എന്ന് ഗൗരവത്തിൽ പറഞ്ഞ്
കന്നിക്കോണിൽ കാലുറപ്പിച്ച്
കണ്ണുകളടച്ച് പിടിച്ച്
പ്രേമത്തിന്റെ
ഒരു രഹസ്യ മന്ത്രം ചൊല്ലി
ഒരു കൂട് പൂമ്പാറ്റകളെ
ഇടം കയ്യാൽ തുറന്ന് വിടും ....

അനുസരണയോടെ പറന്ന്
രാത്രിയാകാശത്ത്
ഒരു മഴവില്ല് വരച്ച്
അവയവളെ വണങ്ങും..

എന്നിട്ട്
ഉള്ളുരുക്കങ്ങളിൽ
ഒറ്റയ്ക്കുറങ്ങുന്ന
മനുഷ്യരെ തെരഞ്ഞ്
പുറപ്പെടും  ...

മറ്റൊന്നിനുമല്ല
അന്നത്തെയുറക്കത്തിൽ
അവരുടെ മറവിയിലേക്കൊരു
സ്വപ്നത്തിന്റെ
പുള്ളിച്ചിറക് പൊഴിച്ചിടാൻ മാത്രം.....





ജി.ഉഷാകുമാരി

# പെൺകവിത: വിത്തും പൂവും

ആധുനികാനന്തരകവിതയിലെ സ്ത്രീയവസ്ഥയേയും സ്ത്രീസ്വത്വത്തേയും കുറിച്ചുള്ള ആഖ്യാനങ്ങൾ ലിംഗപദവിയെ സംബന്ധിച്ച കാഴ്ച്ചപ്പാടിൽ നിന്നുകൊണ്ടു മനസ്സിലാക്കാനും വിശദീകരിക്കാനുമാണ് ഇവിടെ ശ്രമിക്കുന്നത്. സ്ത്രീയെ ഒരു സവിശേഷ സംവർഗമെന്ന നിലയിൽ ആധുനികരും ആധുനികാനന്തരരും ഏതൊക്കെയർത്ഥത്തിൽ പരിചരിച്ചു എന്നാരായുന്നിടത്തുനിന്നാണ് ഈ അന്വേഷണം തുടങ്ങേണ്ടത്. മലയാളകവിതയിലെ ആധുനികത ആഖ്യാനത്തിലും അനുഭവത്തിലും ഒരു അധീശസാന്നിധ്യമായിരുന്നു. കേന്ദ്രസ്ഥമായ ആശയങ്ങൾ, തീക്ഷ്ണസ്വരത്തിലുള്ള വികാരവിചാരാവിഷ്ക്കാരങ്ങൾ,

ആഖ്യാനപരമായ ബഹുലതയും പരീക്ഷണങ്ങളും ചരിത്രത്തേയും പ്രത്യയശാസ്ത്രത്തേയും അഭിസംബോധനചെയ്തുകൊണ്ടുള്ള പ്രമേയങ്ങൾ, എന്നിങ്ങനെ വലിയ എടുപ്പുകൾ അവിടെ സാദ്ധ്യമായിരുന്നു. ആധുനികതക്കുശേഷം വന്ന കവിതകൾ രൂപപരമായിത്തന്നെ അയവുള്ള ഒരു ഘടനയിലാണ് എഴുതപ്പെട്ടത്. ഏതാണ്ടു പൂർണ്ണമായും തന്നെ ഗദ്യഘടനയുടെ ഒരു ശയ്യ അവ നിരന്തരം സൂക്ഷിച്ചു പോന്നു. സ്ഥാപിതമായ ആധുനികതാ മൂല്യങ്ങളോടുള്ള പ്രതികരണങ്ങളും വിമർശനങ്ങളും അവയിൽ ഒരു രാഷ്ട്രീയയുക്തിയായി തീരുന്നുണ്ട്.
സവർണദേശീയതയുടെ മൂല്യങ്ങളെ കയ്യൊഴിയുന്ന ഒരു കരുതൽ നോട്ടം പതുക്കെപ്പതുക്കെ വളർന്നുവരുന്നതിന് ഇതു കാരണമായി. അരികുകളെക്കുറിച്ചു നിരന്തരം സംസാരിച്ചു രൂപപ്പെട്ടുവന്ന ന്യൂനപക്ഷാത്മകത കവിതയെ കൂടുതൽ കൂടുതൽ ജനാധിപത്യത്തിന്റെ ഇടമാക്കി വികസിപ്പിക്കാൻ പ്രേരണ നൽകി.

ആധുനികാനന്തര സ്ത്രീകവിത ഒരു ഒറ്റ ജനുസ്സല്ല. അതിൽ വളരെ പ്രത്യക്ഷത്തിലുള്ള വൈവിധ്യങ്ങളും പുതുമകളും ആഖ്യാനഭേദങ്ങളും കാണാം. സ്ത്രീപക്ഷം എന്ന നിലപാടിന്റെ ചുരുക്കെഴുത്തുകളായല്ല, മറിച്ച് വിപുലീകരിക്കപ്പെട്ട സാദ്ധ്യതകളായി വേണം അവയെ കാണാൻ. അവസ്ഥകളുടെയും സ്വത്വങ്ങളുടെയും ബഹുലതയും പലമയുമായാണ് ഇന്നു കാണാൻ കഴിയുക. വിജയലക്ഷ്മി, സാവിത്രിരാജീവൻ, റോസ് മേരി, ഗീതാഹിരണ്യൻ, തുടങ്ങിയവരുടെ ആദ്യഘട്ടത്തിനുശേഷം വി.എം.ഗിരിജ, അനിതാ തമ്പി, കവിതാ ബാലകൃഷ്ണൻ, ഗിരിജാ പാതേക്കര, ബിന്ദു കൃഷ്ണൻ, മ്യൂസ് മേരി, പ്രമീളാ ദേവി, ധന്യ.എം.ഡി, ജെനി ആൻഡ്രൂസ്, വിജില, സഹീറാതങ്ങൾ, സംപ്രീത, സെറീന, സന്ധ്യ.എൻ.പി, റോഷ്നി സ്വപ്ന, ഡോണാ മയൂര, ഗാർഗി, ദേവസേന, അഭിരാമി തുടങ്ങിയ പെൺകവികളുടെ നീണ്ടനിര സ്ത്രീയാവുക എന്ന അനുഭവത്തിന്റെ സൂക്ഷ്മഭേദങ്ങളെ ആഖ്യാനം ചെയ്യുന്നു. പുതുമലയാളകവിതയുടെ പൊതുഭാഷയ്ക്കകത്ത് അവരുടെ ആഖ്യാനങ്ങൾ ഭാഷാഭേദങ്ങളായി പരിഗണിയ്ക്കപ്പെടുകയാണുണ്ടായത്. എന്നാൽ അവ തികച്ചും വ്യത്യസ്തമായ മറ്റൊരു വിനിമയ ഭാഷതന്നെയായി നാം കണക്കിലെടുക്കേണ്ടതുണ്ട്. അല്ലെങ്കിൽ മലയാളകവിത എന്ന പൊതു ആഖ്യാനത്തിന്റെ തുടർച്ചമാത്രമായി അവ മനസ്സിലാക്കപ്പെടും.

വിജയലക്ഷ്മി, സാവിത്രീരാജീവൻ, റോസ് മേരി എന്നിവരുടെ ഒന്നാം നിര രചനകളിൽ സ്ത്രൈണതയെക്കുറിച്ചുള്ള സമർത്ഥനങ്ങൾ വന്നു തുടങ്ങിയിരുന്നു. എങ്കിലും പെണ്ണെഴുത്തിൽ മലയാളകഥ സഞ്ചരിച്ച ദൂരം കവിത സഞ്ചരിച്ചില്ല. സാഹിത്യത്തിലെ ആൺകോയ്മയുടെ നടുത്തുണ്ടമായ ആധുനികതയുടെ ബാധ പൂർണമായും ഒഴിഞ്ഞുപോകാത്ത ഒരുഘട്ടത്തിലാണിവരുടെ രചനകൾ പുഷ്കലമായിത്തീർന്നതും. ആധുനികതയിൽ, അതിന്റെ ദർശനത്തിൽ അരച്ചു ചേർക്കപ്പെട്ട 'ഞാൻ' എന്ന കാൽപനിക അസ്തിത്വവാദ ഏകാകിയുടെ ഘടന ഇവരിൽ മൂവരിലും കാണാമെങ്കിലും ഏറിനിൽക്കുന്നത് വിജയലക്ഷ്മിയിലാണ്. കവിത കൂടുതൽ പ്രബുദ്ധവും രാഷ്ട്രീയോന്മുഖവുമായ പ്രവർത്തിയായിക്കൂടി കാണുന്നതിനാലാവാം സാവിത്രിയിൽ ചിലപ്പോഴൊക്കെ പ്രഭാഷണപരതയുണ്ട്. ആൺ / പെൺ വൈകാരികപ്രപഞ്ചത്തെയും കടന്ന് ലിംഗഘടനയെത്തന്നെ ഒരു അധികാരവ്യവസ്ഥയായി പുതുക്കിയെഴുതാൻ സാവിത്രി ശ്രമിക്കുന്നത് അതുകൊണ്ടുകൂടിയാണ്. കുടുംബം, രാഷ്ട്രീയം, സംസ്കാരം, ദേശീയത എന്നിവയെ സമകാലികമായി അഭിമുഖീകരിച്ചുകൊണ്ടാണ് ഈ പുതുക്കിയെഴുത്ത്. 'സാരി', 'ചന്ദ്രിക', 'ശിഖണ്ഡി', 'കുലുക്കം', 'നിവൃത്തി',



'അവൾ' എന്നിങ്ങനെ നിരവധി കവിതകൾ ഉദാഹരണം.

ആധുനികതയുടെ സ്വരൂപം ഏകശിലാത്മകമായല്ല സാക്ഷാൽക്കരിക്കപ്പെട്ടതെന്ന് ഇന്നു നാം സമ്മതിക്കുന്ന ഒരു കാര്യമാണ്. പലതരം ആധുനികതകളാണ് യഥാർത്ഥത്തിൽ നിലനിന്നത് എന്നും നമുക്കറിയാം. ചരിത്രത്തോടുള്ള അഭിമുഖീകരണങ്ങളെ ആൺ / പെൺ കവിതകൾ ആവിഷ്കരിച്ചതിന്റെ വ്യതിയാനഭേദങ്ങൾ പക്ഷേ, പലമയുടെ യുക്തിയിൽ വിശദീകരിക്കാൻ കഴിയില്ല. കെ.ജി.എസ്സിലും ആദ്യകാല ആറ്റൂരിലും മറ്റുമുള്ള പ്രബുദ്ധതയുടെ രാഷ്ട്രീയദർശനയുക്തിയും മറ്റും ആധുനികതയുടെ പ്രബലമായ ഒരു ദിശ ആയിരിക്കെത്തന്നെ നേർവിപരീതമായി അവയോടുള്ള ഉദാസീനതയാണ് വിജയലക്ഷ്മിയെപ്പോലുള്ള സ്ത്രീകവികൾ പുലർത്തിയത്. ചരിത്രത്തോടുള്ള പെണ്ണിന്റെ ഉദാസീനത അവളുടെ അഗാധമായ ചരിത്രബോധമെന്ന് പി.പവിത്രൻ. വിജയലക്ഷ്മിയുടെ കവിതകളിൽ നിറഞ്ഞു നിൽക്കുന്ന കാൽപനിക ഏകാകിനിയെ ആ ഒർത്ഥത്തിൽക്കൂടി നമുക്കു വായിച്ചെടുക്കാം. സാർവ്വലൗകികതയിൽ ഊന്നിയ ആധുനികസാഹിത്യത്തിലെ പുരുഷ 'ഞാനി'ന്റെ സ്ത്രീലിംഗമായിരിക്കെത്തന്നെ വിജയലക്ഷ്മി പെരുപ്പിച്ചെടുക്കുന്ന രാഷ്ട്രീയപ്രത്യയശാസ്ത്ര ഉദാസീനതയ്ക്ക് ഇങ്ങനെഒർത്ഥം കൂടി ഉൽപാദിപ്പിക്കാനാവും. ആൺ/പെൺ എന്നു കൃത്യമായി വേർതിരിക്കപ്പെട്ട, ധ്രുവീകരിക്കപ്പെട്ട പ്രപഞ്ചലോകങ്ങളാണ് ഈ കവിതയുടേത്. 'ഉഭയലിംഗി'യുടെ അവസ്ഥ ഒരു സാധ്യതയല്ല, മറിച്ച് ഗതികേടായി കവി കരുതുന്നത് അതുകൊണ്ടാണ്. ആണ് ഇവിടെ അധികാരകേന്ദ്രവും പെണ്ണ് അധികാരരഹിതമായ ഇടവുമായി എഴുതപ്പെട്ടുകൊണ്ടാണ് ഈ ഭിന്നവർഗലിംഗപദവി നിലനിൽക്കുന്നത്. ഇരയും വേട്ടക്കാരനുമായി വിഭജിക്കപ്പെട്ട ലോകത്തെ അമർത്തപ്പെട്ട കലഹങ്ങളും ആധുനികതയുടെ ദാർശനികവിഷാദങ്ങളും മെരുക്കിയെടുത്ത



പരിഭവപ്രതിഷേധങ്ങളും നിറം കെട്ടുപോയ കയ്പൻ നിരാസങ്ങളും നിറഞ്ഞ വൈകാരികപ്രപഞ്ചമാണ് വിജയലക്ഷ്മിക്കവിതകൾ. 'മൃഗശിക്ഷകനും' തച്ചന്റെ മകളു'മെല്ലാം പങ്കുവെക്കുന്ന പുരുഷാധിപത്യത്തോടുള്ള പ്രതികരണങ്ങൾ ഈയൊരു തലത്തിൽ കിടക്കുന്നു. ആൺ/പെൺ എന്ന ദ്വന്ദ്വഘടനയിലെ മേൽ/കീഴ് ബന്ധങ്ങളിൽ അധികാരത്തെ വിന്യസിച്ചുകൊണ്ടാണീ ഇരയിലെ ഏകാകി തിടം വെക്കുന്നത്. ചുരുക്കത്തിൽ സത്താവാദപരമായ ഒരു അഹംബോധമാണ് ഏകാകിനിയെ, ഇരയെ താങ്ങി നിർത്തുന്നത്. ഒരർത്ഥത്തിൽ അരണ്ടവെളിച്ചമുള്ള ഒരു അകത്തിരുന്ന് അകത്തേക്ക് തന്നെയാണാ കവിതകൾ നോക്കിയത്. സാവിത്രിയിലേക്കു വരുമ്പോൾ ചെറിയ വ്യത്യാസം നാം കാണുന്നു. ഇരുപ്പ് അകത്താണെങ്കിലും നോട്ടം പുറത്തേക്കാണ്. അടുക്കളയിൽ നിന്ന് അരങ്ങത്തേക്കുള്ള ദൂരമാണെങ്കിലും ആ അകലം പുറം ലോകത്തേക്കു കൂടി വലിച്ചു നീട്ടാനാവുമെന്ന് ആ കവിതകൾക്കറിയാം.'അടുക്കളയിൽ നിന്ന് അരങ്ങത്തേക്കു വന്ന വീട്ടുപകരണമാണ് ഞാൻ'(പ്രതിഷ്ഠ) . എങ്കിലും വീട് ആ കാലുകളിൽ പിടിച്ചു വലിക്കുന്നു. ആൺ/ പെൺ എന്ന പോലെ, ഇര/വേട്ടക്കാരൻ എന്ന പോലെ അകം/ പുറം ഈ കവിതകളെ ദ്വന്ദ്വങ്ങളുടെ അരങ്ങാ

**ഇരയും വേട്ടക്കാരനുമായി വിഭജിക്കപ്പെട്ട ലോകത്തെ അമർത്തപ്പെട്ട കലഹങ്ങളും ആധുനികതയുടെ ദാർശനികവിഷാദങ്ങളും മെരുക്കിയെടുത്ത പരിഭവ പ്രതിഷേധങ്ങളും നിറം കെട്ടുപോയ കയ്പൻ നിരാസങ്ങളും നിറഞ്ഞ വൈകാരികപ്രപഞ്ചമാണ് വിജയലക്ഷ്മിക്കവിതകൾ. "മൃഗശിക്ഷകനും" തച്ചന്റെ മകളു'മെല്ലാം പങ്കുവെക്കുന്ന പുരുഷാധിപത്യത്തോടുള്ള പ്രതികരണങ്ങൾ ഈയൊരു തലത്തിൽ കിടക്കുന്നു. ആൺ/പെൺ എന്ന ദ്വന്ദ്വഘടനയിലെ മേൽ/കീഴ് ബന്ധങ്ങളിൽ അധികാരത്തെ വിന്യസിച്ചുകൊണ്ടാണീ ഇരയിലെ ഏകാകി തിടം വെക്കുന്നത്.**

ക്കുന്നു. ഈ ദ്വന്ദ്വാത്മകഘടനകളിൽ ഉൾച്ചേർന്ന അധികാര പദവികൾ ഇന്നത്തെ നിലക്ക് സ്ഥാപന വൽകൃതമായ ഒരു പെണ്ണെഴുത്തു യുക്തിയിലേക്ക് അവയെ സമീകരിച്ചെടുക്കുന്നു.

**ഇരയായ സ്ത്രീ**

നിർദ്ദേശാത്മക സ്വഭാവമുള്ള പ്രതിരോധങ്ങൾ സമകാലികലിംഗവ്യവഹാരങ്ങളിൽ ഒരു വ്യവസ്ഥ തീർക്കുന്നുണ്ട്. അത് സ്ത്രീയെ ഒരു ഇരയായി



മാത്രം കാണാൻ നിർബ്ബന്ധിക്കുന്നു. സ്ത്രീയെയും പുരുഷനെയും അപരങ്ങളായി കാണുന്ന ദ്വന്ദ്വാത്മ കസമീപനത്തിൽ സ്ത്രീ പുനർനിർവ്വചനസാധ്യതക ളടഞ്ഞ് ഇരയുടെ വിധേയത്വനിലയിൽ സ്ഥിരീകരി ക്കപ്പെടുന്നു. ലിംഗവ്യവഹാരങ്ങളുടെ പൊതുസമീപ നത്തിൽ വളരെ സ്വാഭാവികമെന്ന വണ്ണം സാധൂകരി ക്കപ്പെട്ടുകൊണ്ട് സ്ത്രീ / പുരുഷ സ്വത്വങ്ങൾ ഇര / വേട്ടക്കാരൻ എന്ന ഘടനയിലേക്ക് ഉറപ്പിക്കപ്പെടു ന്നു. 90 കൾക്കുശേഷം കേരളത്തിൽ അരങ്ങേറിയ ബലാത്സംഗക്കേസുകളും സ്ത്രീപീഡനപരമ്പര കളും അവയെച്ചൊല്ലിയുള്ള സ്ത്രീപക്ഷരാഷ്ട്രീ യചർച്ചകളും സമരാഹ്വാനങ്ങളും കോടതിവിധി കളും മൊഴിമാറ്റലുകളും ഒക്കെച്ചേർന്നു സൃഷ്ടിച്ച ഒ രു തരംഗം ഇതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ട് എന്നും കാണാൻ വിഷമമില്ല.

ഇവിടെ കവിയുടെ അബോധം ഒരു സംരക്ഷക ന്റെ, പുരുഷാധിപത്യസങ്കല്പങ്ങൾ താലോലിക്കുന്ന പരിഷ്ക്കരണവാദിയുടെ മാതൃകയിലാണ്. ഇതിന്റെ ഫലമെന്നോണം സ്വയംനവീകരണവും ഭാവുകത്വവി ച്ഛേദവും നടക്കാതെ കല്ലിച്ച എഴുത്തായി അത്തരം രചനകൾ നിലനില്ക്കുന്നു. വ്യവസ്ഥീകരിക്കപ്പെടു ന്ന പെണ്ണെഴുത്തിന്റെ ആന്തരികയുക്തിയാണ് ഈ കവികളുടേത് എന്നല്ല ഈ പറഞ്ഞുവരുന്നത്. അ വർ നിലനിർത്തിയ ഭിന്നവർഗ, ദ്വന്ദ്വാത്മകലൈംഗിക ഘടനയും പ്രണയ, കുടുംബ, ദാമ്പത്യസങ്കല്പ ങ്ങളും വിഭാവനം ചെയ്തെടുത്ത സ്ത്രൈണരൂപ ങ്ങളും മേല്പറഞ്ഞ വ്യവസ്ഥകളെ അട്ടിമറിക്കാൻ പ്രാപ്തമായിരുന്നില്ല എന്നാണ്. ചരിത്രത്തെയും രാ ഷ്ട്രീയത്തെയും സംബന്ധിച്ച് സത്താവാദപരമായെ ങ്കിലുമുള്ള പ്രതിരോധ പരികല്പനകൾ വിജയല ക്ഷ്മിയും റോസ്മേരിയും മുന്നോട്ടുവെച്ചിരുന്നില്ല. ആത്മനിഷ്ഠ കാല്പനികതയുടെയും അസ്തിത്വവാ ദ ആധുനികതയുടെയും രണ്ടുതരം ഒഴുക്കുകളിൽ നിന്ന് ഊറിക്കൂടിയ ഉറവയിൽ നിന്നും ഒരു സ്ത്രൈ ണതയെ അവർ സ്വരൂപിച്ചുകൂട്ടുകയായിരുന്നു. മേല് പറഞ്ഞ ധാരകൾ രണ്ടും ഒരു നിലയ്ക്കും അടി സ്ഥാനപരമായി പുരുഷാധിപത്യപ്രവണമായ നിർണ്ണ യനങ്ങളെയും അവബോധങ്ങളെയും ഉലയ്ക്കാത്ത കാഴ്ചപ്പാടുകളാണ്. നിലവിലുള്ള വ്യവസ്ഥയിൽ സ് ത്രൈണത എങ്ങിനെഒഴിവാക്കപ്പെട്ടു എന്നതിനേ ക്കാൾ നിർണായകമാണ് അടിസ്ഥാനപരമായി അത്തരം ഒഴിവാക്കലുകളിലൂടെയും ന്യൂനീകരണങ്ങ ളിലൂടെയും തമസ്കരണങ്ങളിലൂടെയുമാണ് വ്യവ സ്ഥാപിത കലാസാഹിത്യചിന്തകൾ തന്നെ പടുത്ത യർത്തപ്പെട്ടതെന്ന തിരിച്ചറിവ്. അവയാകട്ടെ പൊ തുവായ ഒരു സ്വാംശീകരണയുക്തിയോടെ സ്വീകരി ച്ചതിനെക്കുറിച്ചാണ് നാമിവിടെ ആകുലരാവുന്നത്.

**വീട്ടിടം**

വീട്ടിൽ നിന്ന് പുറത്തേയ്ക്കു കടക്കൽ ആണ് സാവിത്രിയിലും വിജയലക്ഷ്മിയിലും നിന്ന് ഗിരിജയും അനിതയും ഉണ്ടാക്കിയെടുത്ത ഒര കലം, വീട്ടിൽ നിന്നു പുറത്തേക്കു കടന്ന സ്ത്രീ അനിതയിലും ഗിരിജയിലും പക്ഷേ വേറെ വേറെ ദിശകളിലേക്കു സംക്രമിച്ചു നില്ക്കുന്നു എന്നതും

**നിലവിലുള്ള വ്യവസ്ഥയിൽ സ്ത്രൈണ ത എങ്ങിനെഒഴിവാക്കപ്പെട്ടു എന്നതി നേക്കാൾ നിർണായകമാണ് അടിസ്ഥാ നപരമായി അത്തരം ഒഴിവാക്കലുകളി ലൂടെയും ന്യൂനീകരണങ്ങളിലൂടെയും തമസ്കരണങ്ങളിലൂടെയുമാണ് വ്യവ സ്ഥാപിത കലാസാഹിത്യചിന്തകൾ ത ന്നെ പടുത്തയർത്തപ്പെട്ടതെന്ന തിരിച്ച റിവ്.**

ശ്രദ്ധേയമാണ്. "അരനൊടി തങ്ങിനിന്നാൽ അഴുക്കാവുമിനി" എന്നു പറഞ്ഞുകൊണ്ട്  അഴുക്കു മാറ്റി തൂത്തു തുടച്ചു മിനുക്കി പരിപാലിച്ചു പോന്ന ആ വീട്ടിടം അനിത ബഹിഷ്ക്കരിക്കുന്നുണ്ട്. വീട്ടിൽ നിന്ന് അവർ കടന്നതു പക്ഷേ റോഡിലേക്കു തന്നെ. 'പൊതു'ജനത്തിലേക്ക് ഒഴുകുന്ന, കവലയിലേക്കെത്തുന്ന ഒരു റോഡാണത്.  മുറ്റമടിച്ചു നിവരുമ്പോൾ, 'ഇത്ര കാപ്പിമട്ടു കുടിക്കാൻ  ദാഹിക്കു'മ്പോഴും  അതു കൊണ്ടുതന്നെ 'രാവരിച്ചുവന്ന ദിനപ്പത്രം' ഒരു ശ്രദ്ധയായി, സൂചനയായി അവിടെയുണ്ട്. വീടിനു പുറത്തേക്കു കടക്കുമ്പോഴും അവളുടെ കാലിൽ 'നേർത്തൊരു നൂലായി കണങ്കാലി' ൽ (ഇടശ്ശേരി) വീടിഴയുന്നു. അധ്വാനമായി അവളതിനെപെറുക്കിത്തോറ്റുന്നു. ഗാർഹികവും കുടുംബപരവുമായ അധ്വാനം അടിമുടി നിറയുന്ന കവിതകളാണ് അനിതയുടേത്. 'മുറ്റമടിക്കുമ്പോൾ', 'അടിച്ചുതളിക്കാർ', 'അഴുക്ക്', 'അഴകില്ലാത്തവയെല്ലാം' തുടങ്ങിയ കവിതകളിലെല്ലാം അധ്വാനത്തിന്റെയും മെയ്യനക്കങ്ങളുടെയും വസ്തുക്കളും ഉപകരണങ്ങളും കാണാം.

"മീൻ കുട്ടകൾ, വട്ടി,  
കരിമൂടിയ ചട്ടി, കലം  
അമ്മിക്കല്ലുരല്  
നാവുന്തിയ ചിരവത്തടി,  
ഇറയത്തെച്ചൂല്,  
കീറപ്പായ്  
കൂറത്തുണി  
എച്ചിൽപ്പാത്രങ്ങൾ..."

ഇവയെല്ലാം ചേർന്ന് മഴവില്ലിൻ വീട്ടിലേക്കു പോകുന്ന കാഴ്ച്ചയാണ് അഴകില്ലാത്തവയെല്ലാം' എന്ന കവിതയിൽ പറയുന്നത്. 'സംക്രമണം' എന്ന ആറ്റൂർ കവിതയോടുള്ള പാഠാന്തരബന്ധത്തിന്റെ സൂചനകളിലൂടെ ('ഒരു കുറ്റിച്ചൂലും ഒരു നാറത്തേപ്പും!') ചെങ്ങറഭൂസമരത്തെ പിന്തുണച്ചു നടത്തിയ ജാഗ്രതാസമരത്തെക്കുറിച്ചെഴുതുമ്പോഴും വൃത്തിയെന്നതിനെവ്യാപ്തിയോടെ വിശദീകരിക്കുന്നുണ്ട് അനിത. അവിടെ വീട്ടകങ്ങളിലെ അധ്വാനസ്ഥലികളിൽ മാത്രമല്ല, പൊതുവിടങ്ങളിലെ സ്വതന്ത്രമായ ആൺ/പെൺ വ്യവഹാരങ്ങളോടുള്ള സംശയം നിറഞ്ഞ ഗൂഢാന്വേഷണങ്ങളായും സദാചാര വിലക്കുകളായും വൃത്തികേടു നിറയുന്നു. അധ്വാനം വൃത്തിയും അഴകും അഴുക്കും എല്ലാം സ്ത്രൈണതയുടെ അനുഭവങ്ങളിലേക്ക് കൊണ്ടുനിർത്തി പുതിയ മാനങ്ങൾ തീർക്കുകയാണിവിടെ കവി. ശരീരവും, അധ്വാനവും അഴകും ഒന്നിക്കുന്ന 'പാവം' എന്ന കവിതയിൽ ഉടലെഴുത്തിന്റെ പുതിയ ഭാഷ്യങ്ങൾ തീർക്കുന്നു അനിത.

**അധ്വാനം, കല**

അനിതാതമ്പിയും കവിതാബാലകൃഷ്ണനും പൊതുവെ പങ്കിടുന്ന മറ്റൊരു തലം അധ്വാനത്തിന്റെ സർഗ്ഗാത്മകത, കല എന്നതാണ്. 'മുറ്റമടിക്കുമ്പോൾ' അതു വ്യക്തമായി ആവിഷ്ക്കരിക്കുന്നുണ്ട്.

"തൂത്തു നേരം പുലർന്നു വെളിച്ചം  
വീണു വീടിൻ മിഴിതുറക്കുമ്പോൾ  
കാൽച്ചുവടും കരിയില പോലും  
നീങ്ങി എന്തൊരു വൃത്തിയിൽ മുറ്റം"

ശോശാ ജോസഫിന്റെ ചിത്രപ്രദർശനം കണ്ട അനുഭവത്തിൽ അനിത എഴുതുന്ന 'കായ്ച്ച പടി' എന്ന കവിത  നോക്കൂ:

"മുകളിൽത്തന്നെ പണിത മുഴുവൻ മെയ്യ്  
പെണ്ണൊരുത്തി പേറി നിവരും ചുവട്  
തുടച്ചാൽ നീങ്ങാതൊട്ടിപ്പിടിയ്ക്കും കറയായി  
പ്ലാഞ്ചോട്ടിൽ വീണഴുകി മുളയ്ക്കും വിത്തായി  
എല്ലാടവും പരക്കും മണമായി "

അധ്വാനം കലാവിഷ്കാരമാകുന്നതിന്റെ നേർസാക്ഷ്യമാണ് കവിതാ ബാലകൃഷ്ണന്റെ ഗോതമ്പു ശിൽപങ്ങൾ എന്ന കവിത. അടുക്കളയിൽ ചപ്പാത്തി പരത്താനായി കുഴച്ചുണ്ടാക്കിയ ഉരുളകൾ പല ആകൃതികളിൽ ഗോതമ്പുശിൽപങ്ങളായി





രൂപപ്പെട്ടുവരുന്നതിനെക്കുറിച്ച് നിസ്സംഗത കലർന്ന നർമ്മോക്തികളിൽ കവിത വരക്കുന്നു.

കലയെന്നാൽ ..
മുഴുമിപ്പിക്കാത്ത അന്വേഷണം
തിന്നാൻ കിട്ടാത്ത അപ്പം
അപ്പത്തിനില്ലാത്ത രുചി
(ക്ലാസ്സിൽ തീരാത്ത ചിത്രങ്ങൾ)

പെൺകലയെക്കുറിച്ച്, സർഗാത്മകതയെക്കുറിച്ചു തന്നെയുള്ള ഒരു കവിതയാണ് അനിതയുടെ 'വരവ്'. വ്യവസ്ഥാപിതമായ അർത്ഥത്തിൽ സ്ത്രീസർഗാത്മകതയെക്കുറിച്ചുള്ള ഒരു രാഷ്ട്രീയകവിതതന്നെയാണിത്. എഴുത്തിന്റെ പാരമ്പര്യത്തിലെ പിതൃമേധാവിത്വത്തെ നേരിട്ട് അഭിസംബോധനചെയ്യുകയാണീ കവിത.

"ആര് പെണ്ണേ നിൻ മുത്തശ്ശൻ ?
നാടുവാഴിത്തം വീണ കാലത്തെ
ജന്മിയാണെന്റെ മുത്തശ്ശൻ.
അച്ഛനോ?
അച്ഛൻ ജന്മീ ഛായയിൽ
ജന്മം കൊണ്ടൊരു കമ്യൂണിസ്റ്റ്.
അമ്മ, മുത്തശ്ശി?
ഓർക്കുന്നില്ലവരൊക്ക
പെണ്ണുങ്ങൾ തന്നല്ലേ?
കേൾക്കട്ടെ ഒരു പെൺകവിത,
ഓ, വരില്ലത്
തെരണ്ടിരിപ്പാണ്..."



നാഗരികമായ ഒരു ആധികാരികസ്ഥലരാശിയിൽ നിന്നു കൊണ്ട് പുരുഷാധിപത്യത്തിന്റെ പ്രബലയുക്തികൾക്കു നേരെ പിടിച്ച കണ്ണാടികളായി പലപ്പോഴും ഈ കവിതകൾ മാറുന്നുണ്ട്. രാഷ്ട്രീയം, ചരിത്രം, നാഗരികത, പുരോഗമനം തുടങ്ങിയ വൻ എടുപ്പുകളുടെ പ്രത്യയശാസ്ത്ര അധീശത്വത്തെ അബോധത്തിൽ വഹിച്ചുകൊണ്ടുതന്നെയാണ് അനിത എഴുതുന്നത്. ആ അറിവുകളെ വർത്തമാനകാലത്തിൽ നിന്നു കൊണ്ടുള്ള മിണ്ടിപ്പറച്ചിലുകളാക്കുന്നു, അനിത. സാർവ്വകാലികവും സാർവ്വലൗകികവുമല്ല, ആ അറിവ് . പക്ഷേ അവ ചരിത്രത്തിന്റെ ഒഴുക്കിനെ, അധികാരകേന്ദ്രീകരണങ്ങളെ മാറിനിന്നു നോക്കുന്നുണ്ട് (അരിവാൾ). വെളിയിലേക്കു കടന്നുനിന്നു കൊണ്ടുള്ള ഈ അടക്കിപ്പറച്ചിലുകൾ അനിതയുടെ കവിതകളെ തദ്ദേശീയതയുടെയും വർത്തമാനകാലത്തിന്റെയും കൂടുതൽ തനിമയുള്ള പുറം കവിതകളാക്കുന്നുണ്ട്.

ദളിത് സ്ത്രീകവിതകളിലും തൊഴിൽ കലയായി മാറുന്ന സന്ദർഭങ്ങൾ സാമാന്യമായി കാണാം. ഭാവനാത്മകമായ ഒരു സാധ്യതയായിരിക്കുമ്പോൾ തന്നെ ദളിത് സ്ത്രീകവിതയിൽ അത് അടിസ്ഥാനപരമായ അടിയന്തര ഭൗതികസാഹചര്യങ്ങളിലേക്ക് സന്ദർഭങ്ങളെ ഉണർത്തിയെടുക്കുകയും ചെയ്യുന്നുണ്ട്. ധന്യ എം.ഡി.യുടെ 'നെയ്തുനെയ്തെടുക്കുന്നവ' അത്തരത്തിലൊന്നാണ്. വിളക്കിൻ തുമ്പത്തെ ചെമപ്പിൽ ഉറ്റുനോക്കിയിരുന്നു പായ നെയ്യുന്നതിനെക്കുറിച്ചതു പറയുന്നു.

'പലരുടെ പഠിത്തങ്ങൾ
നാട്ടു വെടി വട്ടങ്ങൾ
കുറിക്കണക്ക് പരാതികൾ
അരിക്കണക്ക്
മഞ്ഞളുപ്പ്, മുളക് ചേരുവകൾ

അപ്പോൾ
തേരും ചതുരവും
പൊന്നു തീർത്ത്
നടുവൊന്നു തിരുമ്മി
നിവർത്തെഴുന്നേൽക്കുമ്പോൾ
..... ....
പടരുന്നുണ്ടൊരാശ്വാസം
നാളെയാരാൾക്കു വണ്ടിക്കൂലിയായി.'

ചെന്നു മുട്ടുന്നത് അതിജീവനത്തിന്റെ ഭൗതികഅടിത്തറയിലാണ്. എസ്.ജോസഫിന്റെ കൊട്ടുമായുള്ള താരതമ്യം അതു വ്യക്തമാക്കും. അത് മുഖ്യധാരാ പെൺകവിതകളിലെ ഗാർഹിക അധ്വാനസംസ്കാരത്തിൽ നിന്നു വ്യത്യസ്തമാണ്. വിജിലയുടെ 'കയ്ക്കലത്തുണികളി'ൽ അധ്വാനത്തിന്റെ ലിംഗപരമായ പരിപ്രേക്ഷ്യം കടന്നുവരുന്നു. കാണാപ്പണികളുടെ അടുക്കളവട്ടത്തിൽ അഴുക്കടിഞ്ഞ്, വിഴുപ്പു കുമിഞ്ഞ് ഉറച്ചുപോയ ഒരു പാറയായി കയ്ക്കലത്തുണികൾ, സ്ത്രീജീവിതം. അത് 'കറുത്തകല്ലി'(എസ്.ജോസഫ്) ന്റെ സ്വച്ഛമായ പുറം സ്വാതന്ത്ര്യം അനുഭവിക്കുന്നില്ല.

**ഭാഷയുടെ തകർക്കൽ**

രൂപമില്ലാത്തതും എല്ലായിടത്തും വ്യാപിച്ചുകിടക്കുന്നതുമായ സ്ത്രൈണ ലൈംഗികതയ്ക്കു സമാനമാണ് സ്ത്രൈണഭാഷയെന്ന് ലൂസി ഇറിഗറെ പറയുന്നു. ഒന്നിനെയും ചിറകെട്ടി നിർത്തലല്ല, തുറന്നുവിടലാണത് എന്നവർ പറയുന്നു. ആ തുറന്നുവിടൽ പല ഭിത്തികളെയും ഭേദിച്ച് സംരക്ഷിക്കപ്പെട്ട ഇടങ്ങളെ തകർത്ത് പരന്നൊഴുകലിനു കാരണമായേക്കും. മാമൂലുകൾ മൂല്യങ്ങളിൽ എന്നതുപോലെ തന്നെ ഭാഷയുടെ അടിസ്ഥാനങ്ങളിലും പ്രവർത്തിക്കുന്നതിനാൽ ഇത് അനിവാര്യവുമാണ്. ഭാഷയിലെ വരേണ്യവും സുരക്ഷിതവുമായ മേഖലകളെ പലപ്പോഴായി സ്ത്രീകവികൾ തങ്ങളുടെ എഴുത്തുകൊണ്ട് തകർത്തെറിഞ്ഞിട്ടുണ്ട്.

അനിതാ തമ്പിയുടെ 'പ്രേതം' എന്ന കവിത നോക്കൂ...

"അന്നോളം പിറന്ന പെണ്ണുങ്ങളത്രയും
മുഖം മിനുക്കി
മുടിക്കെട്ടിൽ പൂചൂടി
ആടിക്കുഴഞ്ഞ് വഴിനിറഞ്ഞ്
പ്രചണ്ഡമഹാഭോഗത്തിലേക്ക് ക്ഷണിക്കുന്നതു കണ്ട്
അന്തം വിട്ടുണർന്ന്,
എണ്ണമറ്റ ചുണ്ടുകളും മുലകളും അടിവായകളും വിട്ട്
കുതിച്ചുവന്ന നിലകിട്ടാനീറ്റിൽ
പൊങ്ങിത്താണ്..."

വിധ്വംസകവും വിഭ്രാത്മകവുമായിമാറുന്ന പദകോശങ്ങളുടെ നിര നാമിവിടെ കാണുന്നു. അമേരിക്കൻ സ്ത്രീകവിതയെക്കുറിച്ചു പഠിച്ച അലീഷ്യാ ഓസ്ട്രിക്കർ അവതരിപ്പിക്കുന്ന മൊഴിക്കൊള്ള എന്ന ആശയത്തോടു ബന്ധിപ്പിക്കാം ഈ അവസ്ഥയെ. പുതിയൊരു ഭാഷ പണിതെടുക്കുന്നതിനേക്കാൾ നിലനിൽക്കുന്ന ഭാഷയിലെ സംരക്ഷിതപ്രദേശങ്ങളെ ആക്രമിച്ചു കൊള്ളയടിക്കാനാണ് പെൺകവികൾ ശ്രമിക്കുന്നതെന്നവർ കണ്ടെത്തുന്നു. (സച്ചിദാനന്ദൻ:)

. സാരി എന്ന സാവിത്രി രാജീവന്റെ കവിതയിൽ

"സാരിയല്ല
എന്റെ ഇഷ്ടവേഷം
എന്തെന്നാൽ
രണ്ട് കാലുകൾ ഒന്നാക്കിമാറ്റി
അല്ലെങ്കിൽ
കാലുകൾതന്നെ മാറ്റി അതെന്നെ
താമരപ്പൂവിലോ
ഭാരതമധ്യത്തിലോ
പ്രതിഷ്ഠിക്കുന്നു"

എന്നു പറയുന്നു. ഇവിടെ ഭാരതമദ്ധ്യം, താമരപ്പൂവ് തുടങ്ങിയ വാക്കുകളിലെ മൊഴിക്കൊള്ള രാഷ്ട്രീയമാണ് എന്നു പറയേണ്ടതില്ല.

'ടച്ച് മി നോട്ട്' എന്ന ഗിരിജാ പാതേക്കരയുടെ കവിതയിലെ തൊട്ടുപോകരുത് എന്ന ജാഗരൂകമായ താക്കീതിന്റെ സ്വരം കാലം ആവശ്യപ്പെട്ടതുതന്നെ.

**സ്ത്രീയെന്ന കൂട്ടം**

പുതിയ പെൺകവിതകളിലെ സ്ത്രീ അതിന്റെ സത്തയിൽ ഒരു സ്ഥിരരാശിയല്ല. അതു നിരന്തരം സംക്രമിച്ചു കൊണ്ടിരിക്കുന്നു. അതു കൊണ്ടുതന്നെ വിജയലക്ഷ്മിയിലും സാവിത്രിയിലും മറ്റുമുള്ള 'ഞാൻ' ആയ പെണ്ണല്ല ഇവിടെ കാണുക. സ്ത്രീ ഒരു ഗണമായാണ്, കൂട്ടായ്മയായാണ് ഗിരിജയിൽ കടന്നുവരുന്നത്. 'ഞാന'ിനു പകരം ഞങ്ങൾ – അത് രണ്ടുപേരാവാം. ഒരു പക്ഷെ ഒരു പറ്റവുമാകാം. ഇതു പ്രത്യക്ഷ അർത്ഥത്തിലുള്ള ഒരു രാഷ്ട്രീയക്കൂട്ടായ്മ (political collective) അല്ല തന്നെ. സ്ത്രീയായി



രിക്കുക എന്നതിന്റെ രാഷ്ട്രീയമായ ആധികാരികത ഇല്ലാത്തതുകൊണ്ടുതന്നെ ബോധപൂർവ്വതയേക്കാൾ, പ്രബുദ്ധതയേക്കാൾ, ജൈവികതയാണ് ഗിരിജയുടെ കവിതകളിലെ സ്ത്രീയവസ്ഥയുടെ ആധാരം. സ്ത്രീയുടെ അടയാളങ്ങൾ അവൾ തന്നെ വരഞ്ഞുവെക്കുന്നു. പുരുഷനോടുള്ള കാമനകളെ ക്കൂടി സ്വതന്ത്രമായി എഴുതുവാനുള്ള ഒരു ജൈവികതയാണത്. ആൺ/പെൺ ദ്വന്ദ്വത്തിന്റെ ഘടനശക്തമായ വിജയലക്ഷ്മി, സാവിത്രികവിതകളിൽ നിന്നു വ്യത്യസ്തമായി സ്ത്രീകളും സ്ത്രീകളും തമ്മിൽ പങ്കുവെക്കുന്ന സഖീത്വം, 'യോഗേശ്വരി', 'ഒറ്റക്കായ ഒരു കളിക്കൂട്ടുകാരിയോട്', 'റാഷമൊൺ', 'പഴയ ഒരു കൂട്ടുകാരി നബീസ' എന്നിങ്ങനെനിരവധി കവിതകളിൽ നിറയുന്നു. പ്രകൃതിയും സ്ത്രീയും കലർന്നുകാണപ്പെടുന്ന ചില ഗോഗിൻ ചിത്രങ്ങളെ അവ ഓർമ്മിപ്പിക്കുന്നു.

**ഉടലെഴുത്ത്**

പുരുഷശരീരം ഗിരിജയുടെ കവിതകളിൽ സ്വതന്ത്രമായ പ്രാപഞ്ചികദാഹമായി, അഭയമായി കടന്നു വരുന്നു. ('അവൻ') സ്വാസ്ഥ്യത്തിന്റെയും അലിവിന്റെയും കടലാണത്. ആൺകോയ്മാവിമർശനത്തിന്റെ പ്രത്യയശാസ്ത്രവിവക്ഷകളിൽ സാധൂകരിക്കപ്പെടാനുള്ള വ്യഗ്രതയില്ലാതെത്തന്നെ, പെണ്മയെ സമർത്ഥനം ചെയ്യുക എന്നതാണിവിടെ നടക്കുന്നത്. ഫെമിനിസത്തിന്റെ വാർപ്പുമാതൃകയിലുള്ള ഊറ്റങ്ങളില്ലാതെ, സ്ത്രീപക്ഷപ്രബുദ്ധതയുടെ പതിവുയുക്തികളില്ലാതെ, അലസമായ പ്രകൃതിക്കാഴ്ചകളും



പ്രണയകൗതുകങ്ങളുമായാണ്, ചിലപ്പോഴെങ്കിലും, സ്ത്രീരചനകളിൽ പൊതുവെ അപരിചിതമായ ആത്മീയാനന്ദങ്ങളിൽ നിന്നു കൊണ്ടാണ്, ഗിരിജ ഉടലിനെ എഴുതുന്നത്. ഗിരിജയുടെ ഉടലെഴുത്തിലെ ഒരടര് വയസ്സാവലാണ്, അതിന്റെ പേടിപ്പെടുത്തുന്ന യൗവനനഷ്ടമാണ്. സുന്ദരം യൗവനയുക്തമല്ലാത്തതിന്നില്ലാ തൊടൽക്കൊതിയെന്നോ?"('പേടി') എന്നു വ്യക്തമായി ഈ ഭയം ഗിരിജയെഴുതുന്നുണ്ട് .നരച്ച മുടി എന്നത് യൗവനനഷ്ടത്തിന്റെ പ്രത്യക്ഷരൂപകമായിത്തന്നെ 'തളിരിലകളായിരുന്ന തവിട്ടിലകളി'ലും 'നരച്ച മുടിയിഴ'കളിലും തെളിയുന്നു.നിലാവിനും വെയിലിനുമിരുട്ടിനും കയറാൻ പഴുതില്ലാതെ കടലിൽ പകുതി മുങ്ങിത്താഴ്ന്നു കഴിയുന്ന ഒരു ഓട്ടത്തോണി പോലെയാവുന്ന, യൗവനം വിട്ടൊഴിയുന്ന ഉടൽ. നരയ്ക്കല്ലേ എന്ന് മുടിയിഴകളോട് കാറ്റ് താണുകേണു പറയുന്നു.

"നീ ഇല്ല......
ഞാൻ അതിനാലേയില്ല....
ശിലയാൽ വെൺതേക്കാൽ കളിമണ്ണാൽ
സ്മൃതിയാക്കപ്പെട്ടോരുടൽ മാത്രം
രണ്ടു മുലകളും പാറും മുടിയിഴകളും
നിന്റെ അടുത്തില്ലായ്മയും!" ('ജലം കല്ലാകുംവിധം')എന്ന് കനത്തുവരുന്ന ഇല്ലായ്മ തന്നെയാണീ യൗവനം കൊഴിയുന്ന ഉടൽ.

സ്ഥിരമല്ല, ചരമാണിവിടെ സ്ത്രൈണതയുടെ മുദ്ര. വെറും ചലനമല്ല, ഒഴുക്കുതന്നെയാണിവിടെ പ്രധാനം. ദേഹം ഒരു പ്രാപഞ്ചികാവസഥയായിരിക്കുമ്പോഴും അതിന്റെ പുറത്തുകടക്കാനുള്ള ഏതോ ആത്മീയ(?)വാഞ്ഛ കവിയിൽ ശക്തമാണ് എന്നാണീ കവിത കാണിക്കുന്നത്. പലതായി പരക്കാനും പലതിലേക്കു സംക്രമിച്ച് ഇല്ലാതാവാനുമുള്ള ഒരു ആനന്ദനിർവേദ(?!)വാഞ്ഛ കലർന്ന ഒരവസ്ഥയാണിവിടെ പലമയായി അസ്ഥിരതയായി കവി എഴുതുന്നത്.

**സ്ഥലം, ജലം**

സാവിത്രിയുടെ കവിതകൾ വീടിനകത്തിരുന്ന് ജനലിനെപുറത്തേയ്ക്കു നോക്കുമ്പോൾ, അനിതയുടെ കവിതകൾ നാലും കൂടിയ വഴികളിലേക്കു പോകുമ്പോൾ ഗിരിജയുടെ കവിതകൾ വീടിന്റെ പിൻവാതിലിലൂടെയിറങ്ങിയാണീ ഈ കാട്ടുപൊന്തകളിലേക്കും അവയുടെ വന്യഗന്ധങ്ങളിലേക്കും എത്തിയത്. സ്ഥലം ഗിരിജയിൽ പൊതുവെ ആധികാരികതകളില്ലാതെ കടന്നു വരുന്നു. വിജയലക്ഷ്മിയും സാവിത്രിയും നിൽക്കുന്ന മഹാചരിത്രകാലങ്ങളുടെ, അതീതസ്ഥലഭൂമികയല്ല, അനഭിജാതമായ പര്യമ്പുറങ്ങളാണിവിടെ സ്ഥലം.

ഒഴുക്കും പരക്കലും തണുപ്പും തളം കെട്ടലും

ചേർന്ന ജലപ്രകൃതി ഗിരിജയുടെ കവിതയിൽ സമ്പന്നമാണ്. ജലം, നനവ്, നിലാവ്, രാത്രി, ഇരുട്ട്, തണുപ്പ്, എന്നിങ്ങനെനിരന്നുവരുന്ന വാക്കുകൾ ഒരു ചിത്രകാരി വരച്ചിട്ട ശീതളഛായ പോലെ കവിതയിൽ പടരുന്നു. 'പാഥേർപാഞ്ചാലി'യിലെ നിശ്ചിന്തിപുരത്തിലെ കുഗ്രാമീണമായ കാട്ടുപൊന്തകളും ഇടവഴികളും ഓർമ്മിപ്പിക്കുന്ന അസംസ്കൃതമായ, പച്ചയായ, ചെത്തിമിനുക്കാത്ത ഒരു പ്രകൃതിയിൽ നിന്നു കൊണ്ടാണീ പെൺവാഴ്വ്.

**അതിരുകൾ മായുന്ന ലിംഗക്രമം**

ആൺ/ പെൺ ഭേദത്തിന്റെ ധ്രുവീകരിക്കപ്പെട്ട ഭിന്നവർഗസ്വഭാവത്തിലാണ് വിജയലക്ഷ്മിയിലും സാവിത്രിയിലും പ്രണയം, ലൈംഗികത മുതലായവ കടന്നുവരുന്നത്. ഗിരിജയിലേക്കു വരുമ്പോൾ ഈ ക്രമത്തിനും ഭിന്നതയ്ക്കും അതിരുകൾ മായുന്നു. ശരീരം, ലിംഗം, ലിംഗപദവി, ലൈംഗികത എന്നിവയെ സംബന്ധിച്ച പതിവുയുക്തികൾ ഇവിടെ കുറവാണ്. കാമനഎന്നത് സ്വത്വസമർത്ഥനത്തിന്റെ പുതുലിപികളായി ഈ കവിതകളിൽ നിറയുന്നു. മുൻപു സൂചിപ്പിച്ച ആനന്ദനിർവേദവാഞ്ഛകളുമായി അത് ഇഴചേരുന്നു.

സഖീത്വം എന്ന ഘടനയ്ക്കുള്ളിൽ നിർത്താവുന്ന രചനകളിലും ഒരു സ്ത്രീ/ സ്ത്രീ ബന്ധത്തിന്റെ കടന്നു കയറൽ കാണാം. ആൺ / പെൺ ഭിന്നവർഗലൈംഗികതയുടെ ബോധപൂർവ്വമുള്ള നിരാസമല്ലെന്നു തോന്നുമെങ്കിലും ഫലത്തിൽ അവ അങ്ങനെയായിത്തീരുകയാണ്. നിർബ്ബന്ധിത ഭിന്നവർഗലൈംഗികതയും (compulsory hetero-sexuality) പുരുഷാധിപത്യവും തമ്മിലുള്ള അനിവാര്യമായ ചാർച്ചയെക്കുറിച്ച് ജൂഡിത് ബട്‌ലർ എഴുതിയതോർക്കുക. പെണ്ണുടലിനെയും പെൺകാമനകളെയും എഴുതുമ്പോഴും ഒരു സ്വവർഗപ്രവണമായ ആഖ്യാനദിശ ഗിരിജയിൽ തെളിഞ്ഞുവരുന്നുണ്ട്. പ്രകൃതിയിൽ നിന്നു സ്ത്രീയിലേക്കും തിരിച്ചും, സ്ത്രീകൾ തമ്മിലും പങ്കിടുന്ന ശാരീരികതകളും വൈകാരികതകളും ഭാവപ്രപഞ്ചങ്ങളുമായി അവ കവിതകളിൽ കടന്നുവരുന്നു. അവിടെ ആണും പെണ്ണുമില്ല. സഹോദരിയെന്നോ സുഹൃത്തെന്നോ തീർപ്പുകളില്ല, അവിടെ.

"അവൾ തഴുകുന്നു മറ്റൊരുവളെ
രണ്ടു സ്ത്രീകൾ നിലാവത്ത്
രണ്ടു സ്ത്രീകൾ മരച്ചോട്ടിൽ
രണ്ടു സ്ത്രീകൾ പുതപ്പിന്റെ ഉള്ളിൽ "
('പലയിടങ്ങൾ')

പലതായി കലർന്ന് കൂടിക്കുഴഞ്ഞ ഈ അനുഭവലോകത്ത് സന്ദിഗ്ദ്ധതയുടെ അടയാളമാണിവിടെ കവിമനസ്സ്. ഈ സന്ദിഗ്ദ്ധതകളാണ് ഗിരിജയുടെ കവിതകളിൽ ബലിഷ്ഠമല്ലാത്ത, കോയ്മകളില്ലാത്ത, തീർപ്പുകളിൽ സ്വസ്ഥമല്ലാത്ത, അലച്ചിലുകളുടെ ഉർജ്ജസ്വലതകളായി ഒഴുകിയെത്തുന്നത്. ഏതൊരു സ്വപ്നവും വ്യവസ്ഥീകരിക്കപ്പെടുന്നതോടെ, വിപണിവൽക്കരിക്കപ്പെടുന്നതോടെ അതിന്റെ സർഗാത്മകതയും വിമോചനാത്മകതയും തകർക്കപ്പെടുന്നു. എന്നാൽ സ്ത്രീവാദഭാവുകത്വത്തിന്റെ ഡോഗ്മകളെ സംവാദാത്മകമാക്കാൻ ഈ കവിതകൾക്കു കഴിയുന്നു. അത്തരം എഴുത്തുകളുടെ തുടർച്ചകൾ ഉമാരാജീവി(ഇടം മാറ്റിക്കെട്ടൽ)ലും സന്ധ്യ.എൻ.പി.(ശ്വസിക്കുന്ന ശബ്ദം മാത്രം)യിലുമൊക്കെയായി കണ്ടുതുടങ്ങിയിരിക്കുന്നു. സ്ത്രീവാദഭാവുകത്വം ശരവ്യമാക്കിയിരുന്ന മാതൃത്വത്തെയും മുലയൂട്ടലിനെയും അമ്മ/പെൺമക്കൾ ഗാർഹികതയെയും മറ്റും വേറിട്ടൊരു നോട്ടക്കണ്ണിലൂടെ വരച്ചുവെയ്ക്കുകയാണീ കവികൾ. സ്വപ്രാമാണികവും സൗന്ദര്യാത്മകവുമായ ഇടമാക്കി വീടുൾപ്പടെയുള്ള അകംലോകങ്ങളെ ഇവർ പുതുക്കിയെഴുതുന്നു.

**ഉണങ്ങിയ വിത്തിനുള്ളിലെ പൂച്ചെടികൾ**

എന്നാൽ മലയാളത്തിലെ ദളിത് സ്ത്രീകവിതകളെ ഒരു സംവർഗമായി നോക്കിക്കാണുമ്പോൾ ഭാവനാപരവും പ്രത്യയശാസ്ത്രപരവുമായ ധാരാളം വിച്ഛേദങ്ങൾ നാം കാണുന്നു. ഒരേസമയം തെളിച്ചം നിറഞ്ഞ ഭാവനയും ഊർജസ്വലമായ ആവിഷ്കാരവുമാണവ.. മലയാളകവിതയുടെ ഒരു തരം അപാരമ്പര്യം ഈ കൃതിയിൽ പ്രവർത്തിക്കുന്നു. ഉണങ്ങിയ കായക്കുള്ളിൽ വിത്തു മറഞ്ഞിരിക്കുന്നതുപോലെ വിധ്വംസകമായ ഈ അപാരമ്പര്യം നമ്മെ മറുവായനകളിലേക്കു തന്നെ പ്രേരിപ്പിച്ചുകൊണ്ടിരിക്കും. പുതുകവിതയുടെ മുഖ്യധാരയിൽ നിന്നുമാത്രമല്ല സ്ത്രീഭാവുകത്വത്തിന്റെ ജനപ്രിയഘടനയിൽ നിന്നും ഈ കവിതകൾ വഴിപിരിയുന്നു. സ്വമേധയാ അവയുടെ വിമർശനസ്ഥാനങ്ങളെ പുര:ക്ഷേപിക്കുകയും ചെയ്യുന്നു. കീഴാളജ്ഞാനമണ്ഡലത്തോടു സവിശേഷമായി നടത്തുന്ന സംവാദങ്ങൾ ഇവിടെ അതിസൂക്ഷ്മമായ, വ്യത്യസ്തമായ ഒരു ജൈവഭൂമികയായി വികസിക്കുന്നുണ്ട്. കീഴാളാനുഭവങ്ങൾക്കകത്തെ ദുർബലമായ മാഴ്കലിനെതെളിച്ചവും ഊർജവുമുള്ള നിറചിരികളാക്കി മാറ്റുകയാണ് ഈ കവിതകൾ. കീഴാളജീവിതത്തെ സംബന്ധിച്ച അവശതകളും ദുർബ്ബലതകളും പരാധീനതകളും ഈ രചനകൾക്കകത്തെ അനുഭവലോകത്തിന്റെ ആസ്പദങ്ങൾതന്നെ. എന്നാലവ ആഘോഷിക്കപ്പെടുന്നില്ല.

സ്വന്തം അനുഭവങ്ങളുടെ പുറത്തുള്ള ആധികാരികതയാണ് കവിയെ ഭാഷയാക്കുന്നത്, ഭാഷണകേന്ദ്രമാക്കുന്നത്. പ്രണയത്തിനകത്ത് അവൾ സ്വയം ആഖ്യാനകർതൃത്വമായി സ്ഥാപിച്ചെടുക്കുന്നു.

"എന്നെയിഷ്ടപ്പെടുന്നതത്തയ്യലാളി

ന്നന്തരംഗമല്ലർദ്ധദാരിദ്ര്യം
കന്യമാർക്കു നവാനുരാഗങ്ങൾ
കമ്രശോണസ്ഫടികവളകൾ
പോലെ"(കുടിയൊഴിക്കൽ) എന്ന് അപരമാക്കപ്പെട്ട നിലയിൽ നിന്നവൾ കുതറി മാറുന്നു. അവൾ പറയുകയും അയാൾ കേൾക്കുകയും ചെയ്യുന്ന ഒരു സന്ദർഭമായി ഇപ്പോൾ കവിത മാറിയിരിക്കുന്നു. അതിനാൽ പ്രണയവിചാരം വിചാരണയായി മാറുന്നു. 'പ്രണയമരം' എന്ന സതി അങ്കാമലിയുടെ കവിത നോക്കൂ:

"ഞാനതു തലകീഴായ് കുഴിച്ചിട്ടു...
മണ്ണുപുരണ്ടപച്ചയ്ക്ക്-
ജീർണ നിശബ്ദത!
ആകാശം കണ്ട വേരുകൾ
വാ പിളർന്ന് .....
ഞെരിച്ചുടച്ച്
അടർന്നു വീണ മഴവില്ലിനൊപ്പം
വിചാരണക്കിട്ടു."

പെണ്ണുടലിന്റെ ഊർജ്ജപ്രവാഹം, ജൈവിക ചോദനകൾ അവളെ ഉർവ്വരമായ, ഉറവയായി കണ്ടെടുക്കുന്നു.

"എന്റെ രക്തദിനങ്ങൾ കഴിഞ്ഞുള്ള
രാവുകൾ, പകലുകൾ
എത്ര ആനന്ദകരമാണ്
അതു പൂവുകൾക്കും
പച്ചപ്പുകൾക്കും
യുദ്ധം ജയിച്ചവളുമാർക്കുമൊപ്പം
തലയുയർത്തി നിൽക്കുന്നു."
(വീണപൂവിനും വിരിയുന്ന പൂവിനും മധ്യേ- വിജില)

ഇപ്രകാരം സ്വയം മുക്തമായ ഒരുഭാഷണ/ ആഖ്യാനകേന്ദ്രമായ സ്ത്രീ എങ്ങനെമുഖ്യധാരാ പെൺകവിതയോടു സംവദിക്കുന്നു എന്നതു പ്രധാനം തന്നെ.

വൈകാരികതകളെ ആത്മീയമായ പടർച്ചകളിലേക്കു നയിക്കുന്ന പ്രപഞ്ചബോധം ഇവിടെ അടിയടരായി നിൽക്കുന്നുണ്ട്. പ്രകൃതിയും മാതൃത്വവും ശരീരവും അധ്വാനവും പ്രണയവുമെല്ലാം ചേർന്ന ഒരവസ്ഥയായി അത്.എം.ആർ.രാധാമണിയുടെ 'തരിച്ച കതിരുകളി'ൽ കാണാം.

"പാടത്തിനു നടുവിൽ
നൊന്തും വെന്തും
മൊലപ്പാലു കെട്ടിക്കിടന്നും
തരിച്ചു നിന്നൊരു കതിരുണ്ട്"
'വയലിന്റെ ചിത്രകാരനി'ലെ (ഇടശ്ശേരി)
('ഇരുളിൽ കാതലിലുളികൾ ചെത്തിച്ച
ച്ചതുരം ചതുരം ചെത്തിമിനുക്കി
ട്ടുഡുനയനങ്ങളമിഴ്ത്തീട്ടൊരു
ശില്പ വിശേഷം...') അധ്വാനിയായ പുരുഷനെയല്ല നാമിവിടെ കാണുന്നത്. ഇവിടെ ഈ വയൽ തന്നെയാണ് ചിത്രവും ചിത്രകാരിയും. മെലിഞ്ഞൊ

**മെലിഞ്ഞൊട്ടിയ "കറുത്ത ഉടുക്കാകുണ്ടൻ വരമ്പുകൾ' വയലിൽ രാപകൽ അധ്വാനിക്കുന്ന അവളുടെ നിർമിതിയാണ്. പ്രകൃതിയുടെ ഉപകരണാത്മകയുക്തി ഇവിടെ കാണുന്നില്ല. മറിച്ച് സജീവമായ ക്രിയാംശമായി സ്വയം വെളിപ്പെട്ടുകിടക്കുയാണിവിടെ പ്രകൃതി. ദളിത് അനുഭവലോകത്തെ പ്രകൃതി അധ്വാനവും അതിജീവനവും ആവാസപരിസ്ഥിതി (വമയശമേ) യുമൊക്കെയായി ഇഴചേർന്നു കിടക്കുന്നു.**

ട്ടിയ 'കറുത്ത ഉടുക്കാകുണ്ടൻ വരമ്പുകൾ' വയലിൽ രാപകൽ അധ്വാനിക്കുന്ന അവളുടെ നിർമിതിയാണ്. പ്രകൃതിയുടെ ഉപകരണാത്മകയുക്തി ഇവിടെ കാണുന്നില്ല. മറിച്ച് സജീവമായ ക്രിയാംശമായി സ്വയം വെളിപ്പെട്ടുകിടക്കുകയാണിവിടെ പ്രകൃതി. ദളിത് അനുഭവലോകത്തെ പ്രകൃതി അധ്വാനവും അതിജീവനവും ആവാസപരിസ്ഥിതി (habitat) യുമൊക്കെയായി ഇഴചേർന്നു കിടക്കുന്നു. പി. ലിസയുടെ 'ഉതപ്പിൽ'വാമൊഴി ഭേദങ്ങളായി അതു പ്രത്യക്ഷപ്പെടുന്നു. അജിതയുടെ 'മഴക്കൊയ്ത്തിൽ' മഴയും കൊയ്ത്തും ഒന്നു ചേരുകയാണ്. പ്രകൃതി എപ്പോഴും ജീവിതത്തിനകത്ത് , അതിന്റെ സ്ഥലരാശികൾക്കകത്ത് ഉൾപ്പെട്ട് നിൽക്കുകയാണ്.

**ശരീരം**

1990 കളോടെ മലയാളത്തിൽ ശക്തിപ്പെട്ടു വന്ന പെണ്ണെഴുത്തിൽ ഏറ്റവും പ്രബലമായി വന്ന ഒരു ധാര ശരീരമെഴുത്തിന്റേതായിരുന്നു. വിലക്കുകളുടെയും കാമനകളുടെയും സൗന്ദര്യരാഷ്ട്രീയം ശരീരത്തെ മുൻനിർത്തി ആവിഷ്ക്കരിക്കപ്പെട്ടു. 2000ങ്ങളോടെ ശരീരമെഴുത്തിന്റെ രാഷ്ട്രീയസ്വഭാവം കൂടുതൽ പ്രകടമായിത്തീർന്നു. എന്നാൽ മെല്ലെയാണെങ്കിലും രൂപപ്പെട്ടു വന്ന പ്രതിസന്ധി ആൺ /പെൺ ബന്ധങ്ങളുടെ ആവിഷ്ക്കാരത്തിലായിരുന്നു. ദ്വന്ദ്വഘടനയിലുള്ള, ഭിന്നവർഗ ലൈംഗികതയിലുള്ള ഊന്നൽ സ്ത്രീയെ ഇരയായും പുരുഷനെവേട്ടക്കാരനായും സ്ഥിരീകരിച്ചു കൊണ്ടിരുന്നു. സൗന്ദര്യശാസ്ത്രപരമായി കല്ലിച്ച അവസ്ഥ പതുക്കെ വഴിമാറുന്നത് 2010 നുശേഷമുള്ള പുതുകവിതയുടെ സമൃദ്ധിയിൽ തന്നെയാണ് വി.എം.ഗിരിജയും, അനിതാതമ്പിയും, ഗിരിജാപാതേക്കരയും, ആശാലതയും, ബിന്ദുകൃഷ്ണനും മറ്റും ലൈംഗികത എന്ന സംവർഗത്തെ സാമൂഹികവും ചരിത്രപരവും ആത്മീയവും ആത്മ

നിഷ്ഠവുമായ പലതലങ്ങളിൽ പരിചരിച്ചുകൊണ്ടെ ഴുതി. പ്രതീകാത്മകതയുടെ ഇടനിലകളിൽ നിന്നും മുക്തമായ ശരീരം നേരിട്ടു മൂർത്തമായി കവിതക ളിൽ നിറഞ്ഞു.

സ്ത്രീരചനകളുടെ ചരിത്രപരമായ ഈ സന്ദി ഗ്ദ്ധഘട്ടത്തിലേക്ക് കണ്ണിചേർത്തു മനസ്സിലാക്കേണ്ട വയാണ് ദളിത് പെൺകവിതകളിലെ ശരീരമെഴുത്ത്. കാരണം അതിൽ മേൽപ്പറഞ്ഞ ധാരകളോടുള്ള ഇടർച്ചകളും തുടർച്ചകളും അടയാളപ്പെട്ടു കിടക്കു ന്നു. ശരീരത്തെ ഭൗതികമായി, മൂർത്തമായി ആഗ്ര ഹങ്ങളുടെയും അധ്വാനത്തിന്റെയും വിനിമയകേന്ദ്ര മായി കാണുന്നു എന്നതിലുടെ തുടർച്ചയോടൊപ്പം തന്നെ, ജാതീയവും വംശീയവുമായ അർത്ഥമണ്ഡ ലങ്ങളിലേയുള്ള സൂചനകളിലൂടെ ഇടർച്ചകളും ഇവിടെ കാണാം. ചൂഷണത്തിന്റെയും അപമാനത്തി ന്റെയും വിവക്ഷകൾക്കകത്താണ് ഈ ശരീരം നില നിൽക്കുന്നത്. കീഴാളതയ്ക്കകത്തു തന്നെയുള്ള മേൽ /കീഴ് ബന്ധങ്ങളെ അതു ചർച്ച ചെയ്യുന്നു.

സുനിത തോപ്പിലിന്റെ 'മെയ്ക്കാട്ടുകാരി 'എന്ന കവിതയിൽ പറയുന്നതിങ്ങനെ:

"പണിക്കാളെ കൂട്ടാൻ
പലരും വരുന്നുണ്ട്
വെളുപ്പിനേവന്നതാണ്
വെട്ടം വെയിലായിക്കഴിഞ്ഞു
............................................................
ആരോഗ്യമുള്ളവർക്കും
തുടുത്തുവെളുത്തവർക്കുമൊക്കെ
ആദ്യംതന്നെ വിളിക്കാൻ വരും
.......................................................
വെയില് ചൂടായിമാറിയിട്ടുണ്ട്
ഇന്നിനി പണിക്ക് വിളിക്കാനാള് വരില്ല"

സതി അങ്കമാലിയുടെ'ഒറ്റച്ചേല' എന്ന കവിത യിൽ ശരീരം നഗ്നമാണ്. എന്നാൽ ലൈംഗികമല്ല തന്നെ. ഒരറ്റം വെയിലിലും മറ്റേയറ്റം ഒരേയൊരു ഉട ലിലുമായി ഒരേയൊരു ചേല ഉണക്കി യെടുക്കുന്ന വൃദ്ധയെ നാമിവിടെ കാണുന്നു. മരിച്ചാൽ കുഴിച്ചിടാൻ സ്ഥലമില്ലാത്തതുകൊണ്ട് കായലിൽ കെട്ടിത്താഴ്ത്തേണ്ടി വന്നേക്കാവുന്ന ഒരു ശരീരവും കൂടിയാണത്. ദളിത് സ്ത്രീയുടെ വിഭവാധികാരമില്ലായ്മകളിലേക്കു കൂടി നീളുന്ന സൂചനകൾ ശരീരമെഴുത്തിൽ ലയിച്ചുകിടക്കുന്നു. ഏറ്റവും അടിസ്ഥാനപദവിയിലുള്ള ശരീരങ്ങൾ ലൈംഗിക കാമനകൾക്ക കത്തുള്ളതിനേക്കാളുപരി പുറത്തുമുള്ള പലതരം കോയ്മകളെകൂടി അഭിസം ബോധനചെയ്യുന്നു. സാറാബർട് മാൻ ഉന്നയിക്കുന്ന വസ്തുവൽകൃതമായ കീഴാള ശരീരഭാഷ്യത്തിന്റെ രാഷ്ട്രീയം ഇങ്ങനെഅനേകം പടർച്ചകളുള്ള വിധ്വംസകമായ ഒന്നാണ്.

എത്രയെളുപ്പം കുറഞ്ഞ ചെലവിൽ ലഭ്യമാ കുന്ന ലൈംഗിക ശരീരങ്ങളായി ദളിത് പെൺശരീര ങ്ങൾ വിനിമയം ചെയ്യപ്പെടുമ്പോൾ തന്നെ കൈയ്യേറ്റം ചെയ്യപ്പെടുകയും കൊലചെയ്യപ്പെടു കയും ജീവിക്കാനുള്ള അവകാശത്തെത്തന്നെ നിഷേധിച്ച്, മുച്ചൂടും ചൂഴ്ന്ന്, ഉന്മൂലനാശനം ചെയ്യുന്ന ഒരവസ്ഥയാണുള്ളത്. സമകാലിക ദളിത് പെണ്ണവസ്ഥയെ സംബന്ധിച്ച ശരീരം, ബലാൽസംഗം, മരണം എന്ന അനുക്രമണിക തയെയാണ് വി.ആർ.സന്തോഷിന്റെ 'രണ്ടു പെൺകുട്ടികൾ' (മാധ്യമം ജൂലൈ 294) എഴുതുന്ന ത്.

**പ്രണയം**

പ്രണയം ഈ കവിതയിലെ സജീവമായ ഘടകം തന്നെ. എങ്കിലും അത് അടിസ്ഥാനപരമായ അവ സ്ഥകളിൽ വലിയ ചോദ്യങ്ങളാവുന്നുമുണ്ട്. 'ചിലരങ്ങനെയൊക്കെയാണ്' എന്ന എം.ആശയുടെ കവിതയിൽ ജാതി, ജാതകം, മുഴുപ്പ് നോക്കിയുള്ള പ്രണയവിവാഹത്തിൽ കാമുകി പാതിവഴിയിൽ ഉപേ ക്ഷിക്കപ്പെടുന്നു. 'പച്ച ഈർക്കിലി'ൽ പ്രണയത്തിന കത്തും സ്ത്രീയനുഭവിക്കുന്ന ലിംഗപരമായ കീഴാ യ്മയും വിധേയത്വവും കണ്ടെടുക്കുന്നു.

"സ്നേഹം തന്നാൽ
പച്ച ഈർക്കിൽ പോലെയായിരുന്നു ഞാൻ
നിനക്കെന്നെ
കാൽക്കീഴോളം വളയ്ക്കാം
വട്ടമാക്കാം വടിയാക്കാം
ചൂലാക്കാം ചൂണ്ടലാക്കാം"

'പെൻസിലി'ൽ സതി അങ്കമാലിയും എഴുതു ന്നത് തേഞ്ഞു തീരുന്നതിന്റെയും മുനയൊടിഞ്ഞ് തെളിയാതിരിക്കുന്നതിന്റെയും കീഴാളസ്ത്രീയനുഭവ മാണ്. പ്രണയമരത്തിൽ തലകീഴായി വേരുകൾ മുക



ളിലേക്കായ് നടുന്ന ഒരു മരമായി പ്രണയത്തെ സതി എഴുതുന്നു.

പ്രണയത്തിനും വിവാഹത്തിനുമകത്ത് ബലതന്ത്രമായി പ്രവർത്തിക്കുന്ന ജാതി/ഉപജാതി സംഘർഷത്തെ അംബിക പ്രഭാകരന്റെയും വിനീതയുടെയും കവിതകൾ കണ്ടെടുക്കുന്നു. 'എന്റെയും അവളുടെയും അവന്റെയും' എന്ന കവിതയിൽ ഒരുവൾ സാക്ഷിയെപോലെ നിന്ന് മറ്റു രണ്ടു പേരുടെ പ്രണയത്തെ ആഖ്യാനം ചെയ്യുകയാണ്. പരിത്യക്തയായ കാമുകിയെ

"പുകയെടുത്തു കണ്ണിലിട്ട അവളെ
കാപ്പി ഗ്ലാസിലടിഞ്ഞ മട്ടുപോലെ ഞാൻ കണ്ടു"

വിനീതയുടെ 'മഴ'യിൽ കീഴാള ജാതികൾക്കകത്തെ മാമൂലുകൾ, ശാഠ്യങ്ങൾ പ്രണയത്തെ കരിച്ചുകളയുന്നതെഴുതുന്നു.

"നായരും നായാടിയും ചേർന്നാലും
പുലനും പറയും
ചേരില്ലെന്നൊരു കനൽ ചവിട്ടിനടുങ്ങി"പ്പോയ
പ്രണയത്തെ നാമിവിടെ കാണുന്നു.
"അച്ചടക്കമുള്ള ഭരണിക്കകത്തു
അടച്ചുറപ്പോടെ കഴിയുമ്പോഴും
ഒറ്റ രാത്രിയിൽ തൊട്ടുകൂട്ടാൻ
നിന്നുകൊടുക്കുന്ന അച്ചാറാൻ തയ്യാറാകാത്ത
സ്ത്രീജന്മത്തെ അമ്മു ദീപയെഴുതുന്നു.

**കൂട്ടായ്മയുടെ രാഷ്ട്രീയം**

കീഴാള സ്ത്രീയെ ഒരു രാഷ്ട്രീയ സംവർഗമായി തിരിച്ചറിയുന്ന ഒരവബോധം നേർമയോടെ ഈ കവിതകളിലുണ്ട്. വൈയക്തികതയുടെയും വൈകാരികതയുടെയും തലങ്ങളിൽ പുലരുമ്പോഴും തമസ്ക്കരണത്തിന്റെയും അന്യവൽക്കരണത്തിന്റെയും അനുഭവങ്ങളെ തിരിച്ചറിയുന്നുണ്ട്. കവിതകൾക്കകത്തു കൂട്ടകാരികൾ വരുന്നതങ്ങനെയാണ്. തൊട്ടറിയലും മനസ്സിലാക്കലുമായി ഒന്നു കൂടെ ,ഒപ്പം ചേർന്നു നിൽക്കുകയാണിവിടെ. 'കൂട്ടുകാരി' (വിജില), 'സുജ' (ധന്യ എം.ഡി ) എന്നിവ ഉദാഹരണം.

**ബന്ധങ്ങൾക്കകത്തെ രാഷ്ട്രീയം**

പൊതുപെൺകവിതകളിൽനിന്നു തികച്ചും വേറിട്ടുനിൽക്കുന്നതായി ഇതിലെ കുടുംബബന്ധളോടുള്ള സമീപനം കാണിച്ചുതരുന്നു. കുടുംബത്തിന്റെ ഘടനകളെ പുരുഷാധിപത്യ പ്രത്യയശാസ്ത്രമായി വിശദീകരിക്കുന്ന പൊതുപെൺകവിതകളിൽ നിന്നു വ്യത്യസ്തമായി പുരുഷന്റെ സഹവർത്തിത്വം കുടംബത്തിനകത്തുള്ള കണ്ണിയായി വായിച്ചെടുക്കുന്ന കവിതകൾ ഇവിടെയുണ്ട്. അജിതയുടെ അച്ഛൻ എന്ന കവിതയിലെ അച്ഛൻ.

"നടുവിൽ നിന്ന്
ഞങ്ങളിൽ പതിനാറു പൊളിയുടെ
മനസ്സിൽ നിന്ന്
അവസാനം വരെ
ഒരുമിച്ചു നിർത്തുന്ന ഒരു പൊളിക്കീറാണ്"

കൊട്ടമെടയുന്ന കരവിരുതും കുടുംബം മെനയുന്ന മനവിരുതും അച്ഛനു മാത്രമാണുള്ളത്. സ്ത്രീവിമോചനപ്പോരാളിയും കവിയുമായ മായോ ആഞ്ചലോ വിശ്രുതകവിയായ സുഹൃത്ത് ജെയിംസ് ബാൾഡ്വിനിൽ സഹോദരത്വം സ്ഥാപിച്ചെടുക്കുന്നുണ്ട്. കറുത്തവർഗക്കാർക്കാരിയായ ഒരു സ്ത്രീക്ക് പലപ്പോഴും ഒരു സഹോദരനെ ആവശ്യമായിരുന്നു എന്നവർ പറഞ്ഞു. വംശീയമായ വൈകാരികതകൾക്കകത്ത് കുടുംബബന്ധങ്ങൾക്ക് കൂടുതൽ ആഴത്തിലുള്ള. പ്രതിരോധാത്മകമായ അർത്ഥമുണ്ടെന്നു കൂടി കരുതേണ്ടതുണ്ട്. അതു രക്തബന്ധമെന്നതിനേക്കാൾ കീഴായ്മയുടെ കണ്ണിചേരലും കൂട്ടായ്മയും കൂടിയാണ്.

**ആവിഷ്ക്കാരത്തിന്റെ പ്രതിസന്ധി**

സംസ്ക്കാരത്തിനകത്തെ തന്മയുടെ അടയാളങ്ങളെ തിരഞ്ഞുപോകാനും നേരിടാനും ആഗ്രഹിക്കുന്നു ഈ കവിതകൾ. 'മുമ്പേ പറന്നവളിൽ' (വിജില ചിറപ്പാട്) സാഹിത്യത്തിനകത്തെ ദളിത്ജീവിതം എങ്ങനെ എന്നാരായുന്നു. വീട്ടിൽ ടി. വിയോ, ഫ്രിഡ്ജോ ഇല്ലാത്തതിനാൽ തനിക്കവ പ്രവർത്തിപ്പിക്കാനറിയില്ല. എന്നാൽ അമ്മയ്ക്കറിയാം. കാരണം അവൾ എം.ടി. സിനിമയിലെയും മാധവിക്കുട്ടി കഥകളിലെയും ജാനുവാണ്.

എഴുത്തും ആവിഷ്ക്കാരവുമായി ബന്ധപ്പെട്ട ആലോചനകളുടെ പങ്കുവെയ്ക്കലാണ് അമ്മു ദീപയുടെ 'ഇറങ്ങിപ്പോകുമ്പോൾ' എന്ന കവിത. ഇവിടെ കവിത അവഹേളനങ്ങളും അസംതൃപ്തികളും വിട്ട് ഇറങ്ങിപ്പോകുക തന്നെയാണ്. അന്നോളം പറയാത്ത പലതും പറയാനായി പിണങ്ങിപ്പോയ ഭാവുകത്വത്തെ തിരികെ വിളിച്ച് ചേർത്തു പിടിച്ചുകൊണ്ടത് ഇറങ്ങിത്തിരിക്കുന്നു. ഉപമകൾ തോൽവി പറയുന്ന വേദനകളെ പക്ഷേ അവൾ സൃഷ്ടിക്കും. ഭൂമിയിൽ ദൈവത്തിന് അപ്രാപ്യമായ ഭാഷകൊണ്ട് വസന്തം തീർക്കുമ്പോൾ എല്ലാ അമ്മമാരും ഇതിഹാസകർത്രികളായിത്തീരുമെന്നു കവി പ്രവചിക്കുന്നു. സ്ത്രീയെഴുത്തിനെക്കുറിച്ചുള്ള അനിവാര്യമായ ഈ ആദർശാത്മകമായ പ്രത്യാശകൾക്കകത്താണ് ഇവിടെ കവിത പിറക്കുന്നത്. വായിക്കപ്പെടാത്ത ആത്മകഥയാണ് ഓരോ പെൺജന്മം എന്ന തിരിച്ചറിവാണ് 'പെൺക്രിയകളുടെ പ്രസാധനം '(വിജില). ജീവിതം എല്ലായ്പോഴും എഡിറ്റിംഗിനും പരിഭാഷയ്ക്കും പ്രൂഫ് റീഡിംഗിനും വിധേയപ്പെടുന്ന ജീർണ്ണാവസ്ഥയെക്കുറിച്ചതു പറയുന്നു.

ചുരുക്കത്തിൽ മുഖ്യധാരാജീവിതത്തോട് വൈകാരികമായ ആർജവത്തോടെ വ്യത്യസ്തതകളുടെയും തനിമകളുടെയും തന്റേടങ്ങളോടെ മിണ്ടിപ്പറയുകയാണ് ഈ കവിതകൾ.

**ചർച്ചാവിഷയം**
**കവിത**

# ഒരുവൾ പൈങ്കിളിപ്പെടുന്ന വിധം



**രമ്യ സഞ്ജീവ്**



നട്ടപ്പാതിരയ്ക്ക് നിലാവ് തിന്നാനിറങ്ങി
വഴി തെറ്റി കുളക്കടവിലെത്തി
രണ്ടാമത്തെ പടവിലിരുന്ന്
നാല് കല്ലെടുത്ത് വെള്ളത്തിലേക്കിട്ട്
മുടിയെടുത്ത് മുഖത്തേക്കിട്ട്
എന്നിട്ടും നീ എന്നെ അറിഞ്ഞില്ലല്ലോന്ന് പാട്ട് പാടി
പിടഞ്ഞെഴുന്നേറ്റ്
വീട്ടിലേക്ക് കയറി
കണ്ണൊന്ന് വെട്ടിച്ച്   കൈ രണ്ടും മുദ്രയാക്കി
ആകെയൊന്ന് ഉലച്ച് കണ്ണാടി നോക്കി
കിടക്കയിലെ നീ എന്നെ തുറിച്ച് നോക്കുന്നെന്ന് കരുതി
മലർന്ന് കിടന്ന്
കയറ്റിറക്കങ്ങളിലൂടെ വിരൽ പായിച്ച്
പണ്ടേക്ക് പണ്ടേ ഇങ്ങനെയല്ലേന്നോർത്ത്
ഹൃദയരേഖയ്ക്കും ആയുർരേഖക്കും
ഒത്ത നടുക്ക് അവന്റെ പേരെഴുതിയിടത്ത് ചുണ്ടമർത്തി
അങ്ങുമിങ്ങും ഇരുന്ന്
ഒരേ സിനിമ ഒരേ പാട്ട്
ഒരുമിച്ച് കാണുന്നെന്ന് പുളകം കൊണ്ട്
പിന്നേം പിടഞ്ഞെഴുന്നേറ്റ്
മഴയെന്ന് പുഴയെന്ന് പേരിട്ട കാലങ്ങളെ
ജനൽ തുറന്ന് അകത്തേക്ക് ക്ഷണിച്ച്
ആകെ നനഞ്ഞ്
ആമിയെന്ന് പേരിട്ടൊരു പട്ടിക്കുട്ടിയെ
മടിയിലിരുത്തി
കടലാസ്സ് വഞ്ചി പോലൊന്നിൽ
ഇന്നിൽ നിന്ന് ഇന്നലെകളിലേക്ക് തുഴഞ്ഞ്
ഏതോ ഒരു കാലത്തിൽ/ദേശത്തിൽ ചവിട്ടി
തെച്ചിപ്പഴം കടിച്ച്
ചേരിൻകായ പൊട്ടിച്ച്
മുഖമെല്ലാം തിണർത്ത്
പാറക്കൂട്ടത്തിലപ്പിയിട്ട്
പുഴ വഴിയൊഴുകി
പുഴ വഴി നടന്ന്
അമ്മൂമക്കൈയിൽ തൂങ്ങി
കാറ്റാടിക്കാട്ടിലെ കാറ്റിനെ ഓടിച്ചിട്ട് പിടിച്ച്
'കറുക്കുമെടീ പെണ്ണേ'എന്ന വെയിലൊച്ചയ്ക്ക്
'കറുത്തോട്ടെടീ പൊന്നേ' ന്ന് തിരിച്ചൊച്ചയിട്ട്
അമ്മ വയറിലൊട്ടി
അകത്തോട്ട് കയറണമെന്ന് കെഞ്ചി
പിന്നെപ്പോഴോ ഉറങ്ങിയുറങ്ങി
ഉണർന്നുണർന്ന്
ചിറക് കുരുത്ത്
ചിറക് തളർന്ന്
ദേ ഇങ്ങനിരുന്ന്
ഇങ്ങനിരുന്ന്...

**ചർച്ചാവിഷയം**
**കവിത**



**ഗാർഗി**

# അമ്മത്തരം

അമ്മിഞ്ഞമ്മമാർക്ക് അമ്മത്തരം ത്തിരി
കൂടുതലാണല്ലേലും,
ഒരു കുഞ്ഞിതിലേ വരുന്നൂന്ന് കേട്ടനേരം
പട്ടാളത്തിൽ ചേർന്ന പത്താംക്ലാസ്സ് കഴിഞ്ഞോനെപ്പോലെ
ആവശ്യത്തിനുമനാവശ്യത്തിനും നിവർന്നു നിന്ന്
നിറഞ്ഞു കവിഞ്ഞ് വലുതായിവന്ന്
നാട്ടിലും പോക്കിലും നാണക്കേടുണ്ടാക്കി
എപ്പോളാ എന്നാ ന്നൊക്കെ പിന്നേം പിന്നേം ചോദിച്ച്
'ഇതാണ് പ്പോ ത്ര വല്യ കാര്യം?' ന്ന് കളിയാക്കുമ്പൊ
'അനക്കറീല്ലേൽ മിണ്ടാണ്ടന്നോ' എന്നു ചൂടായി


കുഞ്ഞുവന്നയന്നുമുതൽ രണ്ടു പുഴകളായൊഴുകി
എല്ലാ കുട്ടൂസൻമാരും ഞങ്ങളതും കൂടിയെന്ന്
ഓരോരുത്തർക്കും വേണ്ടി ഒഴുകി
രാത്രീം പകലുമില്ലാതെ ഒഴുകി
ചിരിപ്പിക്കാനും കരച്ചിൽ മാറ്റാനും
മുറിവുണങ്ങാനും ചോരനിറയാനും
പിന്നേം അറിയാത്ത പലേതിനും
ആരോടും ചോദിക്കാതേം പറയാതേം
'ചോദിച്ചാന്താ പറഞ്ഞോട്ടെ'ന്നും ഒഴുകി

കണ്ട വഴിപോക്കർ കണ്ണ് വച്ച കുടങ്ങൾ
കാമത്തിനും പ്രേമത്തിനും വേണ്ടി ഞാൻ
കരുതിവച്ച മാർദ്ദവം
ഞങ്ങളാർക്കും വേണ്ടിയല്ലാതൊരു
കൊച്ചു പൂക്കുഞ്ഞിനായ്
മൃദുവായ് സുഗന്ധമായ്
നിറഞ്ഞു നിറഞ്ഞൊഴുകി.

അമ്മയെന്നും കുഞ്ഞെന്നും ഞാൻ മറന്നന്നേരം
ഞാൻ മടിച്ചന്നേരം
അമ്മിഞ്ഞമ്മമാർക്ക് അമ്മത്തരം ത്തിരി
കൂടുതലാണന്നേരം.



വിജില ചിറപ്പാട്




വര : ഡോണ മയൂര

# കവിതയിലെ

"സ്ത്രീകൾ എന്നും സാഹിത്യലോകത്തിൽ പട്ടികജാതിപട്ടികവർഗ്ഗക്കാരായിരുന്നു. സാഹിത്യത്തോടടുക്കുവാൻ വിലക്കുണ്ട്. തീണ്ടലും തൊടീലുമുണ്ട്. അന്തസ്സും ആഭിജാത്യവുമുള്ള കുടുംബങ്ങളിൽ സ്ത്രീകളുടെ ശബ്ദം പുറത്തുകേട്ടുകൂടാ എന്നാണ് വിധി." ലളിതാംബിക അന്തർജനം ഇങ്ങനെ അടയാളപ്പെടുത്തിയ ഒരു കാലത്തുനിന്നും ഒരുപാട് മുന്നേറിയ എഴുത്തുകാരികൾ ലജ്ജയില്ലാതെ തന്റെ ശരീരത്തെക്കുറിച്ചും കാമനകളെക്കുറിച്ചും തനിക്ക് നിഷേധിക്കപ്പെട്ട ഇടങ്ങളെക്കുറിച്ചും പ്രതിരോധത്തെക്കുറിച്ചും എഴുതിക്കൊണ്ടിരിക്കുന്നു എന്നത് പ്രതീക്ഷകൾ മാത്രം തരുന്ന സംഗതികളാണ്.

കുടുംബത്തെയും പുരുഷാധിപത്യസമൂഹത്തെയും തൃപ്തിപ്പെടുത്തിയ രചനകളിൽ നിന്നും വ്യത്യസ്തമായി മാധവിക്കുട്ടിയേയും മറികടന്ന് പുതുനിരക്കാരിലെത്തി നിൽക്കുന്നു. പ്രിന്റ് മീഡിയയെ മാത്രം ആശ്രയിച്ച് തങ്ങളുടെ രചനകൾ വെളിച്ചം കണ്ടകാലത്തു നിന്നും വ്യത്യസ്തമായി നവമാധ്യമങ്ങളുടെ സാധ്യതകളും സ്ത്രീകൾ നന്നായി ഉപയോഗപ്പെടുത്തുന്നു.

ആരാണ് ഈ പൂവിന്
ഇങ്ങനെ പേരിട്ടത് ?
കണ്ടില്ലേ ഓരോ പൂവും
ഉദ്ധരിച്ച ഒരു യോനിയാണ്.
രതിമൂർച്ഛ അനുഭവിക്കാതെ മരിച്ച
നമ്മുടെ അമ്മമാർ
നമ്മെ നോക്കി ചിരിക്കുന്നതാണ്
മതിൽപ്പുറങ്ങളിൽ. (ശംഖുപുഷ്പം) ഗാർഗി ഇങ്ങനെ എഴുതുമ്പോൾ സ്ത്രീകൾക്ക് അന്യമായ രതിഅനുഭവങ്ങളുടെ ചരിത്രമാണ് രേഖപ്പെടുത്തുന്നത്. പൂക്കളെ കേവലകാൽപ്പനികബിംബമായി അവതരിപ്പിക്കുന്ന പതിവുആവിഷ്കാരവുമല്ലിത്. ദലിതർ ജാതിവ്യവസ്ഥയെ എങ്ങനെ ചരിത്രത്തോടോപ്പം പ്രശ്നവൽക്കരിച്ചോ അതുപോലെയാണ് സ്ത്രീകൾ തങ്ങളുടെ അടിമജീവിതത്തേയും പുരുഷാധിപത്യസമൂഹത്തെയും രാഷ്ട്രീയമായി നേരിടുന്നത്. ഇരകളെന്ന നിലയിൽ നിന്നും കർതൃത്വപദവി

**ആർത്തവരാത്രികളുടെ
അസ്വസ്ഥനിലാവിലേക്ക്
തളർന്നു ചായുമ്പോൾ
ഏതു പെണ്ണിനേയും
കവിത കയ്യൊഴിയുമെന്ന്
പെണ്ണുങ്ങൾ അടക്കം പറയുന്നതും [അന്വേഷണം – ഇന്ദുലേഖ] തൊണ്ണൂറുകളുടെ അവസാനകാലത്ത് സ്ത്രീകളുടെ ജൈവാനുഭവങ്ങൾ കവിതയിൽ ആവിഷ്കരിച്ചവരിൽ ഒരാളാണ് ഇന്ദുലേഖ.**



# പെണ്ണൊച്ചകൾ

ലഭിക്കുമ്പോഴാണ് വിമോചനം പൂർണമാവുന്നത്.

കുട്ടിരേവതിയുടെ 'മുലൈകൾ ' പുരുഷാധിപത്യസമൂഹത്തെ അസ്വസ്ഥപ്പെടുത്തുമ്പോൾ പുരുഷൻ അന്നേവരെ തങ്ങളുടെ നോട്ടപ്പായിലൂടെ കണ്ടാസ്വദിച്ച മുലകളല്ല കുട്ടിരേവതിയുടെ മുലകൾ എന്നുവരുന്നു.

പുലിയുടെ വിഴുങ്ങാനായുന്ന
കണ്ണുകൾ പോലെ
രണ്ടു മുലഞെട്ടുകൾ തിളങ്ങുന്നു, " എന്ന്

ദേഹരതിമിത്ര എഴുതുന്നതും ശരീരത്തെ പ്രതിരോധരൂപകമായി കണ്ടുകൊണ്ടാണ്.

വേനലിലെ ചെമ്പരുത്തികൾ
സൂര്യനിൽ നിന്നെന്ന പോലെ
നിന്റെ നിലയ്ക്കാത്ത ഉമ്മകൾക്കുവേണ്ടി
ഞാൻ കൊതിച്ചിട്ടുണ്ട്.
മഴ മണ്ണിലേക്കെന്ന പോലെ
മൃദുവായും
അത്രമേൽ ഉറപ്പോടെയും
നീ എന്നിലേക്ക് വന്നുവീഴണമെന്ന്
ദാഹിച്ചിട്ടുണ്ട്. (പരാജയപ്പെടുന്ന ഉമ്മകൾ)

അനിതാ തമ്പിയുടെ ഈ കവിതയിൽ പ്രണയമില്ലാത്ത സ്ത്രീശരീരം ഊഷരമായ. മണ്ണ് തന്നെയാണെന്നു കാണാം.

എസ്. ജോസഫ് എഴുതുന്നു."പുതുകവിത പഠിച്ചപ്പോൾ എനിക്ക് മനസിലായത് അതിലെ കാതലായ പ്രമേയം പ്രകൃതി-നിർമിതി എന്ന വൈരുദ്ധ്യമാണ് എന്നാണ്. കവിതയുടെ പഴയ നിഘണ്ടു ചുരുങ്ങുകയും പുതിയ നിഘണ്ടു വലുതാവുകയുമാണ് ഇപ്പോൾ " അങ്ങനെ വരുമ്പോൾ സ്ത്രീകളുടേതുമാത്രമായ വ്യവഹാരവാക്കുകൾ സാഹിത്യത്തിലൂടെ വിസ്തൃതമാവേണ്ടതുണ്ട്. തീണ്ടാരി, തൊടക്ക്, പിള്ളപ്പാത്രം തുടങ്ങിയ വാക്കുകൾ ഉൾപ്പെട്ട പല ദേശങ്ങളിലൂടെ വികസിക്കേണ്ട നിഘണ്ടു.

ആർത്തവരാത്രികളുടെ
അസ്വസ്ഥനിലാവിലേക്ക്
തളർന്നു ചായുമ്പോൾ
ഏതു പെണ്ണിനേയും
കവിത കയ്യൊഴിയുമെന്ന്

പെണ്ണുങ്ങൾ അടക്കം പറയുന്നതും (അന്വേഷണം - ഇന്ദുലേഖ) തൊണ്ണൂറുകളുടെ അവസാനകാലത്ത് സ്ത്രീകളുടെ ജൈവാനുഭവങ്ങൾ കവിതയിൽ ആവിഷ്കരിച്ചവരിൽ ഒരാളാണ് ഇന്ദുലേഖ.

എന്തു ചെയ്യാൻ
എനിക്ക്
കാമുകന്മാരെയും
ഭർത്താക്കന്മാരെയും
ആവശ്യമുള്ള കാലം കഴിഞ്ഞു.
അവരൊക്കെ എന്നെയിങ്ങനെ തിന്നു
തീർക്കും
...............................
...................................
ഓ അവരെല്ലാം
പട്ടിണി കിടക്കട്ടെ
ഇനി ഞാൻ ആഗ്രഹിക്കുന്നത്
ഇതൊന്നുമല്ല. - നടപ്പ് എന്ന കവിതയിൽ കവിതാ ബാലകൃഷ്ണൻ ആൺ പെൺ/ പ്രണയ / സ്നേഹ ബന്ധത്തിൽ നിന്നും വ്യത്യസ്തമായി ഇണപ്പെണ്ണുങ്ങളുടെ പ്രണയം / സ്നേഹം ആവശ്യമാണെന്ന് പ്രഖ്യാപിക്കുന്നു. അതിന്റെ സാധ്യതകൾ അനന്തമെന്നും സ്വപ്നം കാണുന്നു.

അഞ്ചപ്പവും അഞ്ചുമീനും കൊണ്ട്
കർത്താവിനേക്കാളും നന്നായി
വീടിനെ
നാടിനെയൂട്ടുന്ന
സൂസന്ന ചാക്കോമാർ
അവളവൾ കടമ്പ കടന്ന്
അതിജീവിച്ചവരുടെ അലസതയോടെ-

ബംഗളൂരു എന്ന കവിതയിൽ ബിലു. സി. നാരായ

ണൻ ബാംഗ്ലൂരിലെ സ്ത്രീജീവിതങ്ങൾ എത്ര ശക്തവും തലയെടുപ്പുള്ളതുമാണെന്ന് എഴുതിവെച്ചിരിക്കുന്നു.

അവളുടെ പണിപൂർത്തിയാകാത്ത
വീട്ടിലേക്ക്
ഞങ്ങളെ ക്ഷണിക്കുമ്പോൾ
ലോൺ കിട്ടുമെന്നും
ലാപ്ടോപ് വാങ്ങുമെന്നും
അവളുടെ കണ്ണുകളിൽ
മിനിമൈസ് ചെയ്തുവെച്ച പ്രതീക്ഷകൾ

– കൂട്ടുകാരി എന്ന കവിതയിൽ വിജില ചിറപ്പാട് ദലിത് സ്ത്രീ ജീവിതം അടയാളപ്പെടുത്തുമ്പോൾ വിലാപസ്വരങ്ങളിൽ നിന്നു വ്യത്യസ്തമായി പ്രതീക്ഷാനിർഭരമായ ഒരു ജീവിതത്തെയാണ് തിരിച്ചുപിടിക്കേണ്ടത് എന്ന് എഴുതുന്നു.

തേരും ചതുരവും
പൊന്ന് തീർന്ന്
നടുവൊന്ന് തിരുമ്മി
നിവർന്നെഴുന്നേൽക്കുമ്പോൾ
സൂക്ഷ്മനോട്ടങ്ങളാൽ
ഇടുങ്ങിയ കണ്ണുകൾ
വിടർത്തി നോക്കുമ്പോൾ
പടരുന്നുണ്ടൊരാശ്വാസം
നാളെയൊരാൾക്ക
വണ്ടിക്കൂലിയായ് (നെയ്ത് നെയ്തെടുക്കുന്നവ) തഴപ്പായ നെയ്ത് പച്ചപിടിപ്പിക്കുന്ന ദലിത് സ്ത്രീജീവിതത്തെ അടയാളപ്പെടുത്തിയ ധന്യ എം.ഡിയുടെ കവിത സ്ത്രീഅധ്വാനത്തിന്റെ വ്യത്യസ്തനിർമിതിയാണ്.

കഴുത്തിൽ തുടലിട്ട്
അസംബ്ലിക്ക്
വരിവരിയായി
കരിഞ്ഞുവിയർത്തു നിന്നവരിൽ
ഒന്നു രണ്ടെണ്ണം എന്നും
തലകറങ്ങിവീഴും.
ശേഷിച്ചവർ
ഭാരതം എന്റെ നാടാണെന്നു കേട്ടു പൊള്ളും. (കൺസൺട്രേഷൻ ക്യാമ്പ് 90 കൾ) അമ്മുദീപ തൊണ്ണൂറുകളിലെ സ്കൂൾജീവിതം രണ്ടുതരം വിദ്യാർഥിജീവിതങ്ങളെയാണ് കവിതയിലൂടെ കാണിച്ചുതരുന്നത്.

അലമുറയിട്ടൊരു കടൽ
കയറ്റിറക്കങ്ങളാൽ
ഉറക്കം കെടുത്തുന്നുണ്ടിപ്പോഴും.
.....................
.........................
ഉപ്പുകാറ്റിലുണ്ട്
ഉൾക്കടലിലുറങ്ങുന്നവന്റെ
നിശ്വാസം (തീരക്കാഴ്ച) പൊഴിയൂരിലെ മത്സ്യത്തൊഴിലാളിസ്ത്രീകൾക്ക് ടി. എൻ. സീമ സമർപ്പിച്ച ഈ കവിത അരികുജീവിതങ്ങൾക്കൊപ്പം നിന്ന് സമരവീര്യം പകരുകയാണ്.

പരിഭവത്തിന്റെ
നുണക്കുഴി ചേർത്ത്
അവൾ റിപ്ലേ അയച്ചു,
ഞാൻ ഉണ്ണുനീലിയാകാം
നീ യക്ഷനാകേണ്ട
മോതിരം കണ്ടുകിട്ടിയെങ്കിലോ ?
രാമനാകേണ്ട നീ
ഇല്ലാത്ത ചാരിത്ര്യം സംശയിച്ചാലോ –

സൈബർ ക്ലാസ് എന്ന കവിതയിൽ റോസി തമ്പി ചരിത്രത്തിലെ ചതിക്കുഴികളിൽ പെട്ട സ്ത്രീകളെ തിരിച്ചറിഞ്ഞ് തനിക്കവരാകേണ്ട എന്ന് പ്രണയിക്കുമ്പോൾ കാമുകന് സന്ദേശമയച്ചുകൊണ്ട് പ്രഖ്യാപിക്കുകയാണ്.

ബുദ്ധാ
മാതൃത്വമെനിക്ക്
മഹാദു:ഖം
ഭാര്യാത്വമെനിക്ക്
തീരാഭാരം
കദനസഹിതം
കലഹഭരിതം
സഹനസമരമീ ജീവിതം (യശോധര യാത്രയാവുന്നു). കെ. ആർ. മായയുടെ ഈ കവിതയിൽ ദാമ്പത്യത്തിൽ നിന്ന് വിടുതൽ പ്രഖ്യാപിക്കുന്ന സ്വാതന്ത്ര്യകാംക്ഷിയായ സ്ത്രീയെ കാണാം.

ഇന്നോളം കണ്ട ആകാശത്തിൽ
അവർ പറഞ്ഞതരം നിറങ്ങൾക്ക്
പദങ്ങൾ ഇല്ലായിരുന്നു.
മനസിലില്ലേന്ന് ചോദിച്ചുകൊണ്ട്
അവർ കിതച്ചു.
ഓർത്തുനോക്കാനാവർത്തിച്ചു.
അവരുടെ വാൾമുനകൾ (പടർച്ച ) ഫാഷിസം കടന്നുവരുമ്പോഴുള്ള ഭീതികൾ അടയാളപ്പെടുത്തുകയാണ് സംപ്രീത.

ഒരു വാക്കുപോലും വേണ്ട
നോക്കിൻ തിരിമതി
തിരമാലയായ്
സ്നേഹജലപാളികളുയരുവാൻ (പ്രണയം) നഫീസത്ത് ബീവി പ്രണയത്തിന്റെ മാന്ത്രികതയാണ് ആവിഷ്കരിക്കുന്നത്.

മടിച്ച് മടിച്ച് തണുപ്പിറങ്ങി
ഉരുകി ഒലിച്ചിട്ടും
വേർപിരിയാനാവാതെ
ബഞ്ചിൽ നിന്നും
ഒലിച്ചിറങ്ങി
ഒന്നിച്ച്
നാം ഒഴുകിപോകും. ഡോണ മയൂര ശരീരസഹിതം മാത്രമേ പ്രണയത്തൊടൊപ്പം ഒഴുകാനാവൂ എന്ന് എഴുതിവെച്ചിരിക്കുന്നു.

ജീവിച്ചിരിക്കുമ്പോൾ നീ

കവിതയെഴുതുന്ന ഒരു പെണ്ണ്.
മരിച്ചുകഴിഞ്ഞാൽ നിന്റെ കവിത
ഒരു ഭ്രാന്തിപ്പെണ്ണിന്റെ ജൽപ്പനം.
എന്നാലും മരിക്കുന്നതോടെ
കാര്യങ്ങൾ കുറേക്കൂടി മെച്ചപ്പെടും.
അവർ നിന്റെ മുഖത്തുനോക്കും.
അതുവരെ മുലകളിൽ
നോക്കിനിന്നവർ
ഓർക്കാപ്പുറത്ത്
കരണത്തൊരടി കിട്ടിയപോലെ
പെട്ടെന്ന് നിന്റെ മുഖത്തുനോക്കും. -

മരണം കവിതയോട് ചെയ്യുന്നത് എന്ന ഠാന്തി ജയയുടെ കവിത പുരുഷാധിപത്യസൗന്ദര്യശാസ്ത്രം പേറുന്ന പൊതുഭാവുകത്വപരിസരത്തെയാണ് പരിക്കേൽപ്പിക്കുന്നത്.

ചേറിന്റെ മണമുള്ള
മണ്ണിന്റെ മക്കൾക്കായി നീ
സ്വയം ബലിപിണ്ഡമായപ്പോൾ
നിന്റെ സ്പർശത്താൽ
അയിത്തപ്പെട്ട
ഈ കലാലയമുറ്റത്തെ
മണ്ണിനെ
ഞാൻ വാരിയെടുത്ത്
ചുംബിച്ചു.

രോഹിത് വെമുലയ്ക്ക് സമർപ്പിച്ച് കവിത എഴുതിയ കബനി.ബി.ഗീതയിൽ വരെ എത്തിനിൽക്കുന്ന മലയാളത്തിലെ പെൺസ്വരങ്ങൾ ഇനിയും ആരവങ്ങളായ് ആണൊച്ചകളെ ഭയപ്പെടുത്തേണ്ടതുണ്ട്.


**ചർച്ചാവിഷയം**
**കവിത**



# കവിത വരയ്ക്കുന്ന വിരലുകൾ

**വിജില ചിറപ്പാട്**


ഈ കണ്ണൊന്നു മാറ്റിപ്പണിയണമെന്നു വെച്ചാൽ
നടക്കില്ല.
ഇത്തിരി തീ പാറിക്കണമെന്നു വെച്ചാൽ
എപ്പോഴും നടക്കില്ല
ഈ നാക്കിൽ നിന്ന് ആവശ്യാനുസരണം
അമ്പുകളെയ്തുവിടാമെന്നു വിചാരിച്ചാലും നടക്കില്ല
പറയൂ
കൺപീലികൾക്ക്
കമ്പിവേലികളാ വാൻ
കെൽപ്പുണ്ടെങ്കിലെന്ന് പെണ്ണുങ്ങളേ
നിങ്ങളാഗ്രഹിച്ചിട്ടില്ലേ



എന്നാൽ
കൈകകൾ
നാമറിയാതെ ചിലത് ചെയ്യും
അത് കവിതയോടടുത്ത്?നിൽക്കുന്നവയാവാം.
അതോർത്ത് ആ രാത്രി
ഉറങ്ങാതിരിക്കാം.
അത്  മറക്കാൻ ബ്ലാക്ക് & വൈറ്റ് സിനിമ കണ്ടിരിക്കാം
അതുവരെ തുറന്നു നോക്കാത്ത പുസ്തകങ്ങൾ
വായിച്ചിരിക്കാം

എന്നാൽ
ഹൃദയമാഗ്രഹിക്കുന്നതായിരുന്നു
അതെന്ന് പിന്നീടാണ്  നാമറിയുക.
നാമറിയാതെ പറന്നുപോയ വാക്കുകൾ
തിരികെ വരുന്നതും കാത്താവും
തുടട4ന്നുള്ള
നമ്മുടെ രാവുകൾ
പകലുകൾ.

**ചർച്ചാവിഷയം**
**കവിത**



**ലിവിംഗ് സ്മൈൽ വിദ്യ**

വിവർത്തനം - സംപ്രീത കെ.

# മൂന്നു കവിതകൾ



അക്കാലത്തു ഞാൻ
മുഴുക്കൈക്കുപ്പായവും
കാൽശരായിയും
അണിഞ്ഞുവന്നിരുന്നു
മാസത്തിൽ ഒരുതവണ ഞാൻ
മുടിവെട്ടിയൊതുക്കിയിരുന്നു
അക്കാലത്തു ഞാൻ
ആൺകുട്ടികൾക്കൊപ്പം
ബോയ്സ് സ്കൂളിലാണ്
പഠിച്ചിരുന്നത്
അന്നു കുട്ടികൾ കളിയാക്കി
ഞാൻ ആണല്ല പോലും.

ഇപ്പോൾ ഞാൻ
സാരി ചുറ്റി
മുടി പിന്നിക്കെട്ടി
പൂവും വച്ച്
പെണ്ണായി
എന്നിട്ടും
അവർ കണ്ടുപിടിച്ചത്രേ
ഞാൻ പെണ്ണല്ലെന്ന് .

# കാനനപ്പക്ഷി

പറന്നുതിരിയുന്ന
ചെറുപറവയാണവൾ
എങ്കിലുമവളുടെ മനസ്സ്
ബലമാർന്നത് .
നിറങ്ങൾ കൂത്താടുന്ന
അവളുടെ ഇളംചിറകുകൾ
പൂവിന്റെ ഇതളാലും
തേൻപൊടികളാലും
നേർത്തെങ്കിലും
അവൾ ബലമാർന്നവൾ.
പറക്കും വഴികൾ
ഇരുണ്ടതായിട്ടും
കാലങ്ങളായി പിന്തുടരുന്ന വഴിയായിട്ടും
അടച്ചിട്ട കതകിനെ
തട്ടിവിളിച്ച കാറ്റ്
മടങ്ങിപ്പോയിട്ടും
ആടകളെല്ലാം ഉരിഞ്ഞെറിഞ്ഞിട്ടും
നടനമോഹങ്ങൾ ഉറഞ്ഞുപോയിട്ടും
ഗീതങ്ങൾ മൗനമായിട്ടും
കുരിശുകൾ ചിതറിക്കിടക്കുന്ന
വനത്തിൽ നിന്ന്
പുറത്താക്കപ്പെട്ടിട്ടും
എതിരൊച്ച വരാത്തവിധം
ബലഹീനയായിട്ടും
അവൾ
കഠിനശക്തതന്നെയാണ്
എന്തെന്നാൽ
അവളൊരു കാനനപ്പക്ഷിയാണ് .

## 3.

വീശുന്ന ചെറിയ അറയുടെ ഓരത്തിൽ
ആ ചെറുമേശ
നടുവിൽ മലിനമായ വിരിപ്പ്
പങ്കിട്ടുനൽകാൻ
പ്ലാസ്റ്റിക് ഗ്ലാസ്സുകൾ
അരികിൽ ഒരു വെള്ളപാക്കറ്റ്
അടുത്ത്  ചുവപ്പുനിറത്തിൽ മാങ്ങാഅച്ചാർ
അതിൽ കൈവച്ച
ഉപ്പുപിടിച്ച കൈകൾ.
അതിനിടയിൽ വരണ്ട കൈനീട്ടി
നടുവിൽ കൈവച്ചു
നിൽക്കുന്നവൾക്ക്
കൊടുക്കാൻ
ഇല്ലാത്ത പോക്കറ്റിൽ ഒന്നുമില്ല.
”കാശില്ല അക്കാ ..
എന്നാലും നിന്റെ ആ കൈകൊണ്ട്
എന്നെ ഒന്നനുഗ്രഹിച്ചുപോ അക്കാ ..”
ദൈവവിശ്വാസമറ്റ  യാചകി
ആശയറ്റവളായി
ഒരുകണം പോലുമെടുക്കുമ്പോൾ കുറയാത്ത
കണ്ണുനീരിന്റെ അനുഗ്രഹത്തെ
പൊഴിച്ച്
പെരുംദേവിയായ്
എങ്ങോ മറഞ്ഞു.

വഴിത്താരകൾ



ജാനകി

# ഒരു പിറന്നാൾ ഓർമ്മ

"അല്ലെങ്കിൽ തന്നെ ആ ടീച്ചർമാരൊക്കെ നീ എന്തോ വിചിത്ര ജീവി ആണെന്ന മട്ടിലാണ്! ഒന്ന് ശ്രദ്ധിച്ചോളു. നിനക്കാ ദിവസം ആസ്വദിക്കണ്ടേ? എന്തെങ്കിലും ചീത്ത കേൾക്കേണ്ടി വന്നാൽ ആകെ ബോറാവില്ലേ?,"

അധികമാരും ആ വാർത്ത ശ്രദ്ധിച്ചില്ലായിരുന്നു.അമേരിക്കയിലെ ഒരു സ്കൂളിലെ  വസ്ത്രധാരണനിയമം തെറ്റിച്ചു എന്ന ആരോപണത്തിൻ മേലെ ഒരു വിദ്യാർത്ഥിനിയെ സസ്പെൻഡു ചെയ്തു എന്ന വാർത്തയായിരുന്നു അത്  ആ വാർത്തയുടെ വ്യത്ത വശങ്ങൾ അവൾക്കു മനസ്സിലായില്ലെങ്കിലും അത് ചീരുവിനെ അസ്വസ്ഥയാക്കി. അവളെ ചില അസുഖകരമായ ഓർമ്മകളിലേക്ക് കൂട്ടി കൊണ്ടുപോയി. അവളുടെ പതിമൂന്നാം പിറന്നാൾ. മാന്ത്രിക സൗന്ദര്യം നിറഞ്ഞ, ആശയക്കുഴപ്പം പിടിച്ച കൗമാര കാലത്തേക്കുള്ള കാൽവെപ്പ്. മറ്റു പല കുട്ടികളെയും പോലെ കുഞ്ഞു നാൾ മുതൽ അവൾ താലോലിക്കുന്ന ഓർമ്മകളായിരുന്നു പിറന്നാൾ ദിവസങ്ങൾ. അത് കൊണ്ട് തന്നെ ഇത്തവണയും അവളതിനു നേരത്തെ ഒരുക്കങ്ങൾ കൂട്ടി തുടങ്ങി. ദിവസങ്ങൾ എണ്ണി  തുടങ്ങി.

പുതിയ ഉടുപ്പ് മാമൂലല്ലേ? അതിനെ കുറിച്ച് ഇത്ര വിസ്തരിക്കാനെന്തിരിക്കുന്നു! പക്ഷെ ഇത്തവണ അച്ഛനും അമ്മയ്ക്കും മുൻകരുതലുകൾ കുറച്ചു കൂടുതലായിരുന്നോ എന്നൊരു സംശയം അവൾക്കുണ്ട്. "അല്ലെങ്കിൽ തന്നെ ആ ടീച്ചർമാരൊക്കെ നീ എന്തോ വിചിത്ര ജീവി ആണെന്ന മട്ടിലാണ്! ഒന്ന് ശ്രദ്ധിച്ചോളു. നിനക്കാ ദിവസം ആസ്വദിക്കണ്ടേ? എന്തെങ്കിലും ചീത്ത കേൾക്കേണ്ടി വന്നാൽ  ആകെ ബോറാവില്ലേ?," അമ്മൂമ്മയുടെ സ്വരത്തിൽ ഉൽക്കണ്ഠയും സ്നേഹവും, വാത്സല്യവും തങ്ങി നിന്നു. ശരിയാണ്. കുറച്ചു ദിവസങ്ങൾ മുൻപാണ് അവൾ ഒരു ആൺകുട്ടിയുടെ ചുമലിൽ സൗഹൃദഭാവത്തിൽ തട്ടിയത് കണ്ടു ഒരു മുതിർന്ന അധ്യാപിക ആക്രോശിച്ചതു "ഇവൾ ആണാണോ പെണ്ണാണോ?" ക്ലാസിൽ കൂട്ടച്ചിരി ഉയർന്നപ്പോൾ താൻ ചെയ്ത കാര്യത്തിലെ അപാകത അറിയാതെ പകച്ചുനിന്ന ചീരുവിൽ ആ ചോദ്യം വലിയ ആശങ്കകൾ ഉണ്ടാക്കി. അവൾ അതിനെ മറികടന്നു വരുന്നതേ ഉള്ളൂ. അതുകൊണ്ടാണ് അവൾക്കിഷ്ടപ്പെടുന്ന ആൺപെൺ ഭിന്നതകൾക്കതീതമായ വസ്ത്രങ്ങൾ ധരിച്ചു അവൾക്കു പ്രശ്നങ്ങൾ ഉണ്ടാകേണ്ട എന്ന് വീട്ടുകാർ കരുതിയത്. ഒരുപാട് വീണ്ടുവിചാരങ്ങൾക്കു ശേഷം അവർ ഒരു ഡ്രസ്സിൽ

തീരുമാനമുറപ്പിച്ചു.

കണങ്കാല് വരെ നീണ്ടു കിടക്കുന്ന മിഡിസ്കേർട്. അതിന്റെ പിറകിൽ ഏറ്റവും താഴെയായി വളരെ ചെറിയ വി ആകൃതിയിൽ ഒരു വെട്ട്. ഡിവൈഡർ സ്കേർട് എന്നാണു ഓമനപ്പേര്. അതിനു യോജിച്ച പൂക്കളുള്ള ഒരു ടോപ്പും. ചീരുവിനെ തൃപ്തിപ്പെടുത്താൻ എളുപ്പമല്ല. സംശയത്തോടെ അമ്മ ചീരുവിന്റെ മുഖത്ത് മിന്നിമായുന്ന ഭാവങ്ങളെ നോക്കി ഹാവൂ അവളൊന്നു പുഞ്ചിരിച്ചിരിക്കുന്നു. അമ്മക്ക് ആശ്വാസമായി. ചീരുവിനു ഇനി തൃപ്തിയോടെ മിഠായി പൊതിയുമായി സ്കൂളിൽ പോകാമല്ലോ. പക്ഷെ ചീരുവിനു മനസ്സിലാകാത്തത് ഇതൊന്നുമല്ല. ഏട്ടന് പുത്തനുടുപ്പു വാങ്ങുമ്പോൾ ഒന്നും ഇങ്ങിനെയൊരു പ്രശ്നം കേട്ടിട്ടേയില്ലല്ലോ! ഈ മനസ്സിലാവാത്ത അവസ്ഥ അവളെ ഒരുപാട് കാലം ജീവിതത്തിൽ പിന്തുടരും!

പിറന്നാൾ ദിനം പൂർവ്വാധിക പ്രകാശം നിറഞ്ഞതായിരുന്നു. പതിവിലും നേരത്തെ എണീറ്റ ചീരു വീട്ടിൽ ഓരോരുത്തരുടെയും അടുത്ത് പോയി നിന്ന് അവളുടെ പിറന്നാൾ ആണെന്ന് ഓർമ്മിപ്പിച്ചു. ആശംസകൾ ചോദിച്ചു വാങ്ങി. ഓർമ്മപ്പിശക് വന്ന മുത്തശ്ശനെ ചെറുതായൊന്നു ശാസിക്കുകയും ചെയ്തു. "വയസ്സായില്ലേ മോളേ ? മറന്നു...'മുത്തശ്ശൻ ഒരു ചമ്മിയ ചിരിയോടെ പറഞ്ഞപ്പോൾ ചീരു ഉപദേശിച്ചു."അങ്ങിനെയൊക്കെ ഉണ്ടാവും. അപ്പോൾ ഞാൻ തന്ന ആ കുഞ്ഞു ഡയറിയിൽ എഴുതിവെക്കാൻ പറഞ്ഞിട്ടില്ലേ?" മുത്തശ്ശൻ അവളുടെ മുന്നിൽ കുട്ടിയായി,"ആയിക്കോട്ടെ തമ്പ്രാട്ടി! ഇനി അങ്ങിനെ ആവാം". ചീരുവിനു ഈ പതിവു നാടകം ബഹുരസമാണ്.

അങ്ങിനെ തുള്ളിച്ചാടിയാണ് അവൾ സ്കൂളിലേക്ക് യാത്രയായത്. മിക്ക ടീച്ചർമാരും അവളും തമ്മിൽ ചെറിയൊരു ശീതയുദ്ധത്തിലാണ്. അവൾ ഒരുപാട് ചോദ്യങ്ങൾ ചോദിക്കുന്നു എന്നവർക്കൊരു പരാതിയുണ്ട്. സംശയങ്ങൾ ഒഴിഞ്ഞ നേരമില്ല. മിക്ക സംശയങ്ങൾക്കും അവർക്കു ഉത്തരവും പറയാൻ പറ്റുന്നില്ല . ഉത്തരം പറയാൻ പറ്റാത്തത് ഒരു ദുരഭിമാനപ്രശ്നം ആകുന്നതാണ് അല്പത്തരമെന്നു ടീച്ചർമാരെ ആരെങ്കിലും പഠിപ്പിച്ചാൽ നന്നായിരുന്നു എന്ന് ചിരുതയ്ക്ക് തോന്നായ്കയില്ല! ഇത്തരം ചില്ലറ പ്രശ്നങ്ങളൊന്നും പിറന്നാളാഘോഷങ്ങളെ ബാധിക്കില്ല എന്ന ശുഭപ്രതീക്ഷയിലാണവൾ !

പ്രതീക്ഷിച്ചതു പോലെ തന്നെ മധുരവും സുന്ദരവുമായ ദിവസമായി ആ ദിനം കടന്നുപോയി വൈകീട്ട് വീട്ടിലെത്തുംപോൾ ചീരുവിന്റെ ആഹ്ലാദം പതിന്മടങ്ങായിരുന്നു. സന്ധ്യക്ക് അടുത്ത ചങ്ങാതിമാരുമായി ഒരു ഒത്തുകൂടലുണ്ട്. കൂട്ടുകാരെത്തി കേക്ക് മുറിച്ചു. ആട്ടവും, പാട്ടും, തമാശയും, മിമിക്രിയും ഒക്കെയായി പിറന്നാൾ ഉഷാറായി. കൂടുതൽ അവിസ്മരണീയമാകുമെന്ന് തുടർന്നുള്ള സംഭവങ്ങൾ തെളിയിച്ചു. രാത്രി എട്ടുമണിയോടെ കൂട്ടുകാർ പിരിഞ്ഞു പോയി. ഒരു നല്ല ദിവസം കടന്നുപോയതിന്റെ സമാധാനത്തിൽ, ആഘോഷത്തിന്റെ തളർച്ചയിൽ വീട് ആലസ്യത്തിലായി. കുറച്ചു കഴിയുമ്പോൾ ഫോൺ അടിക്കുന്നു. അന്നത്തെ വിളികളെല്ലാം ചീരുവിനായതു കൊണ്ട് അവൾ തന്നെ ഈ കോളും എടുക്കുന്നു. അപ്പുറത്തെ സ്വരം സ്ത്രീയുടേതാണ്, പരുഷവുമാണ്. "ചിരുതയല്ലേ"? "അതേ." "സ്കൂളിൽ വരുമ്പോൾ മാന്യമായി വേഷം ധരിക്കണം." ഡപ്പ്! അവർ ഫോൺ വെച്ചു കഴിഞ്ഞു. പകച്ചു നിന്ന ചീരുവിനെ നോക്കി നിന്ന വീട്ടുകാരുടെ ഉള്ളിൽ വരാൻ പോകുന്ന ഇരുണ്ട കാലങ്ങൾ മിന്നി മാഞ്ഞു.

പിറന്നാളിന്റെ നിറം മങ്ങി. അവളുടെ ആദ്യത്തെ അനുഭവമാണ്. പതിമൂന്നു വയസ്സുകാരിയുടെ സന്തോഷം കെടുത്താൻ തിടുക്കം കൂട്ടുന്ന സാഡിസ്റ്റുകളാണല്ലോ തങ്ങളുടെ മകളെ പഠിപ്പിക്കുന്നതെന്നോർത്ത് വീട്ടുകാരും വിഷമത്തിലായി. ആ ഉടുപ്പ് വാങ്ങാനുള്ള തീരുമാനത്തിലെത്താൻ ഇത്രമാത്രം മിനക്കെടേണ്ടായിരുന്നു എന്നവർക്കു തോന്നി!

ചീരുവിന്റെ ചിന്തകൾ മറ്റൊരു വഴിയിലേക്ക് നീങ്ങി. അജ്ഞാത ഫോൺകോൾ എന്നൊക്കെ സിനിമയിലും ഡിറ്റക്ടിവ് കഥകളിലുമൊക്കെ കേട്ടിട്ടേയുള്ളൂ. അമ്പരപ്പ് മാറി അത്ഭുതമായി. തന്നെ നേരിട്ട് അറിയുന്ന ആളായിരിക്കണം വിളിച്ചത്. എന്നാൽ മുഖത്തു നോക്കി കാര്യം പറയാമായിരുന്നില്ലേ? ആ സ്വരത്തിലെ പകയും താക്കീതും പിടിച്ചെടുക്കാനുള്ള വിവേകം അവൾക്കുണ്ടായിരുന്നു. അവൾക്കു കഷ്ടം തോന്നി. തന്നെ പേടിപ്പിക്കാൻ വരുന്നയാൾ ഇത്ര ഭീരുവോ? രാവിലെ അവളെ നോക്കി ചിരിച്ച് പിറന്നാൾ ആശംസിച്ചവർ തന്നെയാണോ ഈ ഫോൺവിളിക്ക് പിന്നിലും? പക്ഷേ കാര്യങ്ങൾ അത്ര നിസ്സാരമല്ലെന്ന് അവൾ ക്രമേണ അറിയും. വസ്ത്രധാരണത്തെ ചൊല്ലി വൻവിവാദങ്ങളും ലഹളകളും ഉണ്ടാകും. അധികാരത്തിന്റെ ആയുധമാണ് വസ്ത്രം എന്നവൾ തിരിച്ചറിയും. എങ്കിലും അവൾ തത്കാലം ഈ പിറന്നാൾ ഒന്ന് ആഘോഷിച്ചോട്ടെ! അവളുടെ കൈകൾ മേശപ്പുറത്തിരിക്കുന്ന, അന്ന് സമ്മാനം കിട്ടിയ പുസ്തകങ്ങളിലേക്കു നീണ്ടു. ഹാരിപോട്ടറും കൂട്ടരും അതാ കാത്തു നിൽക്കുന്നു അവളെയും കൊണ്ടു പറക്കാൻ. റൗളിങ്ങ് ഒരുക്കിയ മാജിക്കിന്റെ ലോകത്തിലേക്ക് അവൾ കൂപ്പു കുത്തി. മറ്റൊരു നാളെയേ മെരുക്കാനായി അവൾ കഥയുടെ മായികലോകത്തിലേക്ക് മറഞ്ഞു!

ചർച്ചാവിഷയം
കവിത



ആർ.സംഗീത



# മഴക്കൂരാപ്പ്

ആദ്യത്തെ മഴ

തൊലിക്കടിയിലെ വിത്തുകൾ
പൊട്ടിക്കിളിർത്തു മരമാവുന്നത് അറിയുന്നുണ്ട്

ഇലഞ്ഞെട്ടുകളുടെ കിരുകിരുപ്പ്
ചില്ലാട്ടങ്ങൾ..
കടുപ്പിച്ച തോലിനുള്ളിലെ
കാറ്റ്കായ്ക്കല്കൾ
മെലിഞ്ഞ വള്ളികളുടെ
നീണ്ട പൊക്കിൾക്കൊടികൾ
കവര ങ്ങളിൽ പറ്റിപ്പിടിച്ച
പുറ്റുകളുടെ ഈർപ്പങ്ങൾ
ഉറയൂരിയിട്ട പ്രാണികളുടെ
പുറന്തോടുകൾ

പടർന്ന് കാടാവുമ്പോഴേക്കും
കരുതിയിരുന്നേ മതിയാവൂ

കാലുകളിലൂടെ
പുതിയ ബോധ്യങ്ങളുടെ
കുളയട്ടകളെ കടത്തിവിട്ട്
അവർ ചോരക്കൂടുകൾ
പണിതേക്കാം
മരവാഴകളുടെയും
നീർമരുതുകളുടെയും
കാട്ടുചെമ്പകങ്ങളുടെയും
മറവ് പറ്റി
തലകീഴായി വീഴുന്ന
ശബ്ദങ്ങളുടെ ഇടയിൽ
ഇരമ്പിയാർക്കുന്ന
തേനീച്ചക്കൂട്ടങ്ങൾ
കണ്ടേക്കാം

തുടക്കത്തിലേ പിഴച്ച
വാക്കിന്റെ
നൃത്തച്ചുവടുകൾ
പറിച്ചെടുത്തു
ഏറ്റവും നിശ്ശബ്ദമായ
ഒരിടത്തു നട്ടുവയ്ക്കാൻ
ഇരുട്ട് തടുത്തുകൂട്ടി
ഓടുമ്പോൾ
കാല് വഴുതി
വീണു പോയേക്കാം

ചെതുമ്പലുകൾക്കുള്ളിലെ
രുചിയടുക്കുകളിൽ
നിന്നൊരു നിലവിളി
ആഴങ്ങളെ റദ്ദ് ചെയ്തു
ജലക്കുമിളകളായി
പൊട്ടിച്ചിതറുന്നത്
കണ്ട് നിൽക്കേണ്ടി
വന്നേക്കാം

അകലെതിളങ്ങുന്ന
മഴുവിന്റെ വായ്ത്തല
നാക്കരിഞ്ഞു വീഴ്ത്തുന്നതിനു മുൻപ്
വെറുക്കപ്പെട്ട ഓർമ്മയുടെ
കാട്ടുതീ

പുഴകിവീഴ്ത്തുന്നതിന്
മുൻപ്
ഒരൊറ്റപ്പൂക്കലിൽ
അവസാനിക്കേണ്ടതുണ്ട്

മരിച്ചവർക്ക് മേൽ
മഴകൾ പൊഴിയുന്നത്
ഏതു ഭാഷയിലാണ്?

ചർച്ചാവിഷയം
കവിത



കവിത ബാലകൃഷ്ണൻ

# രാഷ്ട്ര–തന്ത്ര–കവിതകൾ

1

ഞാൻ
ഉള്ളി അരിയുന്നു

നിങ്ങൾ
വാർത്ത കാണുന്നു

എന്നിട്ട് വാർത്തയിലോ
കണ്ണീർ പൊടിയുവത് ?

2

എല്ലാവരും
സ്വന്തം വീട് വച്ചു.
ഒരുത്തൻ മാത്രം
പിറുപിറുക്കുന്നു
എനിക്ക് മതമില്ലാ
ജീവിതദർശനമത്രേ
ജീവിതദർശനം

കൈകോർക്കുക
കൊമ്പുകൾ
ചിതറട്ടേ,യെന്ന്.
ശരി ശരി. എനിക്കീ മുണ്ടൊന്നു
കുടഞ്ഞുടുക്കണം

3
ഇനി
രാഷ്ട്രനീതിയുടെ
ഇല്ലാപ്പുസ്തകമെടുക്കുവിൻ

പ്രധാനമന്ത്രി
പരിപാടി കഴിഞ്ഞു
പോയപ്പോൾ മറന്നുവെച്ചതാണ്

ധ്യാനിച്ചുകൊണ്ട്
ഏതെങ്കിലും വരിയിൽ തൊടുവിൻ
പൊള്ളിപ്പോകും



4
നീയെന്റെ
ഉടുപ്പിനുള്ളിൽ
ഏറെനേരം
തപ്പിത്തടവിയില്ലേ,
ആ കണ്ണങ്ങു
തുറന്നിരിക്കുന്നു

5
സംശയാസ്പദമായ
എല്ലാ സൽപ്പേരിൽനിന്നും
എല്ലാ മരക്കൊമ്പിൽനിന്നും
എല്ലാ പ്രണയത്തിൽനിന്നും
എല്ലാ അക്ഷരങ്ങളിൽ നിന്നും
എഴുതപ്പെട്ട കവിതയിൽനിന്നു
പോലുംതന്നെ പിൻവലിച്ചിരിക്കുന്നു

ആ പുഷ്പം  പൂപ്പാത്രത്തിൽ കണ്ടേക്കാം
പക്ഷേവിളറിയത്
പൂത്തുലഞ്ഞതായിരുന്നു,
ഇപ്പോൾ മരക്കാൽച്ചോട്ടിലെ പരവതാനി
തീക്കട്ട വീഴുന്ന മറ്റൊരു ഗ്രീഷ്മത്തിൽ
നിങ്ങൾക്കപരിചിതമായ താളത്തിൽ
അതിനിയും വിടരാം,
ഇല്ലെന്നല്ല. അപ്പോഴേക്കും ഈ ലോകം
റദ്ദായിപ്പോയിരിക്കും,
'അവയവങ്ങളെല്ലാമുള്ള മുഴുത്ത ശരീരം'
എന്ന് പണ്ടൊരു പെൺകവി
എഴുതിയതുപോലും റദ്ദായിരിക്കും
ആ പൂ ഒരു ഗുഹക്കുള്ളിലേക്ക് സ്വയമോടിച്ചു
പോയതല്ല ഇരുട്ടിലത് അതിന്റെതന്നെ തീ
കായുന്നു സ്വയം പിൻവലിച്ച പുഷ്പങ്ങളോടു
പിന്നെഒന്നും സംസാരിച്ചു ചെല്ലരുത് ഈ
രാജ്യത്തു ആദരണീയയായ ഒരു പൂവെങ്കിലും
അതിന്റെ തീയിനൊത്ത് തുള്ളട്ടെ..

വായനാനുഭവം

സൗമ്യ പി.ആർ.

# നീട്ടിയെഴുത്തുകൾ: പെൺവൈകാരികതയുടെ പരിണാമചരിത്രം



വര സോണ മയൂര

ഓരോ പെൺജൻമങ്ങളും നീട്ടിയെഴുത്തുകളാണ്. സമൂഹത്തിന്റെയും ജാതിമതഗ്രന്ഥവ്യാഖ്യാതാക്കളുടെയും കുടുംബത്തിന്റെയും പുരുഷന്റെയുമൊക്കെ വിധി-വിലക്കുകൾക്കുള്ളിൽ ഹോമിക്കപ്പെട്ട സ്വന്തം ആശകളുടെ പൂർത്തീകരണം തനിക്കുപിറക്കുന്ന മകളിലൂടെ സാധിക്കണമെന്നു മോഹിക്കുന്ന അമ്മമാരുടെ നീട്ടിയെഴുത്തുകൾ. ജീവിതത്തിന്റെ അന്ത്യഘട്ടങ്ങളിൽ സാത്വികഭാവം കൈവന്നുകഴിഞ്ഞ സ്ത്രീയുടെ ചിന്തകളാണ് ഇത്തരത്തിലായിത്തീരുക. കൗമാരാവസാനത്തിലോ യൗവനാദ്യത്തിലോ ആശകളസ്തമിച്ച് വിധിക്ക് കീഴടങ്ങുമ്പോൾ അവൾക്കുള്ളിൽ നീറിപ്പുകയുന്ന അടങ്ങാത്ത പ്രതിഷേധത്തിന്റെ ജ്വാലയിൽ എരിയുന്നത് അവളുടെതന്നെ നീട്ടിയെഴുത്തുകളാകാൻ പിറന്ന കുട്ടികൾ ആയിരിക്കും. അതുകൊണ്ടുതന്നെ സ്വന്തം ജീവിതം അമ്മയുടേതു പോലെ ആകാതിരിക്കാൻ വേണ്ടി-ഒരു വിച്ഛേദനം ആഗ്രഹിച്ചുകൊണ്ടായിരിക്കും വ്യക്തിത്വമുള്ള

പെൺമക്കൾ ബാല്യം മുതൽ സ്വന്തം ആശകൾ കരുപ്പിടിപ്പിക്കുക എന്നത് നീട്ടിയെഴുത്തുകളുടെ മറുവശമാണ്. അനിവാര്യമായിത്തീരുന്ന ഈ മനോഘടനയ്ക്കിടയിൽ അവൾ കടന്നുപോകുന്ന ആത്മസംഘർഷങ്ങൾ നിസ്സാരമല്ല- വ്യക്തിത്വവും ആത്മാഭിമാനവും താൻപോരിമയും ഉള്ള ഒരുവളാണെങ്കിൽ പ്രത്യേകിച്ചും.
'നീട്ടിയെഴുത്തുകൾ' (2016) എന്ന ഖദീജ മുംതാസിന്റെ നോവൽ നാല് പെൺതലമുറകളുടെ വൈകാരികപരിണാമചരിത്രമാണ് പ്രത്യക്ഷത്തിൽ രേഖപ്പെടുത്തിവെയ്ക്കുന്നത്.

**ചരിത്രവഴികളിലെ വൈകാരികപരിണാമങ്ങൾ**

തുമ്പുള്ളിപ്പറമ്പിലെ കദീജു എന്ന സ്ത്രീയിൽ നിന്നാണ് തുടക്കം. അവൾ പ്രായപൂർത്തിയാകുംവരെ സ്കൂളിൽ പോയിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിൽ പങ്കാളികളായവരും സാമൂഹിക-രാഷ്ട്രീയമണ്ഡലങ്ങളിൽ വിരാജിക്കുന്നവരുമായ സ്വന്തം കൂടപ്പിറപ്പുകളെപ്പറ്റിയും കുടുംബത്തെപ്പറ്റിയും അഭിമാനമുള്ളവളുമാണ്. ഭർത്താവിന്റെ പ്രവർത്തനങ്ങളോടും അവൾക്ക് യോജിപ്പുതന്നെ. സ്വാതന്ത്ര്യസമരം നടക്കുന്ന കാലഘട്ടത്തിൽ ഭരണകൂടത്തിന്റെ ഭീകരമായ അടിച്ചമർത്തലുകൾക്ക് വിധേയരാകേണ്ടിവന്ന വേണ്ടപ്പെട്ടവരുടെ അവസ്ഥ കണ്ടപ്പോൾപ്പോലും അവളുടെ മനസ്സ് ചഞ്ചലമായിട്ടില്ല. ചുറ്റുപാടും നടക്കുന്ന സാമൂഹിക-രാഷ്ട്രീയമാറ്റങ്ങൾ ഉത്സാഹത്തോടെ വായിച്ചറിയാനും കേട്ടറിയാനും മനസ്സിലാക്കാനും അവൾക്ക് താത്പര്യം കൂടിയിട്ടേയുള്ളൂ. ആ ഉമ്മയുടെ തീപ്പെട്ടിയുരച്ചിട്ടാൽ കത്തിപ്പിടിക്കുന്നത്ര ജ്വലസാധ്യതയുള്ള തലച്ചോറുമായി പിറന്ന (പുറം 22) മകളാണ് അയിഷു. അവളെപ്പറ്റി കുടുംബത്തിലെ എല്ലാവർക്കും വളരെ പ്രതീക്ഷകൾ ഉണ്ടായിരുന്നു എങ്കിലും ഇന്റർമീഡിയറ്റിനു പഠിക്കുന്ന സമയത്ത് ജാതിയിൽ താഴ്ന്ന ഒരുവനോട് ഉണ്ടായിരുന്ന സൗഹൃദവും അത് മുതലെടുക്കാൻ നോക്കിയ ബന്ധുവായ സൈനുദ്ദീന്റെ ഇടപെടലും നിമിത്തം അവളുടെ പഠനം നിലച്ചുപോയി. വിവാഹിതയായശേഷം പഠിക്കാനുള്ള ആഗ്രഹം ഉണ്ടായത് ഭർത്താവും ഇല്ലാതാക്കി. ഏറെ അഭിമാനത്തോടെ പറഞ്ഞിരുന്ന അതേ കുടുംബമഹിമ തന്നെയാണ് അവളുടെ ആശകളുടെ അന്തകയായിത്തീർന്നത്. താഴ്ന്നജാതിക്കാർക്ക് അയിത്തം കൽപ്പിക്കാതിരിക്കാനുള്ള വിവേകമുണ്ടായിരുന്നപ്പോൾത്തന്നെ ആ വിഭാഗത്തിൽപ്പെട്ട ഒരാളെ കുടുംബാംഗമായി കാണാൻ മാത്രം അവരുടെ മനസ്സ് വളർന്നിരുന്നില്ല എന്നതാണ് വാസ്തവം. അക്കാര്യത്തിൽക്കൂടി പുരോഗമനചിന്താഗതി ആർജ്ജിച്ച അയിഷുവിന്റെ നീട്ടിയെഴുത്താകാൻ പിറന്നവളാണ് മെഹർ. അവൾ അയിഷു ആഗ്രഹിച്ചതുപോലെ ഡോക്ടർ ആവുകയും ഇഷ്ടമുള്ളയാളെ വിവാഹം കഴിക്കുകയും ചെയ്യുന്നുണ്ട്. അയിഷു ആദ്യം എതിർപ്പ് പ്രകടിപ്പിച്ചെങ്കിലും പിന്നീട് വഴങ്ങി. മെഹർ കുറേക്കൂടി സ്വാതന്ത്ര്യമുള്ള ജീവിതവും പ്രണയവും പരിധികൾ ഇല്ലാത്ത സൗഹൃദവും ഒക്കെ ആശിച്ചിരുന്നു. അതിനുവേണ്ടിയുള്ള നീട്ടെഴുത്താകേണ്ടവളായി ദിയ എന്ന മകളെയും നോവലിൽ പ്രതിഷ്ഠിക്കുന്നു. അവൾ സമൂഹത്തിന്റെ വിധിവിലക്കുകളെ തമാശയായി കാണുകയും ബന്ധങ്ങളിൽ തുറന്ന സമീപനം സ്വീകരിക്കുകയും രാപകൽ ഭേദമില്ലാതെ യാത്രകൾ ചെയ്യുകയും സ്വാതന്ത്ര്യം ആസ്വദിക്കുകയും സാമൂഹികവും വ്യക്തിപരവുമായ ഉത്തരവാദിത്തം പ്രകടമാക്കുകയും കുറേക്കൂടി ഉയർന്ന ചിന്തയും പ്രവൃത്തിയും കാഴ്ചവെയ്ക്കുന്നവളുമാണ്. ഇന്ന്

**നാളത്തെ സ്ത്രീയാണ് അവൾ; അതുകൊണ്ട് 'ഇനിയും പിറന്നിട്ടില്ലാത്തവൾ' ആണ് ദിയ എന്നാണ് നോവൽ പറയുന്നത്. വിദ്യാഭ്യാസവും ഇഷ്ടമുള്ള തൊഴിലും സ്വന്തമാക്കിയാലും നഷ്ടമാകുന്ന സ്വാതന്ത്ര്യത്തിനുവേണ്ടി ദാഹിക്കുന്ന ഇന്നത്തെ പെൺകുട്ടികളുടെ നീട്ടെഴുത്തായി ആ സ്വപ്നം സാക്ഷാത്കരിക്കാൻ അവൾ പിറക്കേണ്ടിയിരിക്കുന്നു എന്ന നോവലിസ്റ്റിന്റെ ഭാവനഒരിക്കൽ സാർത്ഥകമാവുകതന്നെ ചെയ്യുമെന്ന പ്രതീക്ഷ വായനക്കാരിലുണ്ടാക്കാൻ എഴുത്തുകാരിക്ക് കഴിയുന്നുണ്ട്.**

ജീവിച്ചിരിക്കുന്ന ഒരു സ്ത്രീയ്ക്ക് അത്തരത്തിലൊരു ജീവിതം സ്വപ്നം കാണാനേകഴിയൂ. നാളത്തെ സ്ത്രീയാണ് അവൾ; അതുകൊണ്ട് 'ഇനിയും പിറന്നിട്ടില്ലാത്തവൾ' ആണ് ദിയ എന്നാണ് നോവൽ പറയുന്നത്. വിദ്യാഭ്യാസവും ഇഷ്ടമുള്ള തൊഴിലും സ്വന്തമാക്കിയാലും നഷ്ടമാകുന്ന സ്വാതന്ത്ര്യത്തിനുവേണ്ടി ദാഹിക്കുന്ന ഇന്നത്തെ പെൺകുട്ടികളുടെ നീട്ടെഴുത്തായി ആ സ്വപ്നം സാക്ഷാത്കരിക്കാൻ അവൾ

പിറക്കേണ്ടിയിരിക്കുന്നു എന്ന നോവലിസ്റ്റിന്റെ ഭാവനഒരിക്കൽ സാർത്ഥകമാവുകതന്നെ ചെയ്യുമെന്ന പ്രതീക്ഷ വായനക്കാരിലുണ്ടാക്കാൻ എഴുത്തുകാരിക്ക് കഴിയുന്നുണ്ട്. പെൺവൈകാരികതയുടെ ഒരു പരിണാമസിദ്ധാന്തം തന്നെയാണ് ഈ നോവൽ സ്ഥാപിച്ചെടുക്കുന്നത്.

പെറ്റും പോറ്റിയും അടുക്കള ഭരിച്ചും വെടിവട്ടങ്ങളിൽ തിളങ്ങിയും മരുമക്കളെ മേയ്ച്ചും പേരക്കുട്ടികളെ താലോലിച്ചും അവരുടെ ജൻമങ്ങൾ തീർന്നുപോയി. തങ്ങളുടെ ആത്മാവിഷ്കാരങ്ങൾ എന്തായിരുന്നു എന്നുപോലുമറിയാതെ. അതിന്റെ തിക്കുമുട്ടലുകൾ അനുഭവിച്ച്, രാത്രികളിൽ നെടുവീർപ്പിട്ട്..എന്തിനെന്നറിയാതെ ചിലപ്പോൾ തേങ്ങിക്കരഞ്ഞ് പുരുഷൻമാരെഴുതിയ കഥകളിലും നോവലുകളിലും അവരാൽ സംരക്ഷിക്കപ്പെടേണ്ട സഹോദരിമാരായും നേടിയതും നഷ്ടപ്പെട്ടതുമായ സൗന്ദര്യധാമങ്ങളായുമൊക്കെ മാത്രം തിളങ്ങാൻ വിധിക്കപ്പെട്ടവർ (പുറം 22) എന്നുപറഞ്ഞുകൊണ്ട് മൺമറഞ്ഞുപോയ പെൺപ്രതിഭകളുടെ ശബ്ദമില്ലാത്ത നിലവിളികൾക്ക് കാതോർത്താൽ മരിച്ചവർ മരണാനന്തരത്തെ ആഘോഷിക്കുമെന്നു കേട്ടിട്ടുള്ളത് വെറുതെ. വെറും ഭാവന! (പുറം 18) എന്ന അഭിപ്രായം ന്യായീകരിക്കത്തക്കതാകും. ആശിച്ചതൊന്നും ആവാൻ കഴിയാത്ത പെൺജൻമങ്ങൾ ഓരോരുത്തരും സ്വന്തം പെൺമക്കളിലൂടെ നീട്ടിയെഴുത്തുകളാവുകയായിരുന്നു എന്ന സിദ്ധാന്തം തന്നെയാണ് സാധൂകരണം അർഹിക്കുന്നത്. തനിക്കു ലഭിക്കാതെപോയതും നിഷേധിക്കപ്പെട്ടതുമൊക്കെ തന്റെ മക്കൾക്ക് ലഭിക്കണമെന്ന ആഗ്രഹം പേറുന്ന അമ്മമാർ (അച്ഛൻമാരും) മക്കളുടെ ആഗ്രഹങ്ങൾ സഫലമാകുന്നതിനുവേണ്ടി സമൂഹത്തിന്റെ വിധി-വിലക്കുകളെ അവഗണിക്കുന്നത് സ്വാഭാവികമാണ്. അത്തരം അവണനകളാണ് മനുഷ്യനെസാംസ്കാരികമായി ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നത്. സാംസ്കാരിക ഉന്നമനത്തിന്റെ രേഖീയമായ വളർച്ച കദീജു-അയിഷ-മെഹറു-ദിയ എന്നിവരിൽ കാണാം. നാലുതലമുറകൊണ്ട് മാറ്റങ്ങൾ ശാശ്വതമാകണമെന്നില്ല; എന്നാൽ തലമുറകളിലൂടെ മാറ്റങ്ങൾ സാർവ്വത്രികമായിത്തീരുമെന്നതിൽ സംശയവുമില്ല.

**രാഷ്ട്രീയബോധത്തിന്റെ ഉണർച്ചയുറക്കങ്ങൾ**

തുമ്പുള്ളിപ്പറമ്പിലെ തലമുറകളുടെ പെൺചരിത്രത്തിന്റെ രേഖപ്പെടുത്തൽ മാത്രമല്ല ഈ നോവൽ നിർവഹിച്ചിരിക്കുന്നത്. മാറുന്ന തലമുറകളുടെ രാഷ്ട്രീയ-സാമൂഹിക-സാമുദായികബോധം നിർണ്ണയിക്കപ്പെട്ടത് എപ്രകാരമാണെന്നതിന്റെ ജൈവികമായ അവതരണം സമാന്തരമായി ഉൾക്കൊണ്ടിരിക്കുന്നു എന്നത് നോവലിന് ലിംഗേതരമായ മറ്റൊരു മാനം കൂടി നൽകുന്നു. മുസ്ലിം എന്നാൽ തീവ്രവാദി എന്നും പാകിസ്ഥാനിലേക്ക് പോകേണ്ടവൻ എന്നുമൊക്കെ അർത്ഥം കൽപ്പിക്കുന്ന ഈ കെട്ടകാലത്തിൽ ഭാരതീയ മുസ്ലീമിന്റെ സ്വത്വബോധാർജ്ജനത്തിന്റെ കനൽവഴികൾ തിരിച്ചറിയേണ്ടത് അനിവാര്യമായിരിക്കുന്നു. നാടൊട്ടുക്കും ഒറ്റപ്പെട്ട് അരങ്ങേറിക്കൊണ്ടിരുന്ന സ്വാതന്ത്ര്യസമരങ്ങളെ മുഴുവനും ഏകോപിപ്പിക്കുന്ന ശക്തിയായി ഗാന്ധിയും നെഹറുവും ഒക്കെ അടങ്ങുന്ന മഹദ്നേതാക്കളുടെ നേതൃത്വനിര രൂപം കൊള്ളുകയും എല്ലാം കോൺഗ്രസ് എന്ന ദേശീയപാർട്ടിയുടെ കീഴിൽ അണിനിരക്കുകയും സ്വാതന്ത്ര്യം നേടിയെടുക്കുകയും ചെയ്ത ചരിത്രത്തിനു സമാന്തരമായി മുസ്ലിം-ലീഗ് എന്ന സംഘടനരൂപീകരിക്കപ്പെട്ടതിന്റെ ആവശ്യകത, അതിന്റെ പ്രസക്തി, ലക്ഷ്യങ്ങൾ എന്നിവയും ലീഗും കോൺഗ്രസും തമ്മിൽ ആദ്യകാലത്തുണ്ടായ സംഘർഷങ്ങളും കോൺഗ്രസെന്ന ദേശീയ പാർട്ടി ഉണ്ടായിരിക്കെത്തന്നെ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന ഒന്ന് അനിവാര്യമായിത്തീർന്നതിന്റെയും ഒക്കെ വിശദീകരണം നോവലിലുണ്ട്. ചെറിയ കുട്ടികൾക്കു പോലും നാടിന്റെ ചരിത്രം മനസ്സിലാകത്തക്കവിധം സംവാദാത്മകമായി അവതരിപ്പിക്കുന്ന ആഖ്യാനരീതി, അതോടൊപ്പം കേരളചരിത്രത്തിന്റെ-ദേശീയതയുടെ സ്ത്രീപക്ഷവീക്ഷണാവതരണം ഇതൊക്കെ മലയാളസാഹിത്യത്തിൽ നടാടെയായിരിക്കും. ചരിത്രം എഴുതപ്പെടുമ്പോൾ അതിനു നഷ്ടമാകുന്ന ജൈവസ്വഭാവമാണ് ഒരു സർഗ്ഗാത്മകകൃതിക്കു മാത്രം സാധ്യമാകുന്ന ഒന്ന് എന്ന തിരിച്ചറിവോടെ ഖദീജ മുംതാസ് വീണ്ടെടുക്കുന്നത്.

ഭൂതകാലത്തിന്റെ ഖബറിടങ്ങളാണ് ചരിത്രം എന്നതുപോലും ഒരു സാമാന്യ നിർവചനമാണ്. കാലം യാഥാർത്ഥ്യവും ചരിത്രം ആ യാഥാർത്ഥ്യത്തിന്റെ നിർമ്മിതിയുമാണ്. അത് നിർമ്മിക്കുന്നത് മനുഷ്യനാണ് എന്നതുകൊണ്ടുതന്നെ കാലത്തെ സംബന്ധിച്ച മനുഷ്യവർഗ്ഗസംബന്ധിയായ അനുഭവങ്ങളും അതേക്കുറിച്ച് എഴുതുന്ന വ്യക്തിയുടെ/ സമൂഹത്തിന്റെ പക്ഷപാതപരമായ കാഴ്ചപ്പാടുകളും മാത്രമായിരിക്കും ആ ചരിത്രത്തിൽ ഇടം പിടിക്കുക. അത് വാസ്തവമെന്ന് പിൽക്കാലതലമുറയെ വിശ്വസിപ്പിക്കാനാവശ്യമായ തെളിവുകളും അവർ ശേഖരിച്ചുവെച്ചിരിക്കും. ഇത്തരത്തിൽ മനഃപൂർവമെന്നോണം നിർമ്മിതമായ ചരിത്രത്തിന്റെ പഠനം നാമാവശേഷമാക്കിക്കളയുന്നത് ഒരു വലിയ ഭൂരിപക്ഷത്തിന്റെ ചരിത്രമാണ്. അതിൽ സ്ത്രീകളും

ദളിതരും എണ്ണമറ്റ മറ്റു ജാതിമതവർഗ്ഗങ്ങളും ജീവിജാലങ്ങളും പ്രകൃതിയും ഒക്കെ ഉൾപ്പെടുന്നു. സ്വന്തം കുടുംബത്തിന്റെ–ജാതിയുടെ–മതത്തിന്റെ–ദേശത്തിന്റെ–രാഷ്ട്രത്തിന്റെ ചരിത്രമറിയാതെ വളരുന്നവർ തീർച്ചയായും അപകർഷതാബോധത്തിനടിമകളായിരിക്കും. ദിശാബോധം നഷ്ടപ്പെട്ട അത്തരം പുതുതലമുറക്കാർ എളുപ്പം ദുഃസ്വാധീനങ്ങൾക്ക് അടിപ്പെടുകയും ചെയ്യും. അപ്രകാരം ദിശാബോധം നഷ്ടമായവരെ ചരിത്രബോധമുള്ളവരാക്കുക എന്നതാണ് മോചനമാർഗ്ഗം. ആ മോചനമാർഗ്ഗമാകാനുള്ള കെൽപ്പ് അവകാശപ്പെടാനാകുന്ന ഒരു കൃതികൂടിയാണിത്.

കോൺഗ്രസായിരിക്കുക എന്നതിൽ അഭിമാനിച്ചിരുന്ന–ശരാശരിയിലും ഉയർന്ന സാമ്പത്തിക അടിത്തറയുള്ള കുടുംബത്തിലെ അംഗമായി പിറന്ന അയിഷുവിന്റെ കുട്ടിക്കാല ഓർമ്മകളിലൂടെയാണ് കേരളത്തിന്റെ രാഷ്ട്രീയാന്തരീക്ഷം നോവലിൽ തെളിഞ്ഞുവരുന്നത്. അവളുടെ ഉമ്മയുടെ സഹോദരങ്ങളും ഉപ്പയും അടക്കം കുടുംബത്തിലെ എല്ലാ പുരുഷപ്രജകളും കോൺഗ്രസ് പ്രവർത്തകർ ആയിരുന്നു. കുട്ടികളിൽപ്പോലും ദേശീയബോധവും

**എഴുത്തുകാരിയുടെതന്നെ ഭാഷയിൽ 'രാഷ്ട്രീയത്തിൽനിന്നുമാറി ഒരു സ്വകാര്യജീവിതം ഇല്ലാതിരുന്ന അക്കാലത്ത്' (പുറം 45) അയിഷു ഉൾപ്പടെയുള്ള ചെറിയ കുട്ടികളുടെപോലും 'രാഷ്ട്രീയബോധത്തെ ജ്വലിപ്പിച്ചു നിർത്തിയത് ചുറ്റും നടക്കുന്ന വിശേഷങ്ങൾതന്നെയായിരുന്നു.' (പുറം 44) പത്രങ്ങൾ, മാസികകൾ ലഘുലേഖകൾ എന്നിവയൊക്കെ 'പകർന്നുതരുന്ന വിവരങ്ങളിലൂടെയും എല്ലാറ്റിനുമപ്പുറം രാഷ്ട്രീയപ്രബുദ്ധരായ ബന്ധുക്കളുടെയും അധ്യാപകരുടെയും ഒളിഞ്ഞും തെളിഞ്ഞുമുള്ള സംഭാഷണച്ചീളുകളിലൂടെയും ഉരുത്തിരിഞ്ഞുവരുന്നതാണ് രാഷ്ട്രീയബോധം**

സ്വാതന്ത്ര്യബോധവും ഗാന്ധിസ്നേഹവും ഒക്കെ വളർത്തിയെടുക്കാൻ ഉത്സാഹം കാണിച്ച സെയ്തുമുഹമ്മദ് എന്ന അയിഷുവിന്റെ വെല്ല്യാമ കോൺഗ്രസ് വിട്ട് ലീഗ് പ്രവർത്തകനായി എന്നത് അവൾക്ക് ആദ്യം ഒരാഘാതമായിരുന്നു. 'പെൺകുട്ടികൾ അക്ഷരം പഠിക്കുന്നതിനെതിരെ ഫത്വ പുറപ്പെടുവിക്കുന്ന മൊല്ലാക്കമാരുടെ ആളായി?' (പുറം 38) എന്നാണ് അവൾ അതിനെഉൾക്കൊണ്ടത്. എന്നാൽ, തിരുവനന്തപുരത്ത് നിയമവിദ്യാർത്ഥിയും കോൺഗ്രസ് പ്രവർത്തകനും ആയിരുന്ന അദ്ദേഹം മലബാറിൽ മടങ്ങി എത്തിയപ്പോൾ ഖിലാഫത്ത് ലഹളയോടെ ആത്മവിശ്വാസം നഷ്ടപ്പെട്ട–സ്വത്തും ജീവനോപാധികളും നഷ്ടപ്പെട്ട–ഏറെ തെറ്റിദ്ധരിക്കപ്പെട്ട–ഏറെക്കാലം വിദ്യാഭ്യാസത്തിനു പുറംതിരിഞ്ഞുനിന്ന സ്വസമുദായത്തിന്റെ ദുരവസ്ഥയാണ് നേരിൽക്കണ്ടത്. ഈ അവസ്ഥയിൽനിന്ന് അവരെ പുനരുദ്ധരിക്കേണ്ടത് വിദ്യാസമ്പന്നരും പുരോഗമനചിന്താഗതിക്കാരുമെന്ന് സ്വയം അവകാശപ്പെടുന്ന തങ്ങളുടെ ധർമ്മം ആണെന്ന തിരിച്ചറിവിലാണ് അദ്ദേഹം ലീഗ് എന്ന സംഘടനയുടെ ഭാഗമായിത്തീർന്നത്. ഇത് അയിഷുവിന് കുറേ വൈകിയാണെങ്കിലും ബോധ്യമാകുന്നുണ്ട്. ലീഗിൽ ചേരുന്നതിനോട് വിയോജിപ്പ് പ്രകടിപ്പിച്ച് കോൺഗ്രസിൽ തുടർന്ന അബ്ദുറഹിമാൻ സാഹിബിനെകോൺഗ്രസുകാർ വർഗ്ഗീയവാദിയെന്നും ലീഗുകാർ മതവിരോധിയെന്നും വ്യാഖ്യാനിച്ച് ആദ്യകാലത്ത് ഒറ്റപ്പെടുകയും ചെയ്തു. പിൽക്കാലത്ത് ലീഗും കോൺഗ്രസും ഒറ്റക്കെട്ടാവുകയും രാഷ്ട്രീയ പ്രാധാന്യമുള്ള സംഘടനയായി അംഗീകാരം നേടിയെടുക്കുകയും ചെയ്ത ചരിത്രം ക്രമമായി നോവലിൽ ചുരുളഴിയുന്നുണ്ട്. രാഷ്ട്രീയലക്ഷ്യത്തിലുപരി വിദ്യാഭ്യാസം കൊണ്ടേ സമുദായത്തിനു രക്ഷയുള്ളൂ എന്നു മനസ്സിലാക്കിയ ആദ്യകാല പ്രവർത്തകർ

അന്ധവിശ്വാസങ്ങളിൽനിന്ന്, മുകൾത്തട്ടുകാരിൽനിന്നുള്ള ചൂഷണങ്ങളിൽനിന്ന്, അവനവന്റെതന്നെ തീവ്രവൈകാരികതകളിൽനിന്ന് (പുറം 42) ഒക്കെയുള്ള മോചനമായിരുന്നു ലക്ഷ്യമാക്കിയത്. ആ ലക്ഷ്യങ്ങൾ രാഷ്ട്രീയലക്ഷ്യം മാത്രമായി ഗതിമാറി ഒഴുകുന്നതിനാണ് പിൽക്കാലകേരളം സാക്ഷ്യം വഹിച്ചത്.

എഴുത്തുകാരിയുടെതന്നെ ഭാഷയിൽ 'രാഷ്ട്രീയത്തിൽനിന്നുമാറി ഒരു സ്വകാര്യജീവിതം ഇല്ലാതിരുന്ന അക്കാലത്ത്' (പുറം 45) അയിഷു ഉൾപ്പടെയുള്ള ചെറിയ കുട്ടികളുടെപോലും 'രാഷ്ട്രീയബോധത്തെ ജ്വലിപ്പിച്ചു നിർത്തിയത് ചുറ്റും നടക്കുന്ന വിശേഷങ്ങൾതന്നെയായിരുന്നു.' (പുറം 44) പത്രങ്ങൾ, മാസികകൾ ലഘുലേഖകൾ

എന്നിവയൊക്കെ 'പകർന്നുതരുന്ന വിവരങ്ങളിലൂടെയും എല്ലാറ്റിനുമപ്പുറം രാഷ്ട്രീയപ്രബുദ്ധരായ ബന്ധുക്കളുടെയും അധ്യാപകരുടെയും ഒളിഞ്ഞും തെളിഞ്ഞുമുള്ള സംഭാഷണച്ചീളുകളിലൂടെയും ഉരുത്തിരിഞ്ഞുവരുന്നതാണ് രാഷ്ട്രീയബോധം (പുറം 44–45) ഏറ്റവും സ്വാഭാവികമായി ഒരു മനുഷ്യന്റെ രാഷ്ട്രീയ-സാമൂഹിക-സാമുദായികാവബോധം രൂപപ്പെടേണ്ടത് ഇപ്രകാരം തന്നെയാണ്. കൃത്രിമമായി സിനിമാ തീയേറ്ററിൽ നിർബന്ധിതമാക്കിയ ദേശീയഗാനം കേട്ടാലുടൻ എഴുന്നേറ്റുനിന്നും അതിർത്തിയിലെ പട്ടാളക്കാരെ സ്തുതിക്കുന്നതിനെഅഭിനന്ദിച്ചും ഗോമാംസം നിരോധിച്ചതിനോടു സഹകരിച്ചുമൊക്കെ സ്വന്തം ദേശീയബോധം പ്രകടമാക്കേണ്ടി വരുന്ന പൗരന്റെ അവസ്ഥ എന്തൊരു ദുരന്തമാണ് എന്ന് തിരിച്ചറിയപ്പെടാതെപോകുന്ന കാലഘട്ടത്തിലാണ് ഈ തിരിച്ചറിവിന് പ്രസക്തിയേറുന്നത്.

**സ്വാതന്ത്ര്യത്തിന്റെ അർത്ഥം**

കോൺഗ്രസ് എന്ന പാർട്ടിയുടെ നേതൃത്വത്തിൽ ഇന്ത്യ സ്വതന്ത്രയാകുകയും ജനാധിപത്യസർക്കാർ ഭരണം ഏറ്റെടുക്കുകയും ചെയ്യുന്നതിനു സമാന്തരമായിത്തന്നെ ഇവിടെ തൊഴിലാളികളുടെയും കർഷകരുടെയും പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ മടിക്കുന്ന പ്രസ്ഥാനത്തിന്റെയും ഗാന്ധിയുടെയും നയങ്ങൾക്കെതിരെ കമ്മ്യൂണിസ്റ്റ്-സോഷ്യലിസ്റ്റ് ആശയങ്ങൾ പ്രചാരം നേടിയതായി (പുറം 48) നോവൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. സ്വാതന്ത്ര്യംന്ന് പറഞ്ഞാ എന്താണ് അയിഷൂ? അത് ഇംഗ്ലീഷുകാരെ ഓടിച്ചാ മാത്രം കിട്ടണതാണോ? അധഃകൃതനെസംബന്ധിച്ചെങ്കിലും അല്ല. അധഃകൃതൻ അകറ്റിനിർത്തപ്പെടുന്നത് വെള്ളക്കാരനാലല്ലോ!' (പുറം 32) എന്ന തരത്തിൽ അധ്യാപകനുമായുണ്ടായ സംവാദവും 'അഭിപ്രായഭിന്നത തെറ്റല്ല. അവനവന് കിട്ടാൻ പോണത് സ്വാതന്ത്ര്യം തന്ന്യാണെന്ന് എല്ലാവർക്കും ബോധ്യാവണ്ടേ?' (പുറം 56) എന്ന വെല്ല്യാമയുടെ വിശദീകരണവും 'പാവങ്ങളുടെ ഭാഗത്താണ് കമ്മ്യൂണിസ്റ്റുകാർ. കൂലിപ്പണിക്കാരും തെങ്ങേറ്റക്കാരും മീൻ പിടിക്കുന്ന അരയരും ഒക്കെ ഇപ്പോൾ കമ്മ്യൂണിസ്റ്റുകളാത്രേ!' (പുറം 58) എന്ന നാരായണിയുടെ വർത്തമാനത്തിലും ഒക്കെ ഒളിഞ്ഞും തെളിഞ്ഞും പ്രകടമാകുന്ന ആശയങ്ങൾ കമ്മ്യൂണിസം ഇവിടെ വേരുപിടിക്കാനിടയായ സാമൂഹിക-രാഷ്ട്രീയ സാഹചര്യങ്ങളിലേക്കുള്ള ചൂണ്ടുപലകയായി നിൽക്കുന്നു. തനിക്കേറ്റവും പ്രിയപ്പെട്ട സുഹൃത്ത് ജാതിയുടെ പേരിൽ അപമാനിതനാകുന്നതിനു സാക്ഷിയാകുംവരെയും അവൾക്ക് അവർണ്ണന്റെ വേദനമനസ്സിലാകാതിരുന്നത് അവൾ ഒരിക്കലും അത്തരമൊരു വിവേചനത്തെക്കുറിച്ച് ചിന്തിച്ചിട്ടില്ല എന്നതിനാൽ മാത്രമായിരുന്നു. സമ്പന്നതയുടെ നടുവിൽ പിറന്നുവീണ അവളെ സംബന്ധിച്ചിടത്തോളം 'കുടികിടപ്പുകാരുടെയും ആശ്രിതരുടെയും പണിക്കാരികളുടെയും മേൽ തങ്ങൾക്കുള്ള അധികാരാവകാശങ്ങളെപ്പറ്റിയുള്ള പാഠങ്ങൾ കുട്ടിക്കാലം മുതലേ അവർപോലുമറിയാതെ അവരുടെ മനസ്സുകളിൽ മുദ്രണം ചെയ്യപ്പെടുകയാണ്. അവരുടെ മനസ്സുകളിലെ സ്വാഭാവികതകളായ ആർദ്രതയ്ക്കും സർഗ്ഗപരതകൾക്കുമൊക്കെ മുകളിൽ ഈ പാഠങ്ങൾക്ക് മേൽക്കൈയുണ്ട്.' (പുറം 53–54) എന്നതുകൊണ്ടായിരുന്നു. ഇന്നും കമ്മ്യൂണിസത്തോട് അനുഭാവം പ്രകടിപ്പിക്കുന്നത് അധഃകൃതന്റെ വേദനഉൾക്കൊള്ളുന്നവരാണ്. വിവേചനങ്ങളില്ലാതെ ജനങ്ങൾക്ക് സ്വാതന്ത്ര്യം അനുഭവിക്കാൻ കഴിയുമ്പോൾ മാത്രമാണ് ഒരു ജനാധിപത്യരാജ്യം സ്വാതന്ത്ര്യം നേടി എന്ന് പൂർണ്ണമായ അർത്ഥത്തിൽ അവകാശപ്പെടാൻ കഴിയുകയുള്ളൂ.

**നഷ്ടമായ സ്വാശ്രയശീലം**

അയിഷു ഐക്യം മാമ എന്നും നാട്ടുകാർ മുല്ലപ്പറമ്പൻ എന്നും വിളിക്കുന്ന ഇബ്രായിൻ ഹാജി പ്രാവർത്തികമാക്കുന്ന സ്വപ്നഗ്രാമം എന്ന സ്വാശ്രയഗ്രാമത്തെ ഇന്നും മാതൃകയാക്കാവുന്ന ഒന്നായി എഴുത്തുകാരി നോവലിൽ അവതരിപ്പിക്കുന്നുണ്ട്. റൊട്ടിയുണ്ടാക്കുന്ന ബോർമ്മ, ഗ്രാമീണഹോട്ടൽ, ചക്കാട്ടു കേന്ദ്രം, മെഴുകുതിരി നിർമ്മാണയൂണിറ്റ്, കന്നുകാലിവളർത്തൽ കേന്ദ്രം, കൃഷിഭൂമി എന്നിവയെല്ലാം അടങ്ങുന്ന ഒന്നാണത്. പാവപ്പെട്ടവർക്കും വീട്ടമ്മമാരായ സ്ത്രീകൾക്കും കുട്ടികൾക്കും ഒക്കെ വലിയ അദ്ധ്വാനമില്ലാതെ അധികവരുമാനം നേടാൻ കഴിയുന്ന മാർഗ്ഗങ്ങളായിട്ടാണ് അത് അവതരിപ്പിച്ചിരുന്നത്. വലിയ പറമ്പിൽ നിറയെ ഫലവൃക്ഷങ്ങളും തണലില്ലാത്തിടത്ത് പച്ചക്കറിക്കൃഷിയും നടത്തുന്നു. അഞ്ച് സെന്റ് സ്ഥലം വീതം നാട്ടിലെ കുട്ടികൾക്ക് വിട്ടുകൊടുത്തിരിക്കുന്നു. അവർക്കവിടെ കൃഷി ചെയ്യാം. തൊഴുത്തിലെ ചാണകം വളമായി എടുക്കാം. വിളവെടുത്തു കിട്ടുന്നതിനു വില കൊടുക്കും. എല്ലാവർക്കും ഗ്രാമീണബാങ്കിൽ അക്കൗണ്ട് തുടങ്ങി സമ്പാദ്യം അതിൽ നിക്ഷേപിക്കും. ആ പച്ചക്കറി ഉപയോഗിച്ച് ഗ്രാമീണഹോട്ടലിൽ കുറഞ്ഞ വിലയ്ക്ക് ഭക്ഷണം കൊടുക്കും. ഇപ്രകാരം പരസ്പരസൗഹാർദ്ദത്തിൽ പ്രവർത്തിക്കുന്ന സ്വാശ്രയഗ്രാമം ആണ് അദ്ദേഹം നടപ്പാക്കിയത്. എന്തിനും ഏതിനും വിപണിയെ ആശ്രയിക്കുന്ന ശീലം മുതലെടുത്ത് കീശവീർപ്പിക്കുന്ന കോർപ്പറേറ്റുകൾക്കും നാടൻ

ഇനങ്ങൾക്ക് വലിയ വില ഈടാക്കുന്ന ചൂഷണത്തിനും തടയിടാനും ചെറിയ പ്രായം മുതൽക്കുതന്നെ കുട്ടികളിൽ ആത്മവിശ്വാസവും സ്വാശ്രയശീലവും വളർത്താനും സർവ്വോപരി വിഷമില്ലാത്ത ഭക്ഷണം കഴിക്കാനും ആരോഗ്യം നിലനിർത്താനും സൗഹൃദം ഊട്ടിയുറപ്പിക്കാനും മാതൃകയാക്കാവുന്ന ആശയമാണ് സൗഹൃദഗ്രാമം. സ്കൂളുകൾ കേന്ദ്രീകരിച്ച്-ഉപയോഗശൂന്യമായ പൊതു ഇടങ്ങൾ കേന്ദ്രീകരിച്ച് ഇന്നും ഇവ നടപ്പാക്കാവുന്നതേയുള്ളൂ. ഇത്തരം നവോത്ഥാനപരമായ ആശയങ്ങൾക്ക് തുടർച്ച നഷ്ടപ്പെട്ടു എന്നതാണ് നമ്മുടെ ദേശത്തിന്റെ സ്വയംപര്യാപതത നഷ്ടപ്പെടാൻ കാരണം.

**സാഹിത്യവും യാഥാർത്ഥ്യവും**

സൗഹൃദഗ്രാമത്തിനുള്ളിൽ മാത്രമല്ല; യുദ്ധകാലവറുതിയിൽ കുടുംബത്തെ മുന്നോട്ട് നയിക്കാൻ വേണ്ടി വലിയവീടുകളിൽ കൂലിവേല ചെയ്തും ഒഴിവുസമയങ്ങളിൽ കൈതോലപ്പായ നെയ്തും കയറുപിരിച്ചും ഒക്കെ എല്ലുമുറിയെ പണി ചെയ്തുമൊക്കെ കുടുംബം പോറ്റുന്ന സ്ത്രീജീവിതം സമാന്തരധാരയായി നോവലിൽ കടന്നുവരുന്നുണ്ട്. അന്നത്തെ സാധാരണക്കാരെന്നു പറയാവുന്ന മിക്ക കുടുംബങ്ങളിലെയും പുരുഷൻമാർ സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുന്നവരോ അതിന്റെ പേരിൽ പോലീസ് മർദ്ദനത്തിനിരയായി നാടുവിടുകയോ ആരോഗ്യം ക്ഷയിക്കുകയോ ചെയ്തവരായിരുന്നു. അതുകൊണ്ടുതന്നെ കുഞ്ഞുങ്ങളെ പോറ്റേണ്ട ഉത്തരവാദിത്തം വീട്ടിലെ പെണ്ണുങ്ങൾക്കായിരുന്നു. സ്ത്രീകൾ വീടിനു പുറത്തുപോയി ജോലി ചെയ്യുന്നത് ഈ നാടിന്റെ സംസ്കാരത്തിനു ചേർന്നതല്ല എന്ന തരത്തിൽ കഥകളും നോവലുകളും പടച്ചുവിട്ടുകൊണ്ടിരുന്ന-പെണ്ണദ്ധ്വാനത്തിനു നേരെ കണ്ണടച്ച എഴുത്തുകാർ സൃഷ്ടിച്ച വ്യാജസാംസ്കാരിക നിർമ്മിതിയായ സാഹിത്യകൃതികൾ പിൽക്കാലസ്ത്രീയ്ക്ക് ഒരു ബാധ്യത തന്നെയായിരുന്നു. അതുകൊണ്ടുതന്നെ നോവലിൽ പ്രധാനകഥയ്ക്ക് സമാന്തരമായി അടയാളപ്പെടുന്ന പെണ്ണുലകം അദ്ധ്വാനത്തിന്റെ മഹത്ത്വം ഉദ്ഘോഷിക്കുന്നവയാണ്.

**പ്രതീക്ഷകളും നിരാശകളും**

സ്വാതന്ത്ര്യം നേടിയെന്ന അറിവിൽ സ്വതന്ത്രരാവുക എന്ന അവസ്ഥയെപ്പറ്റി അന്നത്തെ ജനത കണ്ട സ്വപ്നങ്ങൾ നോവലിൽ പങ്കുവെയ്ക്കപ്പെടുന്നുണ്ട്. ഇനി കൃഷിക്കാരെ പിഴിയുന്ന നികുതിയുണ്ടാകില്ല. അതു മുടങ്ങിപ്പോയാൽ വരുന്ന ജപ്തികളും. ഇനി ഹുണ്ടികപ്പിരിവുകാരില്ല. മുതലാളിമാരുടെ റൗഡിപ്പടകളില്ല. തിന്നാൻ അരിയില്ലാത്ത അവസ്ഥയില്ല. പൂഴ്ത്തിവെയ്പ്പുകാരില്ല. നമ്മുടെ കുഞ്ഞുങ്ങൾ വയറുനിറയെ ഇനി ഭക്ഷണം കഴിക്കും. നല്ല ഉടുപ്പുകളിട്ട് സ്കൂളുകളിൽ ജാതിമത വിവേചനങ്ങളില്ലാതെ പാറിനടക്കും. ബുദ്ധിയുള്ളവരൊക്കെ പഠിച്ച് ബി.എ.ക്കാരും എൽ.എൽ.ബിക്കാരുമൊക്കെയാകും. സർക്കാർ വകുപ്പിലെ ഉയർന്ന തസ്തികകളിലൊക്കെ ഇനി നാട്ടിലെ വിദ്യാസമ്പന്നർ മാത്രം! (പുറം 66) എന്നാൽ ഭാരതത്തെ സംബന്ധിച്ച് സ്വാതന്ത്ര്യം നേടി 70 വർഷം ആകുമ്പോഴും (2017ആഗസ്ത് 15ന്) മേൽപ്പറഞ്ഞ സ്വപനങ്ങൾ എത്രമാത്രം സാക്ഷാത്കരിക്കാൻ സാധിച്ചു എന്ന് ചിന്തിക്കുമ്പോഴാണ് യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്ക് ഇനിയും ഏറെ ദൂരമുണ്ട് എന്ന് ബോധ്യമാവുക.

വിദ്യാഭ്യാസകാര്യത്തിലെങ്കിലും ഭാരതത്തിലെ മറ്റേതൊരു സംസ്ഥാനത്തെക്കാളും മുന്നേറാൻ കേരളത്തിനു സാധിച്ചു എന്നത് നിസ്സാരമായി കാണുന്നില്ല. ജാതിമതവിവേചനവും തൊഴിൽവിവേചനവും കേരളത്തിൽ ഇത്രയധികം കുറഞ്ഞിരിക്കുന്നതും അതേകാരണം കൊണ്ടുതന്നെ ആണ്. മനുഷ്യർ അടിസ്ഥാനപരമായി നല്ലവരാണ്. വിഭാഗീയതകൾക്കതീതമായി അവർ പരസ്പരം കണ്ടെത്തുന്നുമുണ്ട്. പക്ഷേ, സംഘബോധം ആവേശവും ആഘോഷവുമാകുമ്പോൾ കണ്ണില്ലാത്ത ആൾക്കൂട്ടങ്ങൾ മാത്രമായിത്തീരുന്നു അവർ. ആഘോഷം! അതെ, ആ വാക്കുതന്നെയാണ് ചേരുക. അപരനെശത്രുവായി മാത്രം കാണാൻ പ്രേരിപ്പിക്കുന്ന അക്രമത്തിന്റെ ആഘോഷം. വെറുപ്പിന്റെ ആഘോഷം! (പുറം 176) എന്ന അഭിപ്രായം മനുഷ്യനെസ്വന്തം വർഗ്ഗത്തിൽപ്പെട്ടവനെആക്രമിക്കുന്ന ഒരേയൊരു ജീവജാലമാക്കി മാറ്റുന്നതിനു പിന്നിലെ മനഃശാസ്ത്രം വെളിപ്പെടുത്തുന്നു. അറിവില്ലാത്തവരാണ് ആൾക്കൂട്ടങ്ങളായി പരിണമിക്കുന്നത്. അറിവുള്ളവർ പരസ്പരം സ്വന്തം ജാതിക്കും മതത്തിനും വിഭാഗീയതകൾക്കും അപ്പുറം സ്വന്തം വർഗ്ഗത്തെ (മനുഷ്യവർഗ്ഗം) തിരിച്ചറിയും. സമുദായധ്രുവീകരണം നടക്കുകയും പരസ്പരസംസർഗ്ഗം കുറഞ്ഞിരിക്കുകയും ചെയ്യുന്നിടങ്ങളിൽ സാദുദായികസംഘർഷങ്ങൾക്ക് സാധ്യതയേറിയിരിക്കും. നോർത്ത് ഇന്ത്യയെ ഇന്നും കലാപഭൂമിയാക്കുന്നത് ഈ അന്തരീക്ഷമാണ്. കേരളത്തിലേതുപോലെ ജാതിമത സമുദായങ്ങൾ കൂടിക്കലരുന്ന അവസ്ഥ അവിടങ്ങളിൽ നഗരകേന്ദ്രിതമായി മാത്രമേ ഉണ്ടാകുന്നുള്ളൂ. ഈ സാഹചര്യങ്ങൾ ചൂഷണം ചെയ്ത് 'മനഃപൂർവം ഉണ്ടാക്കുന്ന കലാപങ്ങളിലൂടെ വോട്ടിന്റെ രൂപത്തിൽ നേട്ടം കൊയ്യുന്നത് അധികാരത്തിലിരിക്കുന്ന ഭരണകക്ഷികളോ ഭരണം ലക്ഷ്യം വെയ്ക്കുന്നവരോ മാത്രമാണ്.' (പുറം 178). 'നിസ്സംശയമായും നമ്മുടെ രാജ്യത്ത്

ഇല്ലാതാക്കപ്പെടുന്ന അസമത്വപരമായ അവസാനത്തെ സ്ഥാപനമായിരിക്കും ജാതി. മറ്റെന്തിനെക്കാൾ കൂടുതൽ കാലം അതിവിടെ നിലനിൽക്കും' (പുറം 105) എന്ന തെലുങ്ക് ആക്റ്റിവിസ്റ്റ് കെ.ബാലഗോപാലിന്റെ അഭിപ്രായം അതേപടി ഒരു അധ്യായത്തിന്റെ ആമുഖമായി എഴുത്തുകാരി എടുത്തുചേർക്കുന്നതും ശ്രദ്ധേയമാണ്.

**ബൃഹദാഖ്യാനങ്ങൾക്കൊരു താത്കാലികചരമക്കുറിപ്പ്**

ദളിത്‌വാദമെന്നും സ്ത്രീപക്ഷവാദമെന്നും പാരിസ്ഥിതികവാദമെന്നും ഒക്കെ സാഹിത്യവും ചിന്താധാരകളും പലതായി പിരിയുന്ന കാലഘട്ടമാണിത്. പ്രശസ്തരായ വ്യക്തികൾ മാത്രമല്ല സാധാരണക്കാർ ഉൾപ്പടെയുള്ളവരിൽ പലരും അവയോട് ആഭിമുഖ്യം പുലർത്തുന്നതിനും എതിർക്കുന്നതിനും കാരണങ്ങൾ തേടുകയും ചെയ്യുന്നു. എന്നാൽ, സാമുദായികവാദം എന്നോ വിഭാഗീയചിന്ത എന്നോ വർഗ്ഗീയവാദം എന്നോ എന്തൊക്കെപ്പറഞ്ഞ് അവഹേളിച്ചാലും മുകൾത്തട്ടിലെ പ്രമാണീഭാവം മാറാത്തിടത്തോളം ന്യൂനപക്ഷങ്ങൾക്ക് സംഘടിക്കുകയല്ലാതെ എന്തു നിവൃത്തി!' (പുറം 137) എന്ന അഭിപ്രായത്തിലൂടെ ന്യൂനപക്ഷസംഘടനകൾ രൂപീകൃതമാകാനുള്ള കാരണം വ്യക്തമായി രേഖപ്പെടുത്തുകയാണ് എഴുത്തുകാരി. അതൊരു അനിവാര്യതയാണ്. സമത്വമെന്ന പാതയിലേക്കുള്ള വഴികളിൽ ഇക്കഴിഞ്ഞ കാലഘട്ടങ്ങളിൽ ഒറ്റപ്പെട്ട ശബ്ദങ്ങളൊട്ടേറെ ഉയർന്നിട്ടും നീതി കിട്ടാക്കനി ആയിരിക്കെ സംഘശക്തി അനിവാര്യമാക്കിത്തീർത്തത് കാലം തന്നെയാണ്. കാലത്തിന്റെ അനിവാര്യതയിൽ ദളിത്-സ്ത്രീ-പാരിസ്ഥിതികാദിവാദങ്ങൾ അഥവാ ന്യൂനപക്ഷസംഘടനകൾ അവയെ ചോദ്യം ചെയ്യുന്ന മുകൾത്തട്ട് മനോഭാവത്തോട്-അവരുടെ അടിച്ചമർത്തൽ നയങ്ങളോട് ശക്തമായി പ്രതികരിക്കുകതന്നെ ചെയ്യും. പ്രതികരണശേഷി ആർജ്ജിക്കുന്നവരെ അടിച്ചമർത്താൻ മേൽത്തട്ടിനു ധൈര്യമില്ലാതായിത്തുടങ്ങുന്ന കാലത്തുമാത്രമേ സമത്വമെന്ന ആശയം പ്രസക്തമായിത്തീരുകയുള്ളൂ. അതുപോലെ ആന്തരികമായി ശാക്തീകരിക്കപ്പെടാത്ത ഒരു സമൂഹം രാഷ്ട്രീയപ്രസ്ഥാനം ആകുമ്പോഴും മുഖ്യധാരക്കാർക്ക് ചൂഷണത്തിനുള്ള മുഖമില്ലാ കൂട്ടമായി നിലനിൽക്കേണ്ടി വരുമ്പോഴും അതിനെഅപലപിക്കേണ്ടിവരുമെന്നും എഴുത്തുകാരി പറയുന്നു. സമൂഹത്തിന്റെ ആന്തരികനവോത്ഥാനത്തിനോ ജനാധിപത്യവത്കരണത്തിനോ സംഭാവനകൾ നൽകാനാകാത്ത പ്രസ്ഥാനം രാഷ്ട്രീയത്തിലുണ്ടാകുന്നതുകൊണ്ട് നേതാക്കൾക്കല്ലാതെ മറ്റാർക്കും പ്രയോജനമില്ല എന്നും പ്രസ്താവിക്കുന്നുണ്ട്. ഉപരിതലശാക്തീകരണംകൊണ്ട് ഒരു ഗുണവുമില്ല, അവിടെ സ്ത്രീയും അധഃസ്ഥിതനും ഒക്കെ അവഗണിക്കപ്പെടുകയേ ഉള്ളൂ എന്ന് കണക്കുകൂട്ടുമ്പോൾ ഒരു യഥാർത്ഥ സ്വതന്ത്ര-ജനാധിപത്യ-മതേതരത്വ രാജ്യത്തിന്റെ അധികാരഘടനഏപ്രകാരമായിരിക്കണം നിലകൊള്ളേണ്ടത് എന്ന നിർവചനം തന്നെയായി അത് മാറുന്നുണ്ട്. ആ നിർവചനം സ്വീകാര്യമാകുന്ന കാലഘട്ടത്തിൽ എഴുതപ്പെട്ട ചരിത്രങ്ങൾ വെറും നിർമ്മിതികളായി ഇകഴ്ത്തപ്പെടുക തന്നെചെയ്യും.

**പ്രാശ്ചിത്തത്തിന്റെ നാൾവഴികൾ പെൺവൈകാരികതകളുടെയും**

സ്വതന്ത്ര-ജനാധിപത്യ-മതേതരത്വ ഭാരതത്തിന്റെയും ഒക്കെ നീട്ടിയെഴുത്തായി ഈ നോവൽ പരിണമിക്കുമ്പോൾ ഓരോ തലമുറയും കഴിഞ്ഞ തലമുറ ചെയ്ത അരുതായ്മകൾക്ക് പ്രാശ്ചിത്തം ചെയ്തുകൊണ്ടാണ് മുന്നോട്ടുള്ള പ്രയാണം സാധ്യമാക്കുന്നത് എന്നുകാണാം. വിദ്യാഭ്യാസത്തിന് അവസരം ലഭിക്കാത്ത തലമുറ അതിനു തങ്ങളെ അനുവദിക്കാതിരുന്ന മുൻ തലമുറയുടെ അറിവുകേടിനു പാശ്ചിത്തമെന്നോണം ആണ് സ്വന്തം മക്കളെ സ്കൂളിലയച്ച് പഠിപ്പിക്കാൻ തയ്യാറാകുന്നത്. അവരെ സംബന്ധിച്ച് എഴുത്തും വായനയും അറിയുക മാത്രമാകും പ്രധാനം. അതിനുള്ള പഠിപ്പായെന്നു തോന്നുമ്പോൾ അവർ കുട്ടികളുടെ പഠനം ഉപേക്ഷിക്കാൻ നിർബന്ധിച്ചേക്കും. അത് തെറ്റാണെന്ന ബോധ്യത്തോടെ പഠനം ഉപേക്ഷിക്കാൻ നിർബന്ധിതരാകുന്ന അവർ അവരുടെ കുട്ടികൾക്ക് കൂടുതൽ വിദ്യാഭ്യാസം നേടാൻ അവസരമൊരുക്കി പ്രാശ്ചിത്തം ചെയ്യും. അടുത്ത തലമുറ അവർക്ക് തൊഴിൽ കൂടി ലഭ്യമാക്കുന്നതിലേ സംതൃപ്തരാവുകയുള്ളൂ. അതിനുമപ്പുറമുള്ള ആത്മീയ സംതൃപ്തിക്കുകൂടി അതിനടുത്ത തലമുറ പ്രാധാന്യം കൽപ്പിച്ചേക്കും. നോവലിൽ ഇനി ജനിക്കാനിരിക്കുന്ന തലമുറകളെ ദിയ എന്ന പേരിൽ സംബോധനചെയ്യുന്നത് ഈ ബോധ്യത്തിൽത്തന്നെയാണ്. ദിയ എന്നാൽ പ്രാശ്ചിത്തം എന്നർത്ഥം. ഇത്തരത്തിലുള്ള പരിണാമം സ്വാതന്ത്ര്യാനന്തരഭാരതത്തിലെ സാമൂഹിക-രാഷ്ട്രീയ രംഗങ്ങളിലെല്ലാം നടക്കുന്നുണ്ട്. അതിന്റെയൊക്കെ അനന്തരഫലമായി വരും തലമുറകൾക്ക് യഥാർത്ഥത്തിലുള്ള ജനാധിപത്യത്തിന്റെ മധുരഫലം അനുഭവിക്കാനാകും എന്ന എഴുത്തുകാരിയുടെ പ്രതീക്ഷ നോവൽ വായനാനന്തരം വായനക്കാരന്റേതുകൂടിയാകും എന്നതാണ് എഴുത്തിന്റെ മാന്ത്രികത.

ചർച്ചാവിഷയം
കവിത



പ്രഭാ സക്കറിയാസ്

# തലയോട് കാണാൻ പോയ കുട്ടി

ഒരിടത്തൊരിടത്തൊരിടത്തൊരു കുട്ടി
തലയോടുകാണാൻ പോയി.
കുട്ടികളുടെ കുർബാനയുടെ ഉച്ചയാണ്.
കർത്താവിന്റെ ശരീരത്തിൽ നോക്കി കുട്ടിക്ക്
വേദനിച്ചു, തലചുറ്റി.
അനന്തരം കുട്ടി ഇളംതിണ്ണയിലിരിക്കുകയും
അകത്ത് കുർബാന തുടരുകയുമാണ്.
മെല്ലെ നടന്നപ്പോൾ ശവക്കോട്ടപ്പറമ്പൊരു
ലക്ഷ്യമായിരുന്നില്ല.
വെളുത്ത ഷർട്ട്, നീലക്കുരിശ്, ക്യാമൽ മഷി
ഓർമ്മയിൽ ഒരടക്കം മാത്രം,
ചെറിയ ഓർമ്മയാ-
ണാരും കാണാതൊരുമുറിയിൽ
ഭംഗിയുള്ളൊരു പെട്ടിയിൽ
കയറിയിറങ്ങിക്കളിച്ചതും
ഇളയതിനെ കേറ്റിയിരുത്തിയതും
കരയിപ്പിച്ചൊരു പാട്ടാദ്യം കേട്ടതും
അന്തിവെളിച്ചം മങ്ങിയതും
പൂക്കളും കുന്തിരിക്കവും സാമ്പ്രാണിയു-
മൊരുമണമൊരു മരണമണം
ഉള്ളംകയ്യ്
പാവാടഞൊറിയിൽ തേച്ചതും
ഉള്ളം കലങ്ങിയതും
മരിച്ചയാളിന്റെ പേന മോഷ്ടിച്ചതും
മരിച്ചവർ പോയെന്നുതിരിച്ചറിഞ്ഞതും
ഒരു മാലാഖ
കേട്ടറിവേയുള്ളൂ,
വെളുത്തപൂക്കൾ അതിരിടുന്ന വഴിതീരുന്നിടത്ത്
മെഴുകുരുകി വെയിലിൽ കുഴഞ്ഞുകിടക്കുന്ന കല്ലുകൾ,
തടിക്കുരിശുകളും കൽക്കുരിശുകളും,
വലിയവ, ചെറിയവ, ദ്രവിച്ചവ, മിനുത്തവ,
ചവിട്ടിയാൽ മരിച്ചവരറിയുമോ എന്നുപേടിവേണം.
എത്ര സൂക്ഷിച്ചാലും ചവിട്ടിപ്പോകും.
പേരില്ലാത്ത കുരിശില്ലാത്ത നിലംപോലുമാരുടെ?
പിന്നെയാണാക്കോണിൽ
കിണറെന്നോ കുളിപ്പുരയെന്നോ തോന്നുന്നൊരിടം.
വലിയ രണ്ടുവെട്ടുകല്ലുകൾ ചേർത്തുവെച്ചിട്ടുണ്ട്,
തേപ്പിളകിയ ഭിത്തിയിലും വെട്ടുകല്ലിന്റെ നിറം കാണാം.
കുട്ടി പതിയെ നടന്നുകയറി,
എത്തില്ല.
ഒന്നുകൂടി വലിഞ്ഞുനോക്കിയപ്പോൾ ഒരുനോക്ക് കണ്ടു.
മണ്ണുകലർന്ന ഒരു എല്ലിൻകൂന.
താഴരയിൽ തിളങ്ങുന്ന,
ഒതുങ്ങിയ ഒരു തലയോട്.
പേടിതോന്നാഞ്ഞത് കുട്ടിയെ ആഹ്ലാദിപ്പിച്ചു.
കുട്ടി ചിരിച്ചു.
നട്ടുച്ചയ്ക്കാകാശത്ത് ചെന്തീപടർന്നു,
കുട്ടി ഒറ്റയ്ക്ക് തിരിച്ചുനടന്നു.

# എഴുത്തവൾത്തുരുത്ത് - അനുഭവങ്ങൾ

## ആര്യാ രാജ്



കവിതയെഴുതുന്ന കവിതയെ സ്നേഹിക്കുന്ന ഉന്മാദിനികളായ പെണ്ണുങ്ങളുടെയൊരു കൂട്ടം. കവിതചൊല്ലിയും കാവ്യവഴികളെക്കുറിച്ചു ചിന്തിച്ചും കിന്നാരം പറഞ്ഞും സർഗ്ഗാത്മകതയുടെ ഉല്ലാസലഹരിയിൽ ഈരണ്ടു രാപ്പകലുകൾ. അതായിരുന്നു എഴുത്തവൾത്തുരുത്തെന്ന സർഗ്ഗസംഗമം

> തമ്മിലാദ്യമായ്ക്കാണുന്നവർ. ദൂരം കാതങ്ങൾ വരച്ചിട്ടകറ്റിയ ആത്മാക്കൾ. അക്ഷരങ്ങൾക്കൊണ്ട് ദൂരത്തെ മറികടന്ന സ്നേഹവായ്പുകൾ. സമകാലിക മലയാളകവിതയിലടയാളപ്പെട്ട പെണ്ണുങ്ങൾ... കവിതകൾക്കൊണ്ട് തമ്മിൽ തിരിച്ചറിഞ്ഞവർ.

> എഴുത്തിനെയും എഴുത്താളെയുംപറ്റി.. പ്രതിബന്ധങ്ങളെയും സാധ്യതകളെയും കുറിച്ച്..ഹൃദയത്തെയും കവിതകളെയും പറ്റി.. ചരിത്രത്തെയും സംസ്കാരത്തെയും സമൂഹത്തെയും രാഷ്ട്രീയത്തെയും കുറിച്ച്. നമ്മൾ തൊടാതെ പോയ വിഷയങ്ങളില്ലല്ലോ പെണ്ണുങ്ങളേ.. ഒരേ അനുഭവങ്ങളുള്ളവർക്കൊപ്പം കൂടിയിരിക്കുന്നതിന്റെ സന്തോഷങ്ങളൊന്ന് വേറെയാണ്..

> ഒരു കയ്യാൽ തൊട്ടിലാട്ടി മറുകയ്യാൽ കവിതകോർക്കുന്ന അമ്മച്ചിത്രങ്ങളോളം ആദർശവത്കരിയ്ക്കപ്പെട്ട ഇടങ്ങളിലേയ്ക്കാണ്.. പ്രണയവും..ഉന്മാദവും.. വിരഹവും..സ്വാതന്ത്ര്യവും പൂത്തുലയുന്ന പ്രതീക്ഷയുടെ പൊട്ടിച്ചിരികളുമായ് പെൺകൂട്ടം പറന്നടുക്കുന്നതെന്നത് പ്രതീക്ഷകളുണർത്തുന്നു.

## ശാന്തി ജയ



അപ്പൂപ്പൻതാടി പോലെ പറന്നെത്തിയ കുറേ കവികൾ, കൂട്ടുകാർ. ഒത്തുകൂടാനും കവിത ചൊല്ലാനും സംവദിക്കാനും പൊട്ടിച്ചിരിക്കാനും ഒരിടം. പിരിയുമ്പോൾ ഇനി എന്നാണ് എവിടെവച്ചാണ് ഒന്ന് കൂടുന്നതെന്ന് ചോദിക്കുന്ന മനസ്. പഠന കാലത്തെ ഹോസ്റ്റൽ മുറികളുടെ കുസൃതിയിലേക്ക് മടങ്ങിച്ചെന്നതുപോലെ പെട്ടെന്ന് ഹൃദയം ലാഘവമുള്ളതായി മാറി. കവിത, സൗന്ദര്യ ദർശനം, എഴുത്ത് രീതികൾ എല്ലാം ഓരോരുത്തർക്കും വ്യത്യസ്തം. ഇത്തരം തൂലികാശാഠ്യങ്ങൾക്കിടയിൽ വൈകാരികമായ ഒരു തുടർച്ച ഞങ്ങളെ ഒന്നാക്കുന്നുണ്ടായിരുന്നു. ഇസങ്ങൾക്കപ്പുറത്ത് ആറാമിന്ദ്രിയം കൊണ്ട് മാത്രം തൊട്ടറിയാനാവുന്ന ഒരു സാഹോദര്യം.. ചേർത്ത് പിടിക്കുന്ന സ്നേഹം.. കവിതയുടെ ഒരു നീണ്ട മുടിയിഴ.



## കവിത ബാലകൃഷ്ണൻ

അല്ലാ കൂട്ടരേ, ഒരു പെൺകൂട്ടം എന്നാൽ എന്താണ്? സ്മൈൽ വിദ്യയുടെ പെൺമയും എന്റെ പെൺമയും ഒന്നല്ല. എന്റേതും ധന്യേടെതും ഒന്നല്ല. ഓൾടേം ശാന്തീടേം ഒന്നല്ല. എഴുത്തവൾതുരുത്ത് ലിംഗപലമ യുടെ പരീക്ഷണശാലയായിട്ടാണ് എനിക്ക് അന്ന് അനുഭവപ്പെട്ടത്. നമ്മളുടെ ലിംഗപരതയുടെ വ്യത്യസ്തതകളിൽ ഇടപെടാൻ മയിലിനേം കോഴിയേം വരെ സ്വാഗതം ചെയ്യാം. പുരുഷത്തവും അത് താങ്ങിനടക്കുന്ന പെണ്ണത്തവും പേറുന്നവർ ആണായാലും പെണ്ണായാലും ആരായാലും തൽക്കാലം നമ്മുടെ ഈ തെറിച്ച പലമയുടെ രസം കൊല്ലികളാകും എന്നതിനാൽ അവർ ഇതിനെ വിമർശിച്ച് നേരം കളയട്ടെ. ഇതൊരു പരീക്ഷണക്കൂട്ടായ്മയാണ്. മനസ്സിന് നല്ല തുറവിയുള്ളവർക്ക് മാത്രമേ ഇതിനകത്ത് ഇരിക്കാൻ കഴിയൂ, അതാണ് കാര്യം..

# വിജില ചിറപ്പാട്



ലജ്ജയില്ലാത്ത ഒരു എഴുത്തിനായി ഞങ്ങളൊത്തുകൂടി. ലജ്ജയില്ലാതെ എഴുതാൻ. ഞങ്ങളുടെ വാക്കുകൾ കൈകോർക്കും പോലെ ഞങ്ങളുടെ വിരലുകളും കൈകോർത്തു. തിരുവല്ല കാടും മഴയുമായി കവിതയ്ക്കായി ഒരുങ്ങി. പെണ്ണൊച്ചകൾക്കായി കാത് കൂപ്പിച്ചവർ നിരാശരായില്ല. എന്റെ കവിതകൾ നിങ്ങളുടേതായി. നിങ്ങളുടെ കവിതകൾ എന്റേതുമായി. സ്വന്തമെന്ന നെഞ്ചോടുചേർക്കലിൽ ആ കവിതകൾ മലയാളസാഹിത്യത്തിനുള്ള സംഭാവനകളെന്ന തിരിച്ചറിവിലേക്ക് വന്നു.

കാര്യങ്ങൾ നടത്തിക്കൊണ്ടു പോകാനറിയാവുന്ന പെൺതലകൾ ധന്യയും ഗാർഗിയും തന്നെ. എല്ലാവരെയും വിളിച്ചു കൂട്ടാൻ പറ്റിയ ഇടവും കണ്ടെത്തി. എല്ലാം ഗംഭീരമാക്കി. ഇന്ദുലേഖയും ശാന്തി ജയയും ഫോണിലൂടെ പറഞ്ഞ് പറഞ്ഞ് ആ ദിവസത്തിനായി കൊതിച്ചിരുന്നു. എല്ലാവരും തുരുത്തുകളിലിരുന്നെഴുതി. സഹൃദയക്കടലിലൊഴുകിയെത്തി. വായനയുടെ നുരയിലും പതയിലും കുളിച്ച് ഒന്നാമരായി. പുതുതിരകളുയർന്നു. ആരവങ്ങളുയർന്നു. പെൺജീവിതങ്ങളുടെ ചിത്രം ഒരൊറ്റ ക്യാൻവാസിൽ നിറവൈവിധ്യങ്ങളോടെ ശിരസുയർത്തി. പരിമിതികളെ സാധ്യതകളാക്കാൻ പെണ്ണുങ്ങൾക്ക് നന്നായറിയാം. അടുക്കളയിൽ ഫോണിൽ ടൈപ്പ് ചെയ്തിട്ടത് ബസ്സിലിരുന്നോ ട്രെയിനിലിരുന്നോ എഡിറ്റ് ചെയ്തു. ഓഫീസിലെ ഇടവേളകളിൽ പ്രസിദ്ധീകരണങ്ങൾക്കയച്ചു. ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തു. എല്ലാവരും മിടുക്കരെന്ന് സ്വയം അഭിമാനിച്ചു.

ഉഷാകുമാരി ടീച്ചർ പറഞ്ഞത് മിണ്ടിക്കൊണ്ടിരിക്കുന്ന നമ്മൾ നിശ്ശബ്ദത ശീലിക്കണമെന്നാണ്. അതും എഴുത്തിന് ഗുണകരമായ് വരുമെന്ന്. എഴുത്തിനൊപ്പം യാത്ര വേണം വായന വേണം ഒത്തുചേരലുകൾ വേണം. പുനർനിർമ്മാണങ്ങൾക്കായി പല വഴി സഞ്ചാരങ്ങൾ.

അങ്ങനെ ഒത്തുകൂടിയപ്പോൾ പെൺതലകളിൽ നിന്ന് കവിതയുടേയും ജ്ഞാനപദ്ധതികളും ഉദിച്ചുവന്നു. മുഴുവൻ സമയവും ആരും കവിതയ്ക്കായി മാറ്റി വയ്ക്കുന്നില്ല. സ്വാതന്ത്ര്യത്തിന്റെയും അസ്വാതന്ത്ര്യത്തിന്റെയും സമാനഅനുഭവങ്ങളിലൂടെ കവിത എഴുതി മുന്നേറിയവർ. സംപ്രീതയും ഇന്ദുലേഖയും ഞാനും ധന്യയും മിനിമാസികകളിലൂടെ കോളേജ് മാഗസിനിലുടെ എഴുത്ത്ജീവിതം ആരംഭിച്ചവർ. നവമാധ്യമങ്ങളിലൂടെ ഇപ്പോൾ സമീപസ്ഥരായവർ. അവാർഡു കിട്ടിയവർ കിട്ടാത്തവർ എല്ലാവരും കവിതയുടെ കാര്യത്തിൽ ഒറ്റക്കെട്ടായി.

ചിത്രകലയും കവിതയും തമ്മിലുള്ള അഭേദ്യബന്ധം കവിതാ ബാലകൃഷ്ണന്റെ വാക്കുകൾ കൂടുതൽ സാധ്യതകളിലേക്കും വ്യക്തതകളിലേക്കും വികസിപ്പിച്ചു. എത്ര കൈകൾ വേണം പെണ്ണിന്? എഴുതാൻ വരയ്ക്കാൻ കഞ്ഞി വെക്കാൻ കുഞ്ഞിനെ കുളിപ്പിക്കാൻ?? ഈ കവിത അനേകം പെൺജീവിതങ്ങളുടെ ഒരൊറ്റച്ചിത്രം വരച്ചു.

കവിത എന്ന കന്യകനെ തേടുന്നു എന്നു പറഞ്ഞ ശാന്തി ജയ കവിതയെ പരിചരിക്കാൻ പറ്റിയ ഭിഷഗ്വര തന്നെ. ഇന്ദുലേഖ കവിതയുടെ ന്യായാന്യായങ്ങൾ പഠിക്കുന്നു.

ചർച്ചാവിഷയം


ആശാലത

# എഴുത്തവൾതുരുത്ത് – കവിതാസംവാദ ശകലങ്ങൾ

ചിലപ്പോൾ ഓരോരുത്തരും ഒരോ തുരുത്തായിരിക്കും. തുരുത്ത് എന്നാൽ അവളവളുടെ / അവനവന്റെ ഉള്ളിലെ ഇടമോ അതീവസ്വകാര്യമായ സ്വന്തം സ്ഥലങ്ങളോ വിചാരങ്ങളോ അഭയമോ ഒക്കെ ആകാം. മറ്റുചിലപ്പോൾ സമാനതയുള്ള ഒരു കൂട്ടം ആൾക്കാരുടെ സ്വന്തം ഇടവുമാകാം. ആ അർഥത്തിൽ എഴുതുന്നവൾ മാത്രമല്ല,



എഴുതാത്തവരും വരയ്ക്കുന്നവരും പാടുന്നവരും വരയ്ക്കാത്തവരും പാടാത്തവരും എല്ലാവരും ചിലപ്പോൾ തുരുത്താണെന്ന് വന്നേക്കാം. സ്വന്തം ഇടങ്ങൾക്ക് കലയുടെ സൃഷ്ടിയിലും സംവേദനത്തിലും സജീവമായ പങ്കുണ്ട്.

രണ്ടാമത്തെ കാര്യം – അതീവനിഷ്കളങ്കമെന്ന് നമ്മൾ കരുതുന്ന പ്രവൃത്തി - എഴുത്തോ വരയോ അതിന്റെ ആസ്വാദനമോ എന്തായാലും - അത്രക്കൊന്നും നിഷ്കളങ്കമോ രാഷ്ട്രീയനിരപേക്ഷമോ അല്ലെന്നതാണ്. ഈ രണ്ടു കാര്യങ്ങളും ഞാൻ സ്ത്രീകൾ എഴുതുന്നതിനോട് ചേർത്തു

**എഴുതാത്തവരും വരയ്ക്കുന്നവരും പാടുന്നവരും വരയ്ക്കാത്തവരും പാടാത്തവരും എല്ലാവരും ചിലപ്പോൾ തുരുത്താണെന്ന് വന്നേക്കാം.**

വെയ്ക്കുന്നു.

കലയ്ക്ക് / എഴുത്തിന് എല്ലായ്പോഴും എല്ലാവരെയും സംബന്ധിച്ച് ഒരേ അർഥമാവണമെന്നൊന്നും യാതൊരു നിർബ്ബന്ധവുമില്ല. അങ്ങനെയാണ് എനിക്ക് തോന്നുന്നത്. അതിന് അകത്തുനിന്ന് പുറത്തേക്ക് വളരാം, പടരാം. പുറത്തുനിന്ന് അകത്തേക്കും ആവാം. കളക്റ്റീവാകാം. പുറത്തേക്കും അകത്തേക്കും തുറന്നു വെച്ചിരിക്കുന്ന ഒരു കണ്ണായി പ്രവർത്തിക്കാം. ചിലപ്പോൾ ആത്മഗതവും മറ്റു ചിലപ്പോൾ പറയാനുള്ളത് പറയാനുള്ള ഉപാധിയും ഒക്കെ ആയിത്തീരാം. അതിന് പ്രത്യക്ഷത്തിൽ രാഷ്ട്രീയം ഇല്ലെന്ന് തോന്നിപ്പിക്കാം. മറ്റു ചിലപ്പോൾ രാഷ്ട്രീയം നേരിട്ടുതന്നെ പറയുന്ന പോലെയും അനുഭവപ്പെടാം. അങ്ങനെയൊക്കെ പറയുമ്പോഴും ഈ പറയുന്ന, ഒറ്റ വായനയിൽ / കാഴ്ചയിൽ നമ്മൾ വായിച്ച്/ കണ്ട് എടുക്കുന്ന പാഠത്തിന് അപ്പുറത്ത് അതിന് ഒരു സബ് ടെക്സ്റ്റ് ഉണ്ടാവുമെന്നും കലയുടെ സൂക്ഷ്മമായ രാഷ്ട്രീയം അവിടെ നിന്നായിരിക്കും വായിച്ചെടുക്കേണ്ടതെന്നും തോന്നുന്നു.



സ്ത്രീകളെ സംബന്ധിച്ച് എഴുതുക എന്നതു തന്നെ അതിന്റെ ഉള്ളടക്കത്തിനപ്പുറം രാഷ്ട്രീയമായി മാറുന്നുണ്ട്. സ്ത്രീകളെ മാത്രമല്ല, സമൂഹത്തിന്റെ അതിരുകളിൽ നിൽക്കുന്ന വിഭാഗങ്ങളെയെല്ലാം – ദളിതരെ, ആദിവാസികളെ, ലൈംഗിക ന്യൂനപക്ഷങ്ങളെ ഒക്കെ സംബന്ധിച്ച് അത് അങ്ങനെതന്നെയാണ്. പല കാരണങ്ങളുണ്ട് ഇതിന്. മിക്കപ്പോഴും എഴുതുക അല്ലെങ്കിൽ കലാപ്രവൃത്തിയിൽ ഏർപ്പെടുക എന്നതുതന്നെ ഒരു വലിയ ചുവട് മുന്നോട്ടു വെയ്ക്കലാണ് എന്നത് ഒരു കാരണം.

എഴുത്ത് അഥവാ കലാപ്രവർത്തനം എന്നത് ആത്മാവിഷ്കാരം, ആത്മസാക്ഷാത്കാരം എന്നൊക്കെ കാൽപനിക ഭാഷയിൽ പറയുമ്പോഴും അത് leisure ന്റെ, വിശ്രമവേളയുടെ ഉൽപന്നമാണ്. നല്ലൊരുപങ്ക് സ്ത്രീകളും ദളിതരും ശാരീരികാധ്വാനമുള്ള തൊഴിലെടുക്കുന്നവരും അതുപോലെ മറ്റനവധി വിഭാഗങ്ങളിൽ പെട്ടവരും വിശ്രമവേളയുടെ സൗകര്യം ലഭിക്കാത്തവരായതുകൊണ്ടുതന്നെ കലയുടെ രംഗത്ത് അവരുടെ സംഭാവനകൾ, പ്രത്യേകിച്ച് മുൻകാലങ്ങളിൽ കുറഞ്ഞു തന്നെയിരിക്കും. സാമ്പ്രദായികകലയുടെ അളവുകോൽ വെച്ചു നോക്കുമ്പോൾ പ്രത്യേകിച്ചും. വിശ്രമം, വിനോദം എന്നൊക്കെ പറയുന്നത് ഒരുമാതിരിപ്പെട്ട സ്ത്രീകൾക്ക് – അവർ മധ്യവർഗ്ഗക്കാരായിരുന്നാൽത്തന്നെയും – അന്യമായിരുന്നു. രണ്ടാമതായി, ഇനി അവർ എഴുതുകയോ വരക്കുകയോ ഒക്കെ ചെയതാൽത്തന്നെ അതിനെ മറച്ചുപിടിക്കാനോ

**സ്ത്രീകളെ സംബന്ധിച്ച് എഴുതുക എന്നതു തന്നെ അതിന്റെ ഉള്ളടക്കത്തിനപ്പുറം രാഷ്ട്രീയമായി മാറുന്നുണ്ട്. സ്ത്രീകളെ മാത്രമല്ല, സമൂഹത്തിന്റെ അതിരുകളിൽ നിൽക്കുന്ന വിഭാഗങ്ങളെയെല്ലാം – ദളിതരെ, ആദിവാസികളെ, ലൈംഗിക ന്യൂനപക്ഷങ്ങളെ ഒക്കെ സംബന്ധിച്ച് അത് അങ്ങനെതന്നെയാണ്. പല കാരണങ്ങളുണ്ട് ഇതിന്. മിക്കപ്പോഴും എഴുതുക അല്ലെങ്കിൽ കലാപ്രവൃത്തിയിൽ ഏർപ്പെടുക എന്നതുതന്നെ ഒരു വലിയ ചുവട് മുന്നോട്ടു വെയ്ക്കലാണ് എന്നത് ഒരു കാരണം.**

രണ്ടാംതരമോ മൂന്നാം തരമോ ആയി ബ്രാൻഡ് ചെയ്യാനോ ഉള്ള പ്രവണത. (ഇത് യൂറോപ്പിലും അമേരിക്കയിലുമൊക്കെയും ഇങ്ങനെത്തന്നെയായിരുന്നു ഗ്രിസൽഡാ പൊള്ളോക്ക് എഴുതിയ 'Modernity and the Spaces of Femininity' എന്ന ലേഖനത്തിൽ ബെർത്തെ മോറിസോട്ട്, മേരി കസ്സാറ്റ് എന്നീ ചിത്രകാരികളെപ്പറ്റി പറയുന്നു : We can not ignore the fact that the terrains of artistic practice and of art history are structured in and structuring in of gender power relations. അടുത്ത ഖണ്ഡികയിൽ പൊള്ളോക്ക് തുടരുന്നു : We have to refute the lies that there were no women artists or the women artists who are admitted are second rate ... ...) ഒരുപക്ഷെ മുൻകാലങ്ങളിൽ എഴുതിയിരുന്ന ആ സ്ത്രീകൾ വിശ്രമത്തിന് ഒട്ടെങ്കിലും സാധ്യതയുള്ള ഉപരിവർഗ്ഗക്കാരികൾ തന്നെയായിരിക്കാം. എന്നിട്ടും അവരുടെ എഴുത്തുണ്ടാക്കിയ ധൈഷണികതയെ അല്ല, അവരുടെ ശരീരത്തെത്തന്നെയാണ് അക്കാലത്തും ഒളിനോട്ടം നടത്തിയത്. മനോരമത്തമ്പുരാട്ടിയുടെ 'മനസി ഘനമുലക്കും മുലക്കും' 'നെഞ്ചിൽ കിഞ്ചിൽ കിടക്കും നെടിയ കുടിലതക്കും' തൊഴുകയും തോട്ടക്കാട്ടെ കവനമണിയോട് കവയ്ക്കാൻ ആവശ്യപ്പെടുകയുമൊക്കെയാണ് ചെയ്തത്. ഇക്കാലങ്ങളൊക്കെ കഴിഞ്ഞ്, പലതരം പ്രശ്നങ്ങളൊക്കെ തരണം ചെയ്ത് ഇനി അഥവാ സ്ത്രീകൾ എഴുതുകയോ വരക്കുകയോ ഒക്കെ ചെയ്യുകയാണെങ്കിൽ, അപ്പോഴുമുണ്ട് നിബന്ധനകൾ. എന്തെഴുതാം, എങ്ങനെ എഴുതാം, എന്തിനെയൊക്കെപ്പറ്റി പറയാം - ദൃശ്യവും അദൃശ്യവുമായ വിലക്കുകൾ. ഇനി അഥവാ ഇതൊക്കെ മറികടന്ന് എഴുതിയാൽത്തന്നെ പിന്നിലെവിടെയെങ്കിലും ഒരു കസേര ഇട്ടുകൊടുത്ത്, കൂട്ടത്തിൽ പെടുത്തി എന്നു വരുത്തി ഒഴിവാക്കും.

**എങ്ങനെയാണ് ഒരെഴുത്തുകാരി / കലാകാരി അവളുടെ എഴുത്തിലോ വരയിലോ ശില്പസൃഷ്ടിയിലോ ഒക്കെ സ്വാതന്ത്ര്യം തേടുന്നതും നേടുന്നതും? ഇരുപതാം നൂറ്റാണ്ടിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ മാത്രം ഉണ്ടായതാണ് അത് എന്ന് പറയാനാവുമോ?**



മുൻകാലങ്ങളിലെ ഈ എഴുത്തുകാരികളെപ്പറ്റി, ചിത്രകാരികളെയും നടികളെയും പറ്റി നമുക്ക് എന്താണ് അറിയുന്നത്? ഒരുപക്ഷേ, നമുക്ക് പേരറിയുന്ന ആദ്യ എഴുത്തുകാരി സാഫോ ആയിരിക്കും. എത്ര കുറച്ചു രചനകളാണ് സാഫോയുടേതായി നമുക്ക് കിട്ടിയിട്ടുള്ളത്? ലെസ്ബോസിൽ ജനിച്ചു എന്നും ധാരാളം പെൺകൂട്ടുകാരും ആരാധകരും ഉണ്ടായിരുന്നെന്നും ഏതോ രാഷ്ട്രീയകാരണം കൊണ്ട് രാജ്യഭ്രഷ്ടയായെന്നുമൊക്കെ ചില അഭ്യൂഹങ്ങൾ. സൊഫോക്ലീസിനെയും അരിസ്റ്റോഫിനസിനെയും പ്ലേറ്റോയെയും അരിസ്റ്റോട്ടിലിനെയും നമുക്കറിയാം. അവരുടെ കൃതികൾ ലഭ്യമാണ്. പക്ഷെ സാഫോ? സ്ത്രീകൾ മാത്രമല്ല, അതിരിനു പുറത്ത് നില്ക്കുന്ന എല്ലാവർക്കും ബാധകമാണ് ഇത്. പൈശാചി ഭാഷയിൽ എഴുതിയതുകൊണ്ടു മാത്രം അധികാരസ്ഥാനത്തുനിന്ന് തിരസ്കാരം നേരിടേണ്ടി വന്ന ബൃഹൽക്കഥയെപ്പറ്റിയും കേട്ടിട്ടുണ്ട്.

കലയുടെ സ്വാതന്ത്ര്യമാണ് മറ്റൊന്ന്. എങ്ങനെയാണ് ഒരെഴുത്തുകാരി / കലാകാരി അവളുടെ എഴുത്തിലോ വരയിലോ ശില്പസൃഷ്ടിയിലോ ഒക്കെ സ്വാതന്ത്ര്യം തേടുന്നതും നേടുന്നതും? ഇരുപതാം നൂറ്റാണ്ടിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ മാത്രം ഉണ്ടായതാണ് അത് എന്ന് പറയാനാവുമോ? മലയാളത്തിലെ എഴുത്തിനെ സംബന്ധിച്ച് അത് തൊണ്ണൂറുകൾക്ക് ശേഷം ചില ഫെമിനിസ്റ്റ് ആശയം ഉള്ളടങ്ങുന്ന കവിതകളിലൂടെയാണ് വരുന്നത് എന്നും (എനിക്ക്) അഭിപ്രായമില്ല. സ്വാതന്ത്ര്യം - കലയിലെ സ്വാതന്ത്ര്യം - ഒരു പ്രത്യേക ഐഡിയോളജിയോട് ചേർന്നുനിന്ന് അതിന്റെ ആവിഷ്കാരം മാത്രമാണോ? ഒരിക്കൽ ഒരു സംഭഷണത്തിനിടയിൽ അക്ക മഹാദേവിയെപ്പറ്റി traditional എന്ന വാക്ക് ഉപയോഗിച്ചപ്പോൾ ഡോ. യു ആർ അനന്തമൂർത്തി, 'അവർ traditional അല്ല എന്ന് ഉടനെത്തന്നെ തിരുത്തിത്തന്നത് ഓർമ്മ വരുന്നു. പുറകോട്ട് നീളുന്ന ചരിത്രമുണ്ട് അതിൽ. പെൺകൂട്ടുകളെപ്പറ്റി എഴുതിയ സാഫോ മുതൽ, ലിംഗ– ജാതി വിവേചനങ്ങൾ അതിലംഘിച്ച് ഗുംഗുരു അണിഞ്ഞ് നൃത്തം ചെയ്തും ഉടലിനെ നഗ്നമായി വിട്ടും അലഞ്ഞുനടക്കുകയും പാടുകയും ആടുകയും ചെയ്ത ഭക്തകവികൾ മുതൽ. അത് സ്വാതന്ത്ര്യം തേടുന്നത് ഉടലിലൂടെയോ ഉടലിൽനിന്നോ മാത്രമായിരിക്കണമെന്നില്ല. അത് അക്കാലത്തെ സാമൂഹ്യവ്യവസ്ഥക്ക്, ലിംഗ - ജാതി - തൊഴിൽ അസമത്വങ്ങൾക്ക്, വിലക്കുകൾക്ക് കുറുകെ കടക്കുകയും അവയെ ഭേദിക്കുകയും ചെയ്തിട്ടുണ്ട്.

ഉടൽ, പ്രണയം, ലൈംഗികത, അതിന്റെ തെരഞ്ഞെടുക്കലുകൾ, സ്വന്തം ജീവിതം - ഇതൊക്കെ സ്വാതന്ത്ര്യം തേടലിന്റെ പരിധിയിൽ വരും. അത്തരം കണ്ടെത്തലുകളും ആവിഷ്കാരങ്ങളും സ്ഥൂലമോ ചിലപ്പോഴെങ്കിലും സൂക്ഷ്മമോ ആയ രാഷ്ട്രീയമാണ് താനും. എന്നാൽ ഉടലിനും പ്രണയത്തിനുമൊപ്പം സ്വാതന്ത്ര്യം തേടേണ്ട മറ്റു പലതും ഉണ്ട്. നമ്മൾ ജീവിക്കുന്ന സമകാലികഘട്ടം എല്ലാവർക്കും പൊതുവിലും അതിരിനു പുറത്തുള്ളവർക്കും ന്യൂനപക്ഷവിഭാഗങ്ങൾക്ക് വിശേഷിച്ചും തെരഞ്ഞെടുക്കലുകൾക്കോ സ്വതന്ത്ര വിശ്വാസങ്ങൾക്കോ ഒക്കെയുള്ള ഇടങ്ങൾ അടയ്ക്കുന്ന ഒരു കാലത്തിലൂടെയാണ് കടന്നുപോകുന്നത്. രാഷ്ട്രം ഒരു വട്ടം സ്വേച്ഛാപരമായ ഒരു അടിയന്തരാവസ്ഥയിലൂടെ കടന്നുപോയിട്ടുണ്ട്. അപ്രഖ്യാപിതമായ ഇപ്പോഴത്തെ അടിയന്തരാവസ്ഥയിൽ ഏകശിലാരൂപമായ, വ്യത്യസ്തതകൾക്കിടം നൽകാൻ സന്നദ്ധരല്ലാത്ത, വേറിട്ട ചിന്തകൾക്ക് സ്ഥാനമില്ലാത്ത ഒരു ഭരണവ്യവസ്ഥയിൽ സ്ത്രീകൾ, ദളിതർ, ആദിവാസികൾ, ലൈംഗിക

**ഉടൽ, പ്രണയം, ലൈംഗികത, അതിന്റെ തെരഞ്ഞെടുക്കലുകൾ, സ്വന്തം ജീവിതം - ഇതൊക്കെ സ്വാതന്ത്ര്യം തേടലിന്റെ പരിധിയിൽ വരും. അത്തരം കണ്ടെത്തലുകളും ആവിഷ്കാരങ്ങളും സ്ഥൂലമോ ചിലപ്പോഴെങ്കിലും സൂക്ഷ്മമോ ആയ രാഷ്ട്രീയമാണ് താനും. എന്നാൽ ഉടലിനും പ്രണയത്തിനുമൊപ്പം സ്വാതന്ത്ര്യം തേടേണ്ട മറ്റു പലതും ഉണ്ട്.**

ന്യൂനപക്ഷങ്ങൾ, മത ഭാഷാ - വർഗ്ഗ ന്യൂനപക്ഷങ്ങൾ എന്നിവരൊക്കെ അപരരായിരിക്കും. ബദൽ ചിന്തകളുള്ളവർ, പ്രതിഷേധിക്കുകയും പ്രതിരോധിക്കുകയും ചെയ്യുന്നവർ - ഇവരെയൊക്കെ അത്തരത്തിൽപ്പെട്ട ഒരു ഭരണകൂടം വെട്ടിത്തള്ളും. നമ്മൾ എന്തു കഴിക്കുന്നു എന്നതുപോലും നിരീക്ഷിക്കപ്പെടുകയും അതിന്റെ പേരിൽ, മതവിശ്വാസത്തിന്റെ പേരിൽ ആൾക്കൂട്ടം നമ്മളെ കൊന്നു തള്ളുകയും ചെയ്യുന്ന അപ്രഖ്യാപിത അടിയന്തരാവസ്ഥയുടെ കാലം.

സ്വാതന്ത്ര്യത്തെപ്പറ്റി നമ്മൾ ഗാഢമായും ഗൗരവമായും ചിന്തിക്കേണ്ട സമയം അതുകൊണ്ടുതന്നെ ഇപ്പോഴാണെന്ന് എനിക്കു തോന്നുന്നു. ഉറുദു പോലെയുള്ള ഒരു ഇന്ത്യൻ ഭാഷയിലെഴുതുന്ന എഴുത്തുകാർ തങ്ങൾ എഴുതുന്നതിൽ തീവ്രവാദമില്ലെന്ന് സത്യവാങ്മൂലം കൊടുക്കേണ്ടിവരുന്ന ഒരു രാജ്യത്ത്, എഴുത്തിന്റെ പേരിൽ ആക്രമിക്കപ്പെടുകയും കൊല്ലപ്പെടുകയും ചെയ്യുന്ന ഒരു കാലത്ത് നമ്മൾ മുറുക്കിപ്പിടിക്കേണ്ട സ്വാതന്ത്ര്യത്തെപ്പറ്റി. ഫാഷിസത്തിനെതിരെ കവിതയെഴുതുന്നതല്ല ഞാൻ കരുതുന്ന ഈ സ്വാതന്ത്ര്യം. അതിനപ്പുറത്ത്, കലയിൽ, എഴുത്തിൽ നിന്നുകൊണ്ട് നമ്മളായിരിക്കുകയും ബഹുസ്വരതയെ ആദരിക്കുകയും കാലഘട്ടത്തിന്റെ രാഷ്ട്രീയം തിരിച്ചറിയുകയും അതിനോട് കലഹിക്കുകയും ചെയ്യുന്നതാണ് എന്ന് എനിക്ക് തോന്നുന്നു. പക്ഷേ, അത് മുദ്രാവാക്യം വിളികളല്ല. സൂക്ഷ്മമാണ് അതിന്റെ ധ്വനികൾ എന്ന് എനിക്കു തോന്നുന്നു.

അതുകൊണ്ടു തന്നെ സുരക്ഷിതവും അഭയകേന്ദ്രവുമായ ഒരു പെൺതുരുത്താവരുത് എന്നു തോന്നുന്നു. മറിച്ച്, അകത്തേക്കും പുറത്തേക്കും സ്വതന്ത്രസഞ്ചാരങ്ങളുള്ള, തുറന്ന ഇടങ്ങളുള്ള, മറ്റുതുരുത്തുകളും കരയും മറ്റിടങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും ഇടപെടുകയും അത്തരം ഇടപെടലുകളുടെ ജൈവവും സൂക്ഷ്മവുമായ രാഷ്ട്രീയം ഉൾക്കൊള്ളുകയും ചെയ്യുന്ന ഇടമായിരിക്കണം.

പെൺപക്ഷം



അജിത കെ.

# സഹോദരിമാരേ, ആക്രമിക്കപ്പെട്ട നടിയോടൊപ്പം നമുക്ക് അണിചേരാം...

ഇന്ന് വളരെയേറെ ചർച്ചാവിഷയമായി ക്കൊണ്ടിരിക്കുന്നത് പ്രമുഖസിനിമാനടിക്കുനേരെ നടന്ന അതിനീചമായ ലൈംഗികഅക്രമവും അതിൽ സിനിമാരംഗത്തെ പ്രശസ്തനടനായ ദിലീപിന്റേയും മറ്റും പങ്കാളിത്തവുമാണല്ലോ. സിനിമാമേഖലയിൽ കാലാകാലങ്ങളായി നടന്നു കൊണ്ടിരിക്കുന്ന ഇത്തരം സംഭവങ്ങൾ പുറം ലോകം പൊതുവെ  അറിയാറില്ല. ഈ സംഭവം പത്രങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെടുകയും പോലീസ് കേസെടുത്ത് അന്വേഷണം തുടങ്ങു കയും ചെയ്തശേഷം പല നടിമാരും ഇത് ഒരു പുത്തരിയൊന്നുമല്ലെന്നും ഈ മേഖലയിൽ പിടിച്ചു നിൽക്കാൻ പല നടികളും അവ പുറത്തു പറയാറില്ലെന്നുമൊക്കെ  ചാനൽചർച്ചകളിലൂടെ പ്രതികരിക്കുകയുണ്ടായി. ഈ സംഭവത്തിൽ ഗൂഢാലോചനയുണ്ടെന്ന് മഞ്ജുവാരിയരെപ്പോ ലുള്ള നടിമാർ ശക്തമായ ഭാഷയിൽ പ്രതികരിച്ചു വെങ്കിലും പൾസർസുനിയേയും മറ്റ് അഞ്ചുപ്രതി കളേയും അറസ്റ്റു ചെയ്തശേഷം സംഭവത്തിൽ ഗൂഢാലോചനയില്ലെന്ന് പോലീസും നമ്മുടെ മുഖ്യമന്ത്രി പോലും നിലപാടെടുത്തു. അങ്ങനെ കേസന്വേഷണം 'മുറ' യ്ക്ക് നടക്കുമ്പോഴാണ് വീണ്ടും ഗുഢാലോചനപ്രശ്നവും ദിലീപിനെ പൾസർ ബ്ലാക്ക്മെയിൽ ചെയ്യുന്നുവെന്ന പരാ തിയും പോലീസിന് കിട്ടുന്നത്. വീണ്ടും പോലീ സന്വേഷണം ഇപ്പോൾ സജീവമായിരിക്കയാണ്. പക്ഷേ, ഈ അന്വേഷണം ഏല്പിച്ചത് ഐസ്ക്രീംകേസിൽ കുപ്രസിദ്ധനായ, കേസ് അട്ടിമറിക്കാൻ എല്ലാ ഒത്താശയും ചെയ്ത ഏ.വി. ജോർജ്ജ് എന്ന ഓഫീസറേയും അമൃതാനന്ദമയീ ആശ്രമത്തിൽ ദാരുണമായി കൊല്ലപ്പെട്ട സത്നാം സിംഗ് എന്ന ചെറുപ്പക്കാരന്റെ കേസിൽ തുമ്പുക ളൊന്നുമുണ്ടാക്കാതിരുന്ന എ.ഡി.ജി.പി സന്ധ്യ യേയുമാണ് എന്ന വസ്തുത അന്വേഷണത്തിന്റെ ഗതിയെ സംബന്ധിച്ച് സംശയങ്ങൾ സൃഷ്ടിക്കു ന്നു. സെൻകുമാർ പറഞ്ഞതു പോലെ കേസ് ആവി യാകുമോ?

ഇതിന്നിടയ്ക്ക് സിനിമയിൽ പ്രവർത്തിക്കുന്ന പ്രമുഖരായ ചില സ്ത്രീകളുടെ മുൻകൈയിൽ 'വിമെൻ ഇൻ സിനിമ കളക്റ്റീവ്' എന്ന പേരിൽ ഒരു സംഘടനയുണ്ടായതാണ് പ്രതീക്ഷ നൽകുന്ന ഒരു ചിത്രം. ഇത്തരമൊരു കൂട്ടായ്മ ആവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല. എന്റെ അഭിപ്രായത്തിൽ ഇതല്പം വൈകിപ്പോയോ? എങ്കിലും ഇപ്പോഴെ ങ്കിലും ഇങ്ങനെ ഒരു ശ്രമമുണ്ടായതിൽ ഏറെ സന്തോഷമുണ്ട്. പീഡിപ്പിക്കപ്പെട്ടിട്ടും ആത്മധൈര്യ ത്തോടെ തനിക്ക് നീതി ലഭിക്കാൻ വേണ്ടി നിയമന ടപടികൾക്ക് തയ്യാറാവുകയും സ്വന്തം മേഖലയിൽ പൂർവ്വാധികം  ശക്തിയോടെ തിരിച്ചുവരികയും ചെയ്ത നടി നമുക്ക് മാതൃകയാണ്. മുകളിൽ സൂചിപ്പിച്ച സംഘടന നടിയോടൊപ്പം നില്ക്കുന്നു ണ്ടെന്നത് അഭിനന്ദനമർഹിക്കുന്നു. ഇക്കാര്യത്തിൽ 'അമ്മ' യെന്ന സംഘടന അതിന്റെ പുരുഷാധിപത്യ വികൃതമുഖം തുറന്നുകാട്ടിക്കൊണ്ട് ആക്രമിക്കപ്പെട്ട നടിയും ദിലീപും തങ്ങൾക്ക് തുല്യരാണെന്നും ദിലീപിനെ തൊട്ടുകളിക്കാൻ ആരേയും അനുവദി ക്കില്ലെന്നും പ്രഖ്യാപിച്ച രംഗങ്ങൾ നമ്മൾ കണ്ടു. നടിയുടെ വേദനയോടൊപ്പം തങ്ങൾ നില്ക്കുന്നു വെന്ന് പറയുന്ന, പ്രശ്നത്തിൽ നടിയ്ക്ക് ഐക്യ ദാർഢ്യം പ്രഖ്യാപിക്കുന്ന ഒരു പ്രമേയം പാസ്സാ ക്കാൻ പോലും 'അമ്മ' തയ്യാറായില്ലെന്നത് അപഹാ സ്യമാണ്. ഒരു നിയമപ്രശ്നവും ഇത്തരമൊരു പ്രസ്താവനയ്ക്ക് തടസ്സമല്ലെന്ന് അറിയാവുന്ന വർക്കൊക്കെ അറിയാം.

ഇവിടെ നടിയ്ക്ക് നീതി ലഭിക്കേണ്ടത് നടിയുടെ മാത്രം ആവശ്യമല്ല, മൊത്തം സ്ത്രീകളുടെ ആവ ശ്യമാണ്. സത്രീ സമൂഹത്തിന്റെ ആത്മാഭിമാനം കാത്തുസൂക്ഷിക്കേണ്ടത്, സ്ത്രീ സുരക്ഷയെപ്പറ്റി ഘോരഘോരം പ്രസംഗിക്കുന്ന സർക്കാറിന്റെ ഉത്ത രവാദിത്വമാണ്.





ഡോ.ജാൻസി ജോസ്

# വാസ്തവം

പ്രമുഖ നടി, പ്രമുഖ നടൻ, പ്രമുഖ പോലീസ്, പ്രമുഖ മന്ത്രി – അങ്ങനെ എല്ലാ പ്രമുഖരും കൂടി സ്ത്രീകളെ പഠിപ്പിക്കാൻ ഒരുങ്ങിയിരിക്കുകയാണ്. സംസ്ഥാനത്തെ ചില പ്രമുഖർ കേസന്വേഷിച്ചാൽ കേസ് ഒരിക്കലും തെളിയില്ലെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്? സ്ത്രീ പീഡന കേസുകൾ ആ പ്രമുഖയെ ധൈര്യമായി ഏല്പിക്കാമെന്ന് മാറി മാറി വരുന്ന ഗവണ്മൻറുകൾക്കറിയാം.

സംസ്ഥാനത്ത് ഒന്നും നടക്കുന്നില്ലാത്ത കാലമാണിത്. അല്പസ്വല്പസമരങ്ങളും അങ്ങിങ്ങ് വെട്ടിക്കൊലകളും പരക്കെ സ്ത്രീ പഢനങ്ങളും മാത്രമാണിപ്പോൾ നടക്കുന്നത്.പല വകുപ്പുകളും മന്ത്രിമാരും ഇവിടുണ്ടോ എന്ന് മഷിയിട്ടു നോക്കേണ്ട അവസ്ഥയാണ്. കഴിഞ്ഞ ഭരണത്തിൽ കൈയിട്ടുവാരുന്ന കഥകളെങ്കിലും കേൾക്കാമായിരുന്നു.

ഒന്നമില്ലേലും മഴക്കാലം വരുമെന്നും പനി കേരളത്തെ വീഴ്ത്തുമെന്നും മുൻകൂട്ടി അറിയാതെ പോയ ആരോഗ്യ വകുപ്പിനെ എന്താ പറയേണ്ടത്?

പശുവിറച്ചിയും പശുക്കളും കാരണം കൊലപാതകപരമ്പരകൾ ഇന്ത്യയിൽ അരങ്ങേറുന്നുണ്ട്. പശുവിനെ ദൈവമാക്കി വെക്കുന്നവരെല്ലാം മൃഗങ്ങളാണോ? അല്ലാതെ തന്നെ മത വിശ്വാസം വളർന്നു വളർന്ന് മനുഷ്യന് ജീവിക്കാൻ പറ്റാത്ത സാഹചര്യമാണ് ഇന്ത്യയിലിപ്പോൾ. അതിനിടക്കാണ് പശുവും പട്ടിയും പന്നിയുമൊക്കെ കടന്നു വരുന്നത്. വേണ്ടവർ തിന്നട്ടെയെന്നേ ഈ ഇന്ത്യാമഹാരാജ്യത്ത് തീരുമാനിക്കാനാവൂ. പശുവിനെ കൊണ്ടു പോകുന്നവനേയും പശുവിറച്ചി കൊണ്ടു പോകുന്നവനേയും തല്ലിക്കൊല്ലാനാണ് പദ്ധതിയെങ്കിൽ ഇന്ത്യയുടെ മാനം കെട്ട മുഖം മറ്റുള്ളവർ മനസ്സിലാക്കും. വിദേശ രാജ്യ സന്ദർശനങ്ങളും സൗഹൃദങ്ങളുമൊന്നും ഇന്ത്യയിലെ ജനങ്ങളുടെ സ്വസ്ഥത കൊണ്ടുവരില്ല എന്ന ഓർമ്മ രാജ്യത്തിന്റെ പുരോഗതിക്ക് അനിവാര്യമാണെന്നു പറയാതെ വയ്യ. അതു കൊണ്ടു തന്നെ ഇന്ത്യൻ ജനതയെ വികാരങ്ങളിലേക്കു നയിക്കാതെ വിചാരങ്ങളിലേക്ക് നയിക്കുന്നഒരു ഗവണ്മന്റ് വന്നേ മതിയാവൂ.





സംപ്രീത

# നില

പറന്നുപോകും തൂവലിൽ തെളിയുന്ന
ഒഴുക്കുണ്ടല്ലോ.,
അതാണ് .
ഇരുട്ടിൽ കൂർത്തു തിളങ്ങുന്ന
പൂച്ചയെന്നോ
മിന്നാമിനുങ്ങെന്നോ ഉറപ്പിക്കേണ്ടുന്ന
ആകുലപ്പെടുത്തുന്ന തിളക്കമാണ് .
ഓരോ ഇലയിലേയും
വന്മരത്തിന്റെ പേരാണ് .
കാലൂന്നലിൽ എഴുന്നുകൊള്ളുന്ന
മണൽവിധങ്ങളാണ് .
ചോരയാഴമറിയിക്കുന്ന
മുറിവാടയാളങ്ങളാണ് .
ഇഴഞ്ഞുപോയിട്ടും ഉറയൂരിയിട്ട
ഉഗ്രഭയങ്ങളാണ് .
കതിരിൽ കാണാതിരുന്നാലും
പൊട്ടിവരുന്ന ഉതിർമണിവടിവിലെ
ഭൂമിയാണ് .

വാനത്തു നിന്നുകൊണ്ട്
ഇതിനെയെല്ലാം അളക്കരുത് .
എന്റെ ഒഴുക്കും
ഞാൻ തരുമാകുലതയും
തിളക്കവും
എന്റെ വലിമയും
എന്റെ മൂർച്ചകളും
നിറഭേദങ്ങളും
വരച്ചിട്ട മുറിവുരേഖകളും
ഊരിയിട്ട ഭയങ്ങളും
പിളർന്ന വടിവിലെ
ഇത്തിരിമണ്ണിലേക്കുതന്നെ
നിങ്ങളെ ഇറക്കിനിർത്തും .

ശാസ്ത്രം

# നഗരങ്ങൾ ഹീറ്റ് ഐലന്റ് ആവുമ്പോൾ



സീമ ശ്രീലയം

ആഗോളതാപനം, കാലാവസ്ഥാ വ്യതിയാനങ്ങൾ എന്നിവയെക്കുറിച്ച് ലോകം ചർച്ച ചെയ്യാൻ തുടങ്ങിയിട്ട് നാളേറെയായി. ഓരോ വർഷവും ചൂടിന്റെ കാര്യത്തിൽ റെക്കോർഡിട്ട് മുന്നേറുമ്പോൾ നഗരങ്ങൾ ഹീറ്റ് ഐലന്റുകളായി മാറിക്കൊണ്ടിരിക്കുകയാണെന്ന് വിവിധ പഠനങ്ങൾ അപായമണികൾ മുഴക്കുന്നു. നഗരങ്ങളിൽ കാലാവസ്ഥാ വ്യതിയാനങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ വേണ്ടിവരുന്ന ചെലവ് ഈ നൂറ്റാണ്ടിൽ 2.6 മടങ്ങ് വർധിക്കുമെന്ന് ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു.  ലോകത്തിലെ 1692 നഗരങ്ങളിൽ നടത്തിയ പഠനങ്ങളിലൂടെയും നിഗമനങ്ങളിലൂടെയുമാണ് ശാസ്ത്രജ്ഞരും സാമ്പത്തിക വിദഗ്ധരും അടങ്ങിയ ഗവേഷകസംഘം ഈ നിഗമനത്തിലെത്തിയത്.

വനങ്ങളും ജലാശയങ്ങളും ആവാസവ്യവസ്ഥകളുമൊക്കെ നശിപ്പിച്ചുകൊണ്ടുള്ള മനുഷ്യന്റെ വിവേചനരഹിതമായ വികസനപ്രവർത്തനങ്ങൾ തന്നെയാണ് നഗരങ്ങളെ 'താപ ദ്വീപുകൾ' ആക്കി മാറ്റുന്നത്.  താപത്തെ കുരുക്കുന്ന കോൺക്രീറ്റിന്റെയും അസ്ഫാൾട്ടിന്റെയും ഉയർന്ന സാന്നിധ്യവും മോട്ടോർവാഹനങ്ങളുടെയും എയർകണ്ടീഷണറുകളുടെയും വൻ തോതിലുള്ള ഉപയോഗവുമൊക്കെ ഇതിനു കാരണമാവുന്നുവെന്ന് നേച്ചർ ക്ലൈമറ്റ് ചെയ്ഞ്ച് ജേണലിൽ പ്രസിദ്ധീകരിച്ച ഗവേഷണ റിപ്പോർട്ടിൽ അടിവരയിടുന്നു. ഇതിന്റെ ഫലമായി ജനപ്പെരുപ്പം കൊണ്ട് പൊറുതിമുട്ടുന്ന വൻനഗരങ്ങളിൽ ഈ നൂറ്റാണ്ടിന്റെ പകുതിയോടെ രണ്ട് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയർന്നേക്കാം. നഗരങ്ങൾ ചുട്ടുപൊള്ളുമ്പോൾ അത് സമ്പദ് വ്യവസ്ഥയെ പലതരത്തിൽ ദോഷകരമായി ബാധിക്കും.  ശീതീകരണ സംവിധാനങ്ങൾക്കായി കൂടുതൽ ഊർജം ആവശ്യമായി വരും. മലിനമാവുന്ന വായു, ശുദ്ധജല ക്ഷാമം, ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ, തൊഴിലാളികളുടെ പ്രവർത്തനശേഷി കുറയൽ എന്നിവ പ്രശ്നങ്ങളിൽ ചിലത് മാത്രം. ഗവേഷണത്തിൽ പങ്കാളികളായ യു.കെയിലെ യൂണിവേഴ്സിറ്റി ഓഫ് സസ്സെക്സിലെ ഗവേഷകർ ചൂണ്ടിക്കാണിക്കുന്നതനുസരിച്ച് കാലാവസ്ഥാവ്യതിയാനങ്ങൾക്കെതിരെ പൊരുതാൻ ആഗോളതലത്തിൽ മാത്രമല്ല, പ്രാദേശികതലങ്ങളിലും  നൂതന  മാർഗ്ഗങ്ങൾ തേടുകയും അവ നടപ്പാക്കുകയും ചെയ്യാൻ ഇനിയും വൈകിക്കൂടാ. അല്ലെങ്കിൽ കാലാവസ്ഥാ വ്യതിയാനങ്ങൾക്ക് തടയിടാൻ നാം തയ്യാറാക്കിയ ഉടമ്പടികളും അവയനുസരിച്ച് കൈക്കൊണ്ട മാർഗ്ഗങ്ങളുമൊക്കെ ഹീറ്റ് ഐലന്റ് ഇഫക്റ്റ് കാരണം നിഷ്ഫലമായിപ്പോവും.

ഭൗമോപരിതലത്തിൽ കരഭാഗത്തിന്റെ ഏതാണ്ട് ഒരു ശതമാനം മാത്രമാണ് നഗരങ്ങൾ കൈയടക്കിയിരിക്കുന്നതെങ്കിലും  ലോകജന സംഖ്യയുടെ പകുതിയോളവും വസിക്കുന്നത് ഇവിടെയാണ്. ആഗോളതലത്തിൽ ഊർജത്തിന്റെ 78 ശതമാനത്തോളവും ഉപയോഗിക്കുന്നതും നഗരങ്ങൾ തന്നെ. വ്യാവസായിക മേഖലയിൽ മുന്നേറിക്കൊണ്ടിരിക്കുന്ന വൻ നഗരങ്ങൾക്ക് കുതിച്ചുയരുന്ന താപനില സാമ്പത്തിക രംഗത്തും ആരോഗ്യരംഗത്തും ഉയർത്തുന്ന ഭീഷണി ചില്ലറയൊന്നുമല്ല. താപദ്വീപുകളായി മാറിക്കൊണ്ടിരിക്കുന്ന നഗരങ്ങളെ തണുപ്പിക്കാനുള്ള വഴികൾ തേടിക്കൊണ്ടിരിക്കുകയാണ് ശാസ്ത്രലോകം. ചൂടിനെ വളരെക്കുറച്ചു മാത്രം ആഗിരണം ചെയ്യുകയും സൂര്യപ്രകാശത്തെ നന്നായി പ്രതിഫലിപ്പിച്ച് പുറത്തേക്ക് അയക്കുകയും ചെയ്യുന്ന പദാർഥങ്ങൾ കൊണ്ടുള്ള നടപ്പാതകളുടെയും  മേൽക്കൂരകളുടെയും നിർമ്മാണമാണ് മുന്നോട്ടുവയ്ക്കപ്പെട്ടിട്ടുള്ള ഒരു പോംവഴി.  മണ്ണിൽ മാത്രമല്ല, ബഹുനിലമന്ദിരങ്ങളുടെ ചുവരുകളിലും ടെറസ്സിലും തൂണുകളിലുമൊക്കെ കഴിയുന്നത്ര ചെടികൾ വച്ചുപിടിപ്പിക്കുകയും വേണം.

അന്തരീക്ഷത്തിൽ നിന്നും താപവർധനവിനു കാരണമാവുന്ന കാർബൺ ഡൈ ഓക്സൈഡിനെയും മറ്റ് ഹരിതഗൃഹവാതകങ്ങളെയും ആഗിരണം ചെയ്ത് നീക്കുന്ന കൃത്രിമ മരങ്ങൾ , കാർബൺ ഡൈ ഓക്സൈഡിനെ ആഗിരണം ചെയ്തു നീക്കുന്ന ജനിതക മാറ്റം വരുത്തിയ ബാക്റ്റീരിയകൾ , നാനോ ഫിൽറ്ററുകൾ , ഹരിതഗൃഹവാതകങ്ങളെ നീക്കം ചെയ്യാൻ സഹായിക്കുന്ന ഹരിത കോൺക്രീറ്റും സിമന്റും പോലുള്ള നിർമ്മാണ വസ്തുക്കൾ ,ഭൗമാന്തരീക്ഷത്തെ കൃത്രിമമായി തണുപ്പിക്കാൻ സഹായിക്കുന്ന ജിയോ എഞ്ചിനീയറിങ് മാർഗ്ഗങ്ങൾ എന്നിവയൊക്കെ പ്രതീക്ഷ നൽകുന്നുണ്ടെങ്കിലും ഇവ പ്രാവർത്തികമാവാൻ കാലതാമസമുണ്ട്. അതുവരെ കത്തിരിക്കാൻ സമയമില്ല. ഇതിനു വേണ്ടിവരുന്ന ഉയർന്ന ചെലവാണ് മറ്റൊരു വെല്ലുവിളി.

പരിസ്ഥിതിക്ക് പോറൽ ഏല്പിക്കാത്ത ഒരു ഹരിത വികസനനയവും ഹരിത സമ്പദ് വ്യവസ്ഥയുമാണ് ഇനി നമുക്കാവശ്യം. സുസ്ഥിരവികസനം യാഥാർഥ്യമാക്കിയാലേ ഇത് സാധ്യമാവൂ. പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ടും ഭാവിതലമുറകൾക്കായി കരുതിവച്ചുകൊണ്ടും പ്രകൃതിവിഭവങ്ങൾ ഉപയോഗിക്കുന്ന വികസന കാഴ്ചപ്പാടാണത്. കുറഞ്ഞ കാർബൺ ഡൈ ഓക്സൈഡ് നിർഗ്ഗമനം, കുറഞ്ഞ മലിനീകരണം, ഹരിത ഊർജസ്രോതസ്സുകൾ, ഉയർന്ന വിഭവ ലഭ്യത, ഊർജ ലഭ്യത, ജൈവ വൈവിധ്യസംരക്ഷണം, പരിസ്ഥിതിനാശം തടയൽ, ദാരിദ്ര്യ നിർമാർജനം , സ്ത്രീശാക്തീകരണം എന്നിവയൊക്കെ സുസ്ഥിരവികസനത്തിന്റെ ലക്ഷ്യങ്ങളാണ്. സുസ്ഥിരവികസനം യാഥാർഥ്യമാക്കാനാണ് ഇനി ലോകരാഷ്ട്രങ്ങൾ ശ്രമിക്കേണ്ടത്.

# കാർട്ടൂൺ




"That's nothing, you want to try juggling three kids and a full time job."

**ഇതൊന്നും ഒന്നുമല്ല. മൂന്നുകുട്ടികളും ഒരു മുഴുസമയ ജോലിയുമായി ഞാൻ അമ്മാന മാടുന്നതു പരീക്ഷിക്കണോ?**

Printed, Published and Owned by K.Ajitha, Harithakam, Kozhikode-17
Editor : Sheeba K.M., Trishna, Ashramam Road, Kalady-683574, EKM
Email : sanghadithacalicut@gmail.com, Printed at A-one Offset Prints, Ramanattukara


# എഴുത്തവൾതുരുത്തിലെ ദൃശ്യങ്ങൾ

















# എഴുത്തവൾതുരുത്തിലെ




ഹാഫ് നേക്കഡ് ലൗവേഴ്സ് ഇൻ ദി സീ ബെഡ്



ദി ഇൻസോമ്നിആക്

കാറ്റ്സ് വാച്ചിംഗ് എക്ലിപ്സ്





ശാന്തിജയ

# ചിത്രകാരികൾ







പ്രഭാ സക്കറിയാസ്



സ്വപ്നം കണ്ട സമൃദ്ധി യാഥാർത്ഥ്യമാക്കാൻ
KSFE യുടെ
രണ്ട് അതുല്യ പദ്ധതികൾ
KSFE
ഭവനവായ്പ
75 ലക്ഷം രൂപ വരെ വായ്പ
ലളിതമായ നടപടിക്രമങ്ങൾ
പുതിയ വീട് പണിയുന്നതിനും വാങ്ങുന്നതിനും പുതുക്കിപണിയുന്നതിനും സ്ഥലം വാങ്ങുന്നതിനും വായ്പ
*നിബന്ധനകൾക്ക് വിധേയം
KSFE
സ്വർണ്ണപ്പണയ വായ്പ
കുറഞ്ഞ പലിശ.
25 ലക്ഷം രൂപ വരെ വായ്പ
പ്രത്യേക വായ്പാ കൗണ്ടറിൽ 4.30 p.m. വരെ വായ്പാ സൗകര്യം
TOMYAS
KSFE
(ഒരു കേരള സർക്കാർ സ്ഥാപനം)
ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
രജി. ഓഫീസ്: 'ഭദ്രത', മ്യൂസിയം റോഡ്, പി.ബി. നമ്പർ: 510, തൃശ്ശൂർ-20.
Ph: 0487-2332255. Fax: 0487-2336232 Email: mail@ksfe.com Website: www.ksfe.com
For branch details SMS to 537252 in the format KSFE< > your place
Toll Free Helpline: 1800 425 3455
KSFE – വളരുന്ന കേരളത്തിന്റെ വിരലടയാളം